# അനുസ്മരണം



## കെ. കോയട്ടി സാഹിബ്

കോഴിക്കോട് (മാത്തോട്ടം) ജമാഅത്തിലെ സജീവാംഗമായിരുന്ന ജനാബ് കെ. കോയട്ടി സാഹിബ് (72) ആഗസ്റ്റ് 29ന് നിര്യാതനായി. ഇന്നാലില്ലാഹി......

1964-65 കാലഘട്ടങ്ങളിൽ കോഴിക്കോട് കുറ്റിച്ചിറയിലെ ഒരു പറ്റം ചെറുപ്പക്കാർ അഹ്മദിയ്യാ ജമാഅത്തിലേക്ക് ആകൃഷ്ടരായിത്തീർന്നു. അന്നത്തെ മുസ്ലിം സാമൂഹിക ചുറ്റുപാടിൽ തികച്ചും വ്യത്യസ്ഥമായ ഒരു വിശ്വാസത്തിന്റെ തിരിച്ചറിവിലേക്ക് യുവാക്കളെ ആകർഷിച്ചുകൊണ്ടുവന്നത് 'ബാപ്പു' എന്ന പ്പേരിൽ അറിയപ്പെട്ട കെ. കോയട്ടി സാഹിബായിരുന്നു. പരന്ന വായനയും ഉയർന്ന ചിന്തയും ലളിതജീവിതവും നയിച്ചുവന്ന വിവാദതൽപ്പരനായ അദ്ദേഹം അഹ്മദിയ്യാ സിദ്ധാന്തങ്ങളുടെ ആഴത്തിലേക്കിറങ്ങിച്ചെന്ന് പ്രചാരണങ്ങളിൽ മുഴുകി. മർഹും എ.പി. കുഞ്ഞാമു സാഹിബ് ചില സ്ഥലങ്ങളിൽ നടത്തിവന്ന പഠനക്ലാസ്സുകളിലേക്ക് യുവാക്കളെ സംഘടിപ്പിച്ചുകൊണ്ടുവന്ന കാരണത്താൽ ബാപ്പു സാഹിബ് എതിരാളികളുടെ നോട്ടപ്പുള്ളിയായിരുന്നു. തന്റെ നൈസർഗ്ഗികമായ നർമ്മത്തിലൂടെ ആരേയും ആകർഷിക്കുന്ന സംസാരശൈലിയുടെ ഉടമയും കൂടിയായിരുന്നു അദ്ദേഹം. പരേതന്റെ ഭാര്യ കെ.വി. ആയിശബി. മക്കൾ : കെ. സഫർ അഹ്മദ്, സാഹിറ, ശമീറ, അനീസ് അഹ്മദ്. മരുമക്കൾ : സി.ജി. കമറുദ്ദീൻ, സി.കെ. നാസർ, സമീറ. സി., ഹൈമ വാഹിദ്.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**കെ.പി. അഹ്മദ്**



## പി.വി. മദാർമുഹമ്മദ്

പഴയങ്ങാടി ജമാഅത്തിലെ പരേതരായ പി.വി. മദാർമുഹമ്മദ് എ.ടി. ഖദീജാദമ്പതികളുടെ മകൻ ജനാബ് എ.ടി. അബ്ദുല്ല മുസ്തഫാ സാഹിബ് (78) 2010 ജൂൺ 11-ാം തിയ്യതി നിര്യാതനായി.

എരിപുരത്തെ മുസ്തഫാ ബുക്ക് കമ്പനിയുടെ സ്ഥാപകനാണ്. കൃത്യനിഷ്ഠയും സത്യസന്ധതയും പാലിച്ച അദ്ദേഹത്തിന് സമൂഹത്തിലെ നാനാവിധത്തിൽപ്പെട്ട വലിയൊരു സുഹൃദ് വലയമുണ്ടായിരുന്നു.

സത്യദൂതന്റെ ആദ്യകാല പ്രവർത്തനസംരംഭത്തിൽ ത്യാഗത്തിന്റെ വിയർപ്പുതുള്ളികൾ വീഴ്ത്തിയ മർഹൂം പി.വി. അബ്ദുള്ളത്തീഫ് സാഹിബിന്റെ മകൾ എസ്.വി. സുബൈദാ സാഹിബയാണ് പരേതന്റെ ഭാര്യ. കണ്ണൂർ ടൗണിലെ ജംബോ ബുക്ക് ഡിപ്പോയുടെയും മുസ്തഫാ ബുക്ക് കമ്പനിയുടെയും ഉടമ എസ്.വി. അബ്ദുല്ലത്തീഫ്, എസ്.വി. ഫസൽ അഹ്മദ്, എസ്.വി. റാസിക് അഹ്മദ് എന്നിവർ മക്കളാണ്.

മറ്റുമക്കൾ : റംലത്ത് ബീബി, റഹ്മത്ത് ബീബി, ശമീന. മരുമക്കൾ: എം. തയ്യിബ് അഹ്മദ് സാഹിബ് (മഞ്ചേശ്വരം), എ.പി.വി. അബ്ദുർ റഹ്മാൻ സാഹിബ് (മുൻദുബൈ അമീർ), എം. മൻസൂർ അഹ്മദ് സാഹിബ് (കണ്ണൂർ), എം. ഫരീദ (പഴയങ്ങാടി), എം. ലതിബ (കണ്ണൂർ), ദീപാ ജാസ്മിൻ (പഴയങ്ങാടി)

അല്ലാഹു പരേത്മാവിന് ജന്നത്തും മഗ്ഫിറത്തും നല്കുമാറാകട്ടെ. ■

**സി.എച്ച്. അബ്ദുശക്കൂർ**

### മുഖം നോക്കാതെയുള്ള നീതി നിർവ്വഹണം

വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്ക് തന്നെയോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളേക്കാൾ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ നീതിപാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ (സത്യം) മറച്ചുവെക്കുകയോ (അത് വെളിപ്പെടുത്താതെ) പിൻമാറുകയോ ചെയ്യുന്നതായാൽ അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിയുന്നവനാകുന്നു. *(വി. ഖു. 4:136)*

# ഖുദ്ദാമുൽ അഹ്മദിയ്യ ദക്ഷിണ മേഖലാ സമ്മേളനം

എറണാകുളം: സെപ്തംബർ 18, 19 തിയ്യതികളിൽ മൂന്നാറിൽ വെച്ച് നടന്ന ദക്ഷിണമേഖലാ ഖുദ്ദാമുൽ അഹ്മദിയ്യാ സമ്മേളനം എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്തു. യുവാക്കൾ സംസ്കരിക്കപ്പെടാതെ സമൂഹം സംസ്കരിക്കപ്പെടുകയുമില്ലയെന്നും അദ്ദേഹം പറഞ്ഞു. പ്രവാചകന്മാരാണ് സമൂഹത്തിൽ സമൂല വിപ്ലവം നടത്തിയതെന്നും അദ്ദേഹം പറഞ്ഞു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് സദർ ശബീബ് അഹ്മദ് താരീഖ് സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. സൗത്ത് ഇലാഖ ഖായിദ് ഇ.എച്ച്. നജീബ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ ജനറൽ സെക്രട്ടറി പർവേഴ്സ് മാലിക്ക് സാഹിബ് കുവൈത്ത് ജമാഅത്ത് അമീർ ഇസ്മായീൽ സാഹിബ് മൗലവി എം. നാസിർ അഹ്മദ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് 'ഗവേഷണാധിഷ്ഠിത വിദ്യാഭ്യാസവും അഹ്മദി യുവാക്കളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉന്നതനിലവാരത്തിലുള്ള ചർച്ചയും നടന്നു.



*ഖുദ്ദാമുൽ അഹ്മദിയ്യാ ദക്ഷിണമേഖലാ സമ്മേളനം എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ ഉദ്ഘാടനം ചെയ്യുന്നു. നായിബ് സദർ ഭാരത് ദക്ഷിണമേഖലാ ഖായിദ് എന്നിവർ സമീപം.*

---

*മായ വിധത്തിൽ അപലപിക്കുന്നു. വ്യക്തികളോ, ഗ്രൂപ്പുകളോ, ഭരണകൂടങ്ങളോ ആകട്ടെ അവർ നടത്തുന്ന ആക്രമണത്തിന്റെ ഏതൊരശയത്തേയും യാതൊരുവിധത്തിലും ഇസ്ലാം ന്യായീകരിക്കുന്നില്ല. ഇസ്ലാം മതത്തിന്റെ അദ്ധ്യാപനപ്രകാരം ഒരു മതവും ദൈവത്തിന്റെ പേരിൽ നിരപരാധികളായ സ്ത്രീകളേയും കുട്ടികളേയും പുരുഷന്മാരേയും ആക്രമിക്കാൻ അനുമതി നൽകുന്നില്ല. കാരണം എല്ലാ മതങ്ങളും ദൈവപ്രോക്തവും അതിന്റെ പ്രവാചകന്മാർ ലോകത്ത് സമാധാനം സ്ഥാപിക്കാൻ ദൈവം അയച്ചവരുമാണ്.'*

മനുഷ്യന്റെ ജീവിതത്തിന്റെ പവിത്രതയെ പരാമർശിച്ച് ഖുർആൻ പറയുന്നു:

***'...... ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധികളായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു..' (5:33)***

ഈ വചനം ഭീകരവാദത്തിന്റെ എല്ലാ രൂപങ്ങളേയും നിഷേധിക്കുന്നു. ഇസ്ലാംമതത്തെ അതിന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ സംവാദത്തിന് വിധേയമാക്കാൻ നാം എല്ലാ പരിഷ്കൃത സമൂഹങ്ങളേയും ക്ഷണിക്കുന്നു. അഹ് മദിയ്യാ പ്രസ്ഥാനം ഈ സമാധാനകാംക്ഷയുടെ യഥാർത്ഥ വെളിച്ചമാണ് നൽകുന്നത്. ഞങ്ങളുടെ മുദ്രാവാക്യം 'LOVE FOR ALL HATRED FOR NONE' എന്നാണ്. (എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്). ക്രിസ്തീയ സഹോദരങ്ങളോടും യഹൂദ സഹോദരങ്ങളോടും ദൈവം സൃഷ്ടിച്ച എല്ലാ മനുഷ്യമക്കളോടും ഞങ്ങളീ സന്ദേശം നൽകുന്നു.

പ്രബുദ്ധമായ സംവാദങ്ങളിലൂടെ നമുക്ക് നാഗരികതകൾ തമ്മിലുള്ള പാലം പണിയാൻ സാധിക്കും. ഇസ്ലാമിനെ സംബന്ധിച്ചും ക്രിസ്തുമതത്തെ സംബന്ധിച്ചുമുള്ള എല്ലാ തെറ്റിദ്ധാരണകളും നമുക്ക് വിപാടനം ചെയ്യാം. അങ്ങനെ നമുക്കിരുവർക്കും കൂടുതൽ സ്നേഹാർദ്രവും സൗഹൃദപൂർണ്ണവുമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാം. ■

# ഈദ് മിലൻ: സ്നേഹസംഗമമായി

കോഴിക്കോട് : ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം കോഴിക്കോട് സപ്തം.13ന് സംഘടിപ്പിച്ച ഈദ് മിലൻ സമൂഹത്തിലെ രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാരുടേയും പൗരപ്രമുഖരുടേയും സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി. സംഗമത്തിൽ കോഴിക്കോട് അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഉപക്രമപ്രസംഗം നിർവ്വഹിച്ചു.

മനുഷ്യസമൂഹം ഒരു കുടുംബമാണെന്നും ലോകത്തിലെ എല്ലാ സമൂഹങ്ങളിലും ദൈവദൂതന്മാർ അവതരിച്ചിട്ടുണ്ടെന്നും എല്ലാ മതങ്ങളും ദൈവപ്രോക്തങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. മതങ്ങൾ തമ്മിലുള്ള പരസ്പരാദരത്തിൽ കൂടിയാണ് ലോകത്ത് സമാധാനം സംജാതമാവുക. കഴിഞ്ഞ ദിവസങ്ങളിൽ പാകിസ്താനിൽ അഹ്മദികൾ ശഹീദാക്കപ്പെട്ടിട്ടും യാതൊരു പ്രതികാരവും ചെയ്യാതെ സഹനത്തിന്റെ മാർഗ്ഗം അവലംബിക്കുകയും തുടർന്ന് അവിടെയുണ്ടായ പ്രളയത്തിൽ തങ്ങളെ ദ്രോഹിച്ച സമൂഹത്തിന് സഹായഹസ്തം നീട്ടുകയും ചെയ്ത അഹ്മദികളുടെ പ്രവർത്തനം മാതൃകാപരമായിരുന്നുവെന് അമീർ സാഹിബ് ചൂണ്ടിക്കാട്ടി. തുടർന്ന് പ്രസംഗിച്ച കോഴിക്കോട് മേയർ ശ്രീ. എം. ഭാസ്കരൻ ഒരു മതവും മറ്റു മതസ്ഥരെ ദ്രോഹിക്കാൻ പറയുന്നില്ല. അഹ്മദികളുടെ പ്രവർത്തനം എല്ലാവർക്കും മാതൃകയാണെന്ന് പറഞ്ഞു. അദ്ധ്യാത്മികത കൊണ്ട് മാത്രമേ സമൂഹത്തിൽ യഥാർത്ഥ ശാന്തി കൈവരുകയുള്ളൂവെന്ന് കോഴിക്കോട് എം.പി. ശ്രീ. എം.കെ. രാഘവൻ പറഞ്ഞു. ബി.ജെ.പി. ദേശീയ നിർവ്വാഹകസമിതി അംഗം ശ്രീ ശ്രീധരൻപിള്ള പാകിസ്താനിലെ അഹ്മദിയ്യാ പീഢനങ്ങളെപറ്റി പ്രതിപാദിച്ചു. കൂട്ടക്കൊലക്ക്ശേഷവും അവിടെ പീഢനങ്ങൾ തുടരുകയാണെന്നും 197 രാജ്യങ്ങളിൽ ശാഖകളുള്ള അഹ്മദിയ്യാ ജമാഅത്താണ് ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം സംഘടനയെന്നും അദ്ദേഹം പറഞ്ഞു. മതസൗഹാർദ്ദത്തെ പറ്റിയും പരസ്പരബഹുമാനത്തെപറ്റിയും പലരും പറയാറുണ്ട്. എന്നാൽ യഥാർത്ഥ സമാധാനകാംക്ഷികൾ അഹ്മദികളാണെന്ന് ഇവിടെ വന്നപ്പോഴാണ് എനിക്ക് അറിയാൻ കഴിഞ്ഞതെന്ന് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ശ്രീ. വിജയൻ പറഞ്ഞു. തുടർന്ന് വൈ. എം.സി.എ. കോഴിക്കോട് പ്രസിഡണ്ട് ശ്രീ. വിൻസെന്റ് മോസസും പ്രസംഗിച്ചു.



*ഈദ് മിലനിൽ കോഴിക്കോട് അമീർ കെ.എം. അഹ്മദ് കോയ ഉപക്രമ പ്രസംഗം നടത്തുന്നു.*

---


*(37-ൽ നിന്ന് തുടർച്ച)*

കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ മനുഷ്യരാശിക്ക് നൽകപ്പെട്ട അതുല്യമായ ഒരു സമ്മാനമാണ്. അതിന്റെ അദ്ധ്യാപനങ്ങൾ നിറയെ സ്നേഹവും, സഹിഷ്ണുതയും, പരസ്പര ബഹുമാനവുമാണ്. അത്തരം മൂല്യങ്ങളിലൂടെ മാത്രമേ നമുക്ക് സമാധാനം പ്രാപിക്കാൻ സാധ്യമാവൂ. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് വ്യക്തമാക്കിയതും അതാണ്. അദ്ദേഹം പറഞ്ഞു:

*ലോകത്തിന് ശാന്തിയും, സ്നേഹവും സാഹോദര്യവുമാണ് ആവശ്യം. വിദ്വേഷത്തിന്റെ മതിലുകൾ തീർക്കുന്നതിന് പകരം സമാധാനം നിലനിർത്താനാണ് നാം ശ്രമിക്കേണ്ടത്. ഇത് സ്ഥാപിച്ചെടുക്കാൻ എല്ലാ മതവിശ്വാസത്തിൽപ്പെട്ടവരും കൈകോർക്കണം. ഞാൻ പറഞ്ഞത് പോലെ സംവാദം നടത്തുന്നതിൽ യാതൊരു തെറ്റുമില്ല. പക്ഷേ സമാധാനത്തിന്റേയും പരസ്പര ബഹുമാനത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കപ്പെടണം.'*

*ഇസ്ലാം എല്ലാവിധത്തിലുമുള്ള തീവ്രവാദപ്രശ്നങ്ങളും അസന്നിഗ്ദ*

# മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നായിബ് നാസിർ അഅ്ലാ



ഖാദിയാൻ: ഇന്ത്യയിലെ പ്രമുഖ മതപണ്ഡിതനും ബഹുഭാഷാപണ്ഡിതനും എഴുത്തുകാരനും മലയാളിയുമായ മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ ഖലീഫത്തുൽ മസീഹ് സദർ അഞ്ചുമൻ അഹ്മദിയ്യായുടെ നായിബ് നാസിർ അഅ്ലായും തഹ്രീകെ ജദീദ്, വഖീഫ് ജദീദ് എന്നീ പദ്ധതികളുടെ അഖിലേന്ത്യാ നിർവ്വാഹക സമിതി അംഗമായും നിയമിച്ചിരിക്കുന്നു. ഇന്ത്യയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സാരഥ്യത്തിൽ രണ്ടാം സ്ഥാനക്കാരനായി എത്തുന്ന ആദ്യ ത്തെ മലയാളിയാണ് മൗലാനാ മുഹമ്മദ് ഉമർ.

കേരളത്തിൽ 17 വർഷം ചീഫ് മിഷനറിയായി പ്രവർത്തിച്ച അദ്ദേഹം സത്യദൂതന്റെ ചീഫ് എഡിറ്റർ സ്ഥാനത്ത് 2 വർഷം പ്രവർത്തിക്കുകയുണ്ടായി.

ഇംഗ്ലണ്ട്, ഹോളണ്ട്, ജർമ്മനി, ബെൽജിയം, യു.എ.ഇ. എന്നീ നിരവധി രാജ്യങ്ങൾ സന്ദർശിച്ച മൗലാനാ സാഹിബ് 1 വർഷം ഇസ്രായേലിൽ മിഷനറിയായി പ്രവർത്തിക്കുകയുണ്ടായി. തമിഴ്നാട്, ആന്ധ്ര, ശ്രീലങ്ക എന്നിവിടങ്ങളിൽ ചീഫ് മിഷനറിയായും മൗലാനാ സാഹിബ് സേവനം ചെയ്തിട്ടുണ്ട്. ബഹുഭാഷ പണ്ഡിതനായ മൗലവി സാഹിബ് മലയാളത്തിലും തമിഴിലും തർജ്ജമകൾ ഉൾപ്പെടെ ഇരുപത്തഞ്ചോളം കൃതികൾ രചിച്ചിട്ടുണ്ട്. മലയാളത്തിൽ ഈസാനബി(അ)യുടെ മരണം, ഖാത്തമുന്നബിയ്യീൻ, ഇശാഅത്തെ ഇസ്ലാമിയുടെ ആക്ഷേപങ്ങൾക്ക് മറുപടി. ഇമാം മഹ്ദി വെളിപ്പെട്ടു, ആധുനിക ക്രിസ്തുമതത്തിന്റെ യാഥാർത്ഥ്യം, ഇസ്ലാം വിജ്ഞാനകോശത്തിനു മറുപടി, അഹ്മദിയ്യാ ഖിലാഫത്ത് ഒരു അവലോകനം മുതലായവയാണ്.

നൂഹിന്റെ പേടകം, നമ്മുടെ അദ്ധ്യാപനങ്ങൾ, ലാഹോർ പ്രഭാഷണം, ആത്മീയ പ്രകാശം എന്നിവ തർജ്ജമകളാണ്. തമിഴ്ഭാഷയിൽ രചനകൾ : ഇസ്ലാമും ശ്രീശങ്കരാചാര്യസ്വാമികളും, ഇമാം മഹ്ദിയും വെളിപ്പെട്ടു, നേർവഴി ഏതാണ്, അല്ലാഹുവിന്റെ വിധി അവസാന വിധി തുടങ്ങിയവയാണ്. ടീച്ചിംങ്സ് ഓഫ് ഇസ്ലാം ഖാത്തമുന്നബുവ്വത്തിന്റെ യാഥാർത്ഥ്യം മുതലായ പുസ്തകങ്ങൾ അദ്ദേഹത്തിന്റെ തമിഴ് പരിഭാഷകളാണ്.

1954ൽ ഖാദിയാനിൽ വിദ്യാർത്ഥിയായി ചേർന്ന മൗലവി സാഹിബ് മദ്റസാ അഹ്മദിയ്യായിൽ ഒന്നരവർഷം അദ്ധ്യാപകനുമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പോളക്കന്റകത്ത് ഇബ്രാഹിം സാഹിബിന്റെയും ഹലീമാബീവിയുടെയും മകനായി കണ്ണൂരിൽ ജനിച്ച മൗലാനാ മുഹമ്മദ് ഉമർ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചതും കണ്ണൂരിലാണ്. ■




കരുളായി ദാറുസ്സിദ്ഖിൽ നടന്ന മലപ്പുറം മേഖല ജമാഅത്ത് ഭാരവാഹികൾക്കുള്ള പ്രെഷർകോഴ്സിൽ നാസിർ ഇസ്ലാഹ്-ഒ-ഇർശാദ് മൗലാനാ മുനീർ അഹ്മദ് ഖാദിം സംസാരിക്കുന്നു. സമീപം മലപ്പുറം അമീർ മുഹമ്മദ് അലി മാസ്റ്റർ.

---

രമ്പിൽ നിന്നുകൊണ്ടായിരിക്കണം' യു.കെ. അഹ്മദിയ്യാ അസോസിയേഷൻ പ്രസിഡണ്ട് റഫീഖ് ഹയാത്ത് പറഞ്ഞു. ഇവിടെ നാം കാണുന്നത് വിദ്വേഷപ്രചാരണമാണ്. ഇതിനെ തുടർന്ന് ന്യൂയോർ ക്കിലെ ഗ്രൗണ്ട് സീറോക്കരികിലെ പള്ളി നിർമ്മാണം മാറ്റിവെച്ചത് മുസ്ലിംകൾക്കു മാത്രമല്ല മറ്റെല്ലാ വിഭാഗം വിശ്വാസികൾക്കും ദുഃഖവും വ്യസനവും ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ■

## വാർത്തകൾ

# അയർലണ്ടിൽ മസ്ജിദ് മർറിയത്തിന് തറക്കല്ലിട്ടു

അയർലണ്ട് സെപ്തംബർ 17: അയർലണ്ടിലെ ഗൽവേയിൽ അഹ് മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമ്മിക്കുന്ന പള്ളിക്ക് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് തറക്കല്ലിട്ടു. തുടർന്ന് ഹുസൂർ തിരുമനസ്സിന്റെ ധർമ്മ പത്നി ഹദ്റത്ത് ബീഗം സാഹിബയും മറ്റു പ്രമുഖ വ്യക്തികളും തറക്കല്ലിടൽ ചടങ്ങ് നിർവ്വഹിച്ചു. അതിന് മുമ്പ് ഖലീഫത്തുൽ മസീഹ് ഗൽവേയിൽ വെച്ച് ജുമാ നമസ്കാരവും ഖുത്ബയും നടത്തുകയുണ്ടായി.



*ഖലീഫത്തുൽ മസീഹിന്റെ ധർമ്മപത്നി ഹദ്റത്ത് ബീഗം സാഹിബ മസ്ജിദ് മർറിയത്തിന് തറക്കല്ലിടുന്നു. ഖലീഫത്തുൽ മസീഹ് സമീപം.*

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി അയർലണ്ടിലെ ഗൽവേയിൽ അഹ് മദികൾ താമസിച്ചു വരികയാണ്. 1989ൽ ജമാഅത്തിന്റെ ശതാ ബ്ദി വർഷത്തിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ഇവിടം സന്ദർശിച്ചിരുന്നു. നൂറുക്കണക്കിന് അഹ്മദികൾ പരിപാടിയിൽ സംബന്ധിച്ചു. ഗൽവേയിലെ ബിഷപ്പ് ഡോ: മാർ ട്ടിൻ സനാനും മറ്റു നിരവധി പ്രമുഖ രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാരും പരിപാടിയിൽ സംബന്ധിച്ചു.

■

# ഖുർആൻ കത്തിക്കൽ അപലപിച്ചു: ബി.ബി.സി. ന്യൂസ്.

അമേരിക്കൻ സുവിശേഷകൻ പാസ്ചർ ടെറി ജോൺസിന്റെ ഖുർആൻ കത്തിച്ചുകൊണ്ട് വിദ്വേഷ പ്രചരണം നടത്തുന്ന നിലപാടിനെ അഹ്മദിയ്യാ ഇമാം അപലപിക്കുകയുണ്ടായി.

തീവ്രവാദം ഒരു മതത്തിന്റേയും യഥാർത്ഥത്തിലുള്ള പ്രകാശനമല്ലെന്ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു. വെള്ളിയാഴ്ച ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ വെച്ച് നടത്തിയ പ്രസംഗത്തിലാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത്. പാസ്റ്റർ ടെറി ജോൺസന്റെ പ്രസ്താവനക്കെതിരെ അഫ്ഗാനിസ്ഥാനിൽ വമ്പിച്ച പ്രതിഷേധപ്രകടനം നടക്കുകയുണ്ടായി. ഫ്ളോറിഡയിലെ തന്റെ സ്വന്തം ചർച്ചിൽ വെച്ച് ഖുർആൻ കത്തിക്കാനുദ്ദേശിക്കുന്നില്ലെന്ന് അദ്ദേഹം പിന്നീട് പറഞ്ഞു.

ഈ പ്രസ്താവന ഇസ്‌ലാമിനോടുള്ള അവഹേളനമായിരുന്നുവെന്ന് അഫ്ഗാൻ പ്രസിഡ ണ്ട് ഹമീദ് കർസായി പറഞ്ഞു. അഫ്ഗാനിസ്ഥാൻ വടക്ക് കിഴക്കൻ ഭാഗത്തെ ഒരു നാറ്റോ പട്ടാള ക്യാമ്പിനരികെ നടന്ന പ്രക്ഷുബ്ധമായ പ്രകടനത്തിന് നേരെയുണ്ടായ വെടിവെപ്പിൽ മൂന്ന് പേർ മരിച്ചു. ഇത്തരം പ്രസ്താവനകൾ അൽഖായിദയിലേക്ക് ആളെ റിക്രൂട്ട് ചെയ്യാൻ മാത്രമേ സഹായിക്കുവെന്ന് അമേരിക്കൻ പ്രസിഡണ്ട് ബാറക്ക് ഒബാമ പറഞ്ഞു.

ടെറി ജോൺസിന്റെ പ്രസ്താവനയെ അപലപിച്ചുകൊണ്ടുള്ള മസ്റൂർ അഹ്മദിന്റെ പ്രസംഗസ്ഥലത്ത് നിരവധി പോലീസുകാരുടെ സാന്നിധ്യമുണ്ടായിരുന്നു. 'ധാരാളം ക്രിസ്തീയ സഭകൾ തന്നെ ടെറി ജോൺസിന്റെ പ്രസ്താവനയെ അപലപിക്കുകയുണ്ടായി. ധൈഷണികമായും ദൈവശാസ്ത്രപരവുമായ സംവാദങ്ങൾ സംഘടിപ്പിക്കുന്നതിൽ യാതൊരു തെറ്റുമില്ല. പക്ഷേ അത് മാന്യതയുടെ അതിർവ

ടെ ഭാഗമായ ഇവിടുത്തെ തേനീച്ചകൾ നിർമ്മിച്ചിരുന്ന തേൻ ചെറുകിട കർഷകർ ശേഖരിച്ചായിരുന്നു ഇന്ത്യയിലെ തേൻവിപണിയിൽ വിറ്റഴിച്ചിരുന്നത്. ഈ രംഗത്തേക്ക് വൻമുതൽമുടക്കുമായി വലിയ കമ്പനികൾ വന്നതോടെയാണ് പ്രശ്നങ്ങളുണ്ടായത്. വൻ കിട ഉല്പാദനം ലക്ഷ്യമാക്കി കൃത്രിമമാർഗ്ഗങ്ങളിലൂടെ തേനീച്ചയുടെ സ്വാഭാവികജീവിതത്തെ അവർ തകിടം മറിച്ചു. ഇന്ത്യൻ പരിസ്ഥിതിയുമായി അഭേദ്യമായി ബന്ധപ്പെട്ട നമ്മുടെ തേനീച്ചകളെ മാറ്റി പകരം യൂറോപ്പിൽ നിന്നും കൂടുതൽ ഉല് പാദനശേഷിയുള്ള തേനീച്ചകളെ ഇറക്കുമതി ചെയ്തു. ഇത് ഇന്ത്യൻ തേനീച്ചകളുടെ ജൈവവൈവിധ്യത്തെ വമ്പിച്ചതോതിൽ പ്രതികൂലമായി ബാധിച്ചു. അവയിൽ പലയിനങ്ങളും കൂട്ടത്തോടെ അപ്രത്യക്ഷമാവാൻ തുടങ്ങി. പുതിയ ഇന്ത്യൻ സാഹചര്യത്തിൽ വിദേശീയരായ യൂറോപ്യൻ തേനീച്ചകൾക്ക് പല പ്രതിക്കൂലാവസ്ഥകളേയും തരണം ചെയ്യേണ്ടതുണ്ടായിരുന്നു. അവക്ക് രോഗവും നാശവും സ്വാഭാവികമായിരുന്നു. അത് തടയാനും കൂടുതൽ തേൻ ഉല്പാദിപ്പിക്കാനും വേണ്ടി ശക്തമായ ആന്റിബയോട്ടിക്കുകൾ പഞ്ചസാര ലായനിയിൽ കലർത്തി തേനീച്ചകൾക്ക് ഭക്ഷിക്കുവാൻ നൽകുകയാണ് തേൻ ഉൽപാദക കമ്പനികൾ ചെയ്യുന്നത്. ഈ ആന്റിബയോട്ടിക്കുകൾ മാരകമായ തോതിൽ തേനീച്ചയുടെ ശരീരത്തിൽ നിന്നും തേനിലും കലരുന്നു. ആംപിസിലിൻ, എൺറോപ്ളോത് സാക്കോസിൻ, എരിത്രോമൈസിൻ, സീഫ്രോ ഫോളാക്സിസിൻ തുടങ്ങിയ സാധാരണ ആന്റിബയോട്ടിക്കുകൾക്ക് പുറമേ കർശനമായി നിരോധിക്കപ്പെട്ട ക്ലോറാംഫെനിക്കോൾ പോലും തേനിൽ കണ്ടെത്തിയിട്ടുണ്ട്. ഇവ ക്രമേണ തേനീച്ചയുടെ ആരോഗ്യത്തേയും ജനിതകഘടനയേയും ബാധിച്ച് കൂട്ടനാശത്തിന് കാരണമാവുകയും ചെയ്യും.

ഇന്ത്യൻ തേനിൽ അമിതമായ തോതിൽ ആന്റിബയോട്ടിക്കുകൾ ഉള്ളതിനാൽ ഇന്ത്യൻ കമ്പനികളുടെ തേൻ 27 അംഗരാജ്യങ്ങളുള്ള യൂറോപ്യൻ യൂണിയൻ നിരോധിച്ചതാണ്. നമ്മുടെ രാജ്യത്ത് അത്തരം നിയമങ്ങളോ പരിശോധനസമ്പ്രദായമോ ഫലപ്രദമായ നടപടികളോ ഇല്ലാത്തത് കാരണം ഇവിടെ ഇത്തരം മലിനീകരണങ്ങളും മായങ്ങളും സുഖമായി തുടരുകയാണ്.

ഇത്തരം കൃത്രിമമാർഗ്ഗങ്ങളും സൈബർയുഗത്തിൽ ഇലക്ട്രോമാഗ്നറ്റിക്ക് തരംഗങ്ങളുടെ അതിപ്രസരവും തേനീച്ചകളുടെ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്നു. അമേരിക്കയിൽ ഇത്തരത്തിലുണ്ടായ തേനീച്ചകളുടെ കൂട്ടനാശത്തെ പറ്റി പ്രമുഖ ഗാർഡനിങ്ങ് എഴുത്തുകാരി, സാലി ഓഡം ഇന്റർനെറ്റിൽ എഴുതിയ 'The Honey Bee Crisis of 2007' എന്ന ലേഖനത്തിൻ പറയുന്നു. അമേരിക്കയിലെ തേനീച്ചകളുടെ 40 മുതൽ 60 ശതമാനം വരെ 2005ലെമഞ്ഞുകാലത്ത് നശിച്ചൊടുങ്ങി. ഇത് അമേരിക്കൻ തേൻ ഉല്പാദകരംഗത്തും കാർഷികരംഗത്തും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കിയെന്ന് അവർ ലേഖനത്തിൽ പറയുന്നു. പല ഷഡ്പദങ്ങളും സസ്യപരാഗണത്തിൽ പങ്കെടുക്കുമെങ്കിലും 80 ശതമാനം പരാഗണം നടത്തുന്നത് തേനീച്ചകളാണ്. ലോകഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ തേനീച്ചകൾ നിർവ്വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

വികസനവും വ്യവസായവും പ്രകൃതിയുടെ ജൈവസ്പന്ദനങ്ങളെയും സന്തുലനത്തേയും ഹനിച്ചുകൊണ്ടാവരുത്. കാരണം പ്രകൃതിയുടെ സ്വഛമായ സന്തുലനവ്യവസ്ഥ പരമജ്ഞാനിയായ ദൈവം നൽകിയതാണെന്ന് നാം ഓർക്കണം. അതിനെ തകിടം മറിക്കുന്നത് വിപത്തുകൾ ക്ഷണിച്ചുവരുത്തും. ഖുർആൻ പറയുന്നു: '**നിങ്ങൾ സന്തുലനത്തിൽ അതിലംഘിക്കരുത്.**" (55:9)

ദൈവം കനിഞ്ഞരുളിയ പ്രകൃതിയുടെ ദാനങ്ങളെ മനുഷ്യന്റെ ആർത്തി പൂണ്ട കൈകൾ കൊണ്ട്, ഞെക്കിപ്പിഴിഞ്ഞ് നശിപ്പിക്കുന്നത് ശരിയല്ല. കഥയിലെ പൊൻമുട്ടയിടുന്ന താറാവിനെ കൊന്ന കർഷകന്റെ ദുരന്തം മനുഷ്യനെ ബാധിക്കാതിരിക്കട്ടെ.

---

*(32-ൽ നിന്ന് തുടർച്ച)*

*പ്രകാശനമല്ല. തീർച്ചയായും ഒരുപാട് ക്രിസ്തീയസഭകൾ ഈ പ്രവർത്തനത്തെ അപലപിച്ചിട്ടുണ്ട്. വൈഷണികവും ദൈവശാസ്ത്രപരവുമായ സംവാദങ്ങൾ സംഘടിപ്പിക്കുന്നതിൽ യാതൊരു അപകടവുമില്ല. പക്ഷേ ഇത് മാന്യതയുടെയും സഹിഷ്ണുതയുടേയും അതിരുകളിൽ നിന്ന് വേണം സംഘടിപ്പിക്കുക. അതിനുപകരം ഇക്കാണുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ വിദ്വേഷമാണ് പ്രചരിപ്പിക്കുക.'*

ഇസ്ലാം മതത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ചില മുസ്ലിം നാമധാരികൾ നടത്തുന്ന പ്രവർത്തനങ്ങളിൽ അഹ്മദിയ്യാ മുസ്ലിം സമൂഹം എപ്പോഴും അവരുടെ ആശങ്കയും അതൃപ്തിയും അറിയിച്ചിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ നടത്തുന്ന മുസ്ലിംകൾ ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ

*(ശേഷം 40-ൽ)*

കുറിപ്പുകൾ

മുസാഫിർ

# രോഗശമിനി രോഗകാരിയാവുന്നു

**നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യൻ കെട്ടിയുണ്ടാക്കുന്ന പന്തലിൽ നിന്നും ചിലയിടങ്ങളിൽ നീ കൂടുകളുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. അവയുടെ വയറുകളിൽനിന്ന് വിവിധ വർണ്ണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്. (വിശുദ്ധ ഖുർആൻ 16:69,70).**

ദൈവം 'വഹ്‌യ്' (ദൈവിക ബോധനം)ലൂടെ ബന്ധപ്പെടുന്ന പ്രകൃതിയിലെ അത്ഭുതജീവിയാണ് തേനീച്ച. അത്യധികം സ്നേഹ വാൽസല്യത്തോടെയാണ് ദൈവം തന്റെ കൊച്ചുപ്രാണിയെപറ്റി പറയുന്നത്. ഭൂമിയിലെ പ്രസൂനരാശികളിലുള്ള മധുരക്കലവറകളിൽ നിന്നും മധു ശേഖരിച്ച് മനുഷ്യന് പോഷണവും രോഗശമനവുമടങ്ങിയ തേൻ ദാനം ചെയ്യുന്ന തേനീച്ചയുടെ ജീവിതചക്രത്തിലേക്ക് ആർത്തി പൂണ്ട മനുഷ്യന്റെ കരാളഹസ്തങ്ങൾ നടത്തിയ കൊടിയ പാതകങ്ങളുടെ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നിരിക്കുന്നു. ചെറുകിട കർഷകനെ മാറ്റി തേൻ ഉല്പാദക രംഗത്ത് ലാഭക്കൊതിയോടെ കടന്നുവന്ന വൻകിട തേൻ ഉല്പാദക കമ്പനികളാണ് തേനീച്ചയുടെ ജൈവ വ്യവസ്ഥയെതന്നെ ആകെ അട്ടിമറിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നത്. തേനീച്ചകൾക്ക് രോഗം വരാതിരിക്കാനും കൂടുതൽ തേൻ ഉല്പാദിപ്പിക്കാനും തേനീച്ചകളെക്കൊണ്ട് അത്യധികം ആന്റിബയോട്ടിക്കുകൾ തീറ്റിച്ചുകൊണ്ടാണ് അവർ ഈ പാതകം ചെയ്യുന്നത്.

2010 സെപ്തംബർ മദ്ധ്യത്തിൽ 'സെന്റർ ഫോർ സയിൻസ് ആന്റ് എൻവയർമെൻറ്' (CSE) എന്ന ശാസ്ത്രബോധന സംഘടന അവരുടെ മലിനീകരണ നിരീക്ഷണ ലാബറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് ഈ വസ്തുത കണ്ടെത്തിയത്. ഇന്ത്യൻ കമ്പോളത്തിലുള്ള 12 വൻകിട കമ്പനികളുടെ ബ്രാൻഡിലുള്ള തേനിൽ ആരോഗ്യത്തിന് അപകടകരാംവിധം ആന്റിബയോട്ടിക്കുകളുടെ അളവുകൾ ഉള്ളതായിട്ടാണ് അവരുടെ പഠന റിപ്പോർട്ട്. പൊതുതാല്പര്യത്തെയും പാരിസ്ഥിതിക സന്തുലനത്തേയും മുൻനിർത്തി ജനങ്ങളിൽ ശാസ്ത്ര അവബോധവും വിജ്ഞാനവും പകരുന്ന അന്തർദ്ദേശീയ സംഘടനയാണ് സെന്റർ ഫോർ സയിൻസ് ആന്റ് എൻവയർമെൻറ് (CSE). അവരുടെ ഇന്ത്യൻ ചാപ്റ്ററാണ് ഈ വിവരം പുറത്ത് വിട്ടത്. ഇന്ത്യൻ വിപണിയുടെ 75 ശതമാനം കൈയ്യടക്കിയ ഡാബർ, ഹിമാലയൻ വനത്തിലെ തേൻ എന്ന് പറഞ്ഞു വിൽക്കുന്ന ഹിമാലയൻ ഡ്രഗ് കമ്പനി, ഇന്ത്യയിലെ ഏറ്റവും പഴയ ആയുർവേദ കമ്പനിയായ പതഞ്ചലി, ഖാദി ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള തുടങ്ങിയ തേൻ ഉല്പാദക കമ്പനികളുടെ തേനിലും ഇന്ത്യൻ വിപണിയിൽ സുലഭമായ സ്വിറ്റ്സർലണ്ട്, ആസ്ത്രേലിയ എന്നീ വിദേശകമ്പനികളുടെ തേനുകളുമാണ് CSE പരിശോധിച്ചത്. അതിൽ 'ഹിതകാരി' കമ്പനിയുടേത് ഒഴികെ മറ്റെല്ലാ കമ്പനിയുടെ തേനിലും ആന്റിബയോട്ടിക്ക് മാലിന്യമുണ്ട്. ആന്റിബയോട്ടിക്കുകൾ കലർന്ന തേൻ നിരന്തരം കഴിച്ചാൽ കിഡ്നി, കരൾ, എല്ല്, പല്ല്, രക്തം മുതലായവയെ ബാധിക്കുന്ന പല രോഗങ്ങൾക്കും കാരണമാകും. കുഞ്ഞുങ്ങൾക്ക് അവ മാരകമായി ബാധിക്കാനുള്ള സാധ്യതയേറെയാണെന്ന് CSEയുടെ പഠനങ്ങളിൽ പറയുന്നു. ചുരുക്കത്തിൽ രോഗശമനത്തിന്നായി ദൈവം നൽകിയ തന്നെ മനുഷ്യൻ രോഗദായകമാക്കി മാറ്റിയിരിക്കുന്നു.

നമ്മുടെ ജൈവപരിസ്ഥിതിയു

യിരിക്കണം ഇത്തരം വിശുദ്ധ മന്ദിരങ്ങൾ കെട്ടിപൊക്കേണ്ടത്. ചിരപുരാതന വും പാവനവുമായ ഭാരതീയ ഇതിഹാസങ്ങളിൽ, താൻ വിശ്വസിച്ച ആദർശത്തിനുവേണ്ടി സിംഹാസനം വലിച്ചെറിഞ്ഞ മഹാപരിത്യാഗിയായ പുണ്യാത്മാവാണ് ശ്രീരാമൻ. തീർച്ചയായും അദ്ദേഹം മുഹമ്മദ് നബി(സ)യെപ്പോലെ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സഹസ്രാബ്ദങ്ങൾക്ക് ശേഷവും ജനകോടികളുടെ ഹൃദയങ്ങളിൽ ആത്മീയജീവിതം നയിക്കാനുള്ള പ്രചോദനമായി ആ മഹാത്മാവ് കുടിക്കൊള്ളുന്നത് ഈ ദിവ്യത്വം നിമിത്തമാണ്. പക്ഷേ കഴിഞ്ഞ അറുപത് വർഷമായി വിവാദ ക്കൊടുംങ്കാറ്റുകളും രക്തച്ചൊരിച്ചിലും നടത്തി ആ പുണ്യാത്മാവിന്റെ പേരിൽ ഈ രാജ്യത്തുണ്ടായ കലാപങ്ങളുടേയും കുഴപ്പങ്ങളുടേയും ഓരോ കാൽവെപ്പും നീതിക്കും സത്യത്തിനും വേണ്ടിയായിരുന്നുവെന്ന് ഈ രാജ്യത്തിന്റെ മഹിതപാരമ്പര്യമോർത്തെങ്കിലും സംഘ് പരിവാർ ചിന്തിക്കേണ്ടിയിരിക്കുന്നു. സ്വന്തം മതസ്ഥരെപ്പോലെ അന്യമതസ്ഥരുടെ ഹൃദയങ്ങളിലും ആദർശത്തിന്റെയും സാത്വികജീവിതത്തിന്റെയും ആൾരൂപമായ ശ്രീരാമചന്ദ്രനെക്കുറിച്ച് മതിപ്പും ബഹുമാനവും ഉണ്ടാക്കാൻ ഇത്തരം കോലാഹലങ്ങൾക്ക് കഴിയില്ല എന്ന് ഹിന്ദുമതത്തെ സ്നേഹിക്കുന്നവർ തിരിച്ചറിയണം.

നമ്മുടെ പുണ്യപുരാതനമായ ഈ ഭാരതം യുഗങ്ങളായി മതസഹിഷ്ണുതയുടേയും മതസൗഹാർദ്ദത്തിന്റേയും മാതൃകാസമൂഹമായി വർത്തിക്കുന്നു. മറ്റേതൊരു രാജ്യത്തേക്കാളും നിരവധി മതങ്ങളുടെ മാതൃഭൂമിയും വളർത്തുഭൂമിയുമാണ് ഭാരതം. ഭൂതലത്തിൽ മറ്റൊരിടത്തും ഇത്തരത്തിലുള്ള മതപാരമ്പര്യവും വൈവിധ്യങ്ങളുമില്ല. യുഗങ്ങളായി നിലനിൽക്കുന്ന അനർഘമായ ആ പുണ്യപാരമ്പര്യം വരും തലമുറക്കും നാം കൈമാറേണ്ടതുണ്ട്. നീതിയുടേയും സത്യത്തിന്റേയും സ്നേഹത്തിന്റേയും ശക്തമായ അടിത്തറയിൽ മാത്രമേ ഇത്തരം ചരിത്രധർമ്മങ്ങൾ നമുക്ക് നിർവ്വഹിക്കാനാവൂ. മതവൈവിധ്യങ്ങളുള്ള നമ്മുടെ രാജ്യത്തെ ദൈവം ഒരു ക്ഷേമരാജ്യമാക്കി മാറ്റട്ടെ. ■

---

(30-ൽ നിന്ന് തുടർച്ച)

അയാൾക്ക് പൊറുത്തുകൊടുക്കില്ല എന്നും, വീണ്ടും അയാൾക്ക് നേർമാർഗ്ഗം പ്രാപിക്കാൻ സാധിക്കില്ല എന്നുമാണ് അല്ലാഹു പറയുന്നത്. അവിശ്വാസിയായി ഈ ലോകത്ത് ജീവിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യമാണ് അല്ലാഹു നൽകുന്നത്. ഇത് രണ്ട് പ്രാവശ്യം ഇസ്ലാമിൽ വന്ന് പോയ ആൾക്കാണെന്നും നാം മനസ്സിലാക്കണം. അയാളെ കൊല്ലാൻ അല്ലാഹു കൽപിച്ചിട്ടില്ല.

എന്നാൽ മൗദൂദിയുടെ ഭാഷയിൽ ചിന്തിച്ചാൽ ഒരാൾ ഇസ്ലാം സ്വീകരിച്ചിട്ട് അയാൾ അത് ഉപേക്ഷിച്ചാൽ അയാളെ കൊന്നുകളഞ്ഞാൽ പിന്നെ അല്ലാഹു പറഞ്ഞത്പോലെ പിന്നെയും ഇസ്ലാം സ്വീകരിക്കാൻ അയാൾക്കു അവസരം എവിടെ? അതുകൊണ്ട് തന്നെ മൗദൂദിയുടെ ഈ സിദ്ധാന്തം ഈ ആയത്തിന്റെ മുമ്പിൽ തകർന്ന് തരിപ്പണമാകുന്നു.

മറ്റൊരായത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നു:

**"തീർച്ചയായും നാം അവന് വഴി കാണിച്ച് കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു."** (76:3)

മനുഷ്യന് മുമ്പിൽ ഹിദായത്തിന്റെ നിവേദനം സമർപ്പിച്ചുകൊണ്ട് സ്വീകരിക്കാനും; തിരസ്കരിക്കാനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യമാണ് അല്ലാഹു നൽകിയിരിക്കുന്നത്. ഇതാണ് ഇസ്ലാമിന്റെ സൗന്ദര്യം. അല്ലാഹുവിന്റെ ഗുണമഹിമയും ഇത് തന്നെയാണ്.

'മൗദൂദി'യുടെ രചനകൾ കേരളക്കരയിലെ ജമാഅത്തെ ഇസ്ലാമിക്കാർ മനസ്സിരുത്തി തെളിവുകൾ പരിശോധിച്ച് വായിക്കാൻ തയ്യാറാവുകയാണെങ്കിൽ, പ്രസ്ഥാന സ്ഥാപകൻ ഇസ്ലാമിന്റെ പേരിൽ ചെയ്ത വ്യാജ ഇടപെടലുകൾ അവർക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു.

'തഫ്ഹീമുൽ ഖുർആ'ന്റെ മദ്ഹ് പറഞ്ഞുകൊണ്ടിരിക്കുന്ന പ്രബോധനത്തിനോട് ഞങ്ങൾക്ക് പറയുവാനുള്ളത് 'മൗദൂദി'യുടെ മേൽ ഗ്രന്ഥം നിങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക. വായനക്കാർ വിലയിരുത്തട്ടെ. വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ട പ്രമാണമാണ് നാം ചർച്ച ചെയ്തത്. വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനത്തിന് വിരുദ്ധമായി നബിതിരുമേനി(സ)യും തിരുസഖാക്കളും ഒരു വാക്കുപോലും പറയില്ലെന്നത് വ്യക്തമാണല്ലോ.

ഇസ്ലാമിനന്യമായതും, വിരുദ്ധമായതുമായ ഒരു നിയമം ഇസ്ലാമിന്റെ പേരിൽ, അതും ഇസ്ലാമിക പണ്ഡിതനെന്നവകാശപ്പെടുന്ന മൗദൂദി എഴുതിപ്പിടിപ്പിച്ചത് അദ്ദേഹത്തിന്റെയും പ്രസ്ഥാനത്തിന്റെയും 'രഹസ്യ അജണ്ട'യായി മനസ്സിലാക്കാൻ പ്രയാസമില്ല. ഇസ്ലാമിക നിയമവുമായി അതിന് യാതൊരു ബന്ധവുമില്ല. (തുടരും) ■

യിരം വർഷത്തിനുശേഷം ഇന്നും ഫലസ്തീനിൽ രക്തം ചിന്തുന്നു. കോടതികൾ വിശ്വാസത്താൽ നീതി കരിക്കപ്പെടുന്ന ഈ വഴിക്കാണോ ചിന്തിച്ചത്?

മാപ്പിന്റേയും വിട്ടുവീഴ്ചയുടേ യും മാർഗ്ഗം സ്വീകരിച്ച് ഹൃദയ ത്തിൽ പകയും വിദ്വേഷവും അതൃ പ്തിയും ഇല്ലാത്ത രീതിയിൽ മധ്യ സ്ഥന്മാർ മുഖേന അനുരഞ്ജന ത്തിലൂടെയായിരുന്നു ഈ പ്രശ്നം പരിഹരിക്കേണ്ടത് എന്ന് തോന്നു ന്നു. കോടതികളുടെ വ്യവസ്ഥാപി തവും അസന്നിഗ്ദവും വസ്തുനി ഷ്ഠാപരവുമായ നിയമരീതികളും തുടർന്നുണ്ടാകുന്ന വിധിന്യായവും ഏറ്റവു സത്യസന്ധമായിരിക്കുന്നതി നാൽ തന്നെ കയ്പേറിയതായിരി ക്കും. അതുണ്ടാക്കുന്ന പ്രത്യാഘാ തങ്ങൾ വീണ്ടും സ്ഥിതി സങ്കീർണ്ണ മാക്കും. അനുരഞ്ജനമാർഗ്ഗത്തി ലുള്ള പരിഹാരത്തിന് ജനകീയമാന ങ്ങളുള്ള ഗവൺമെന്റുകളോ, മറ്റു മാനവീയ ഏജൻസികളോ ആദര ണീയരായ വ്യക്തികളോ ആയി രുന്നു മുന്നോട്ടു വരേണ്ടത്. ഒരു വേള കോടതിയും കാര്യബോധ മുള്ള ചിലരും ഇത് സംബന്ധമായി ഇത്തരം അഭിപ്രായങ്ങൾ പ്രകടിപ്പി ക്കുകയും ആ വഴിക്കുള്ള ശ്രമ ങ്ങൾ നടത്തിനോക്കുകയും ചെ യ്തിട്ടുണ്ട് എന്നത് ശരി തന്നെ. പക്ഷേ ഭരണക്കൂടങ്ങളടക്കം ആരും തന്നെ ആത്മാർത്ഥമായി അത്തരം ശ്രമങ്ങൾ ഫലപ്രദമായി നിർവ്വ ഹിച്ചിട്ടില്ല എന്നത് ദൗർഭാഗ്യകരമാ ണ്. തീർച്ചയായും പ്രശ്നത്തിന്റെ ലാഭനേട്ടങ്ങളിൽ മാത്രം തല്പരരായ ഇന്ത്യയിലെ രാഷ്ട്രീയക്കാരിൽ നിന്നും ഇത്തരത്തിലുള്ള ധാർമ്മിക നിലപാടുകൾ പ്രതീക്ഷിച്ചു കൂട. കോടതികൾ ഇത്തരം പ്രശ്നങ്ങ ളിൽ നിയമപ്രക്രിയകൾക്കൊടു വിലാണ് വിധി പ്രസ്താവന നട ത്തുക. കുറ്റമറ്റരീതിയിൽ അത്യന്തം ശാസ്ത്രീമായും നീതിയും പ്രമാണ ങ്ങൾ അനുശാസിക്കുന്ന വിധവുമാ യിരിക്കണം അവ പ്രകടിപ്പിക്കുക. പൗരന്മാർ സർവ്വാത്മനാ അത് അം ഗീകരിക്കുന്നു. അംഗീകരിക്കാനാ കാത്തത് മേൽ കോടതികളിൽ ചോ ദ്യം ചെയ്യാനും അനുവാദമുണ്ട്. എങ്കിലും കോടതിവിധികളിലുണ്ടാ വുന്ന അയുക്തികമായ വിശകലന ങ്ങളും പ്രസ്താവങ്ങളും പ്രമാണിക സമ്പ്രദായത്തിൽ നിന്നും വ്യതിച ലിച്ചുകൊണ്ടുള്ള രീതികളും ആശ യക്കുഴപ്പങ്ങൾക്കും അസ്വസ്ഥത കൾക്കും കാരണമാവും. നീതിപീ ഠങ്ങളുടെ പവിത്രത യെയും വിശ്വാ സ്യതയേയും അത് സാരമായി ബാ ധിക്കുന്നു. പ്രത്യേകിച്ച് ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഇത്തരം അപൂർവ്വ കേസുകളിലെ വിധികളി ലുണ്ടാവുന്ന പിഴവുകൾ കൂടുതൽ ശ്രദ്ധിക്കപ്പെടും.

തെളിവുശാസ്ത്രത്തിന്റേയും വസ്തുനിഷ്ഠവും അക്കാദമീയവു മായ പ്രാമാണികരീതി അവംബി ക്കാതെ ബാബരി മസ്ജിദ് കേസിൽ ജസ്റ്റിസ് ധരംവീർ ശർമ നടത്തിയ അത്തരം ചില പരാമർശങ്ങൾ ഒഴി വാക്കിയിരുന്നെങ്കിൽ ഈ വിധി കൂ ടുതൽ സ്വീകാര്യമാകുമായിരുന്നു. ഇതിഹാസ പുരുഷനായ ശ്രീരാമൻ ജനിച്ചത് ബാബരി മസ്ജിദിന്റെ താഴി കക്കുടത്തിന് കീഴെയുള്ള സ്ഥല ത്താണ്, ഇഷ്ടമുള്ളപ്പോൾ ആഗ്രഹി ക്കുന്ന സ്ഥലത്ത് ജന്മമെടുക്കാനും ഇഷ്ടമുള്ള രൂപം കൈവരിക്കാനും ഈശ്വരനു കഴിയും, ശ്രീരാമന്റെ ജന്മസ്ഥലമായ അവിടെ ബാബർ നിർമ്മിച്ച കെട്ടിടത്തെ മസ്ജിദ് എന്ന് വിശേഷിപ്പിക്കാനാവില്ല, ഇസ്ലാമിക നിയമങ്ങളെ ലംഘിച്ചുകൊണ്ടാണ് അവിടെ കെട്ടിടം നിർമ്മിച്ചതെന്നതി നാൽ അതിനെ മുസ്ലിം പള്ളി യായി കണക്കാക്കാൻ കഴിയുകയി ല്ല, അവിടെ നിലനിന്നിരുന്ന ക്ഷേത്രം തകർത്താണ് ബാബർ പള്ളി പണി തത് എന്നീ പ്രസ്താവനകൾ സംശ യാതീതമായ വസ്തുനിഷ്ഠ യാഥാർ ത്ഥ്യങ്ങളോ, ശാസ്ത്രീയനിഗമന ങ്ങളോ അല്ല. മാത്രമല്ല 1992ൽ ബാ ബരി മസ്ജിദ് തകർക്കൽ എന്ന കുറ്റകൃത്യം നടത്തിയവരുടെ പ്രവർ ത്തിയെ അപലപിക്കുന്ന ഒറ്റ വരി യും വിധിന്യായത്തിലില്ല. ഇത്തരം പ്രസ്താവനകൾ കുറ്റകൃത്യത്തിന് സാധൂകരണമായിപ്പോവില്ലേ എന്ന് നിഷ്പക്ഷമതികൾ സന്ദേഹിക്കു ന്നു. മറ്റു രണ്ടു ന്യായാധിപന്മാരു ടേയും വിധിയിൽ ഇത്തരം അതിരു കടന്ന പരാമർശങ്ങളില്ല എന്നതും പ്രസ്താവ്യമാണ്. ആദരണീയരായ ഇന്ത്യയിലെ ചരിത്രകാരി റോമിലാ ഥാപ്പർ കെ.എം. ശ്രീമാലി കെ.എൻ. പണിക്കർ, ഇർഫാൻ ഹബീബ് പ്രഭാത് പട്നായ്ക്ക്, സി.പി. ചന്ദ്ര ശേഖർ മുതലായ ചരിത്രകാരന്മാരും ബുദ്ധിജീവികളും എഴുത്തുകാരുമ ടങ്ങുന്ന ഇന്ത്യയി ലെ 47ഓളം പ്രമു ഖർ ഈ വിധിയിലെ ചരിത്രപ്രശ്ന ങ്ങളോടും, സെ ക്കുലർ മൂല്യങ്ങളോ ടുമുള്ള കോടതിയുടെ സമീപനങ്ങ ളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച് പ്രസ്താവന നടത്തിയിട്ടുണ്ട്. (ദി ഹിന്ദു 3-10-2010) എന്ത് തന്നെയാ യാലും കോടതിവിധികളിൽ തർക്കം പരിഹരിക്കാനും സമാധാനം സ്ഥാ പിക്കാനുമുള്ള അദമ്യമായ ആഗ്ര ഹം പ്രകടമാണ്. നമ്മുടെ പരമോ ന്നത കോടതി ഈ വിധിയുടെ പോ രായ്മകൾ പരിഹരിക്കുമെന്ന് പ്രതീ ക്ഷിക്കാം.

സത്യസ്വരൂപനും പരമകാരു ണികനുമായ ദൈവത്തെ ആരാധി ക്കാൻ വേണ്ടി മനുഷ്യൻ പണി യുന്ന വി ശുദ്ധ മന്ദിരങ്ങളാണ് ആരാ ധനാലയങ്ങൾ. വ്യക്തമായ സത്യ ത്തിന്റേയും നീതിയുടേയും സ്നേ ഹത്തിന്റേയും അസ്തിവാരത്തിലാ

കുറിപ്പുകൾ

മുസാഫിർ

# ബാബരി മസ്ജിദും കോടതിവിധിയും

അറുപത് വർഷങ്ങളായി നടന്നു വരുന്നതും ഇന്ത്യൻ സമൂഹത്തെ വർഗ്ഗീയതയുടെ ഞെരിപ്പോടിൽ അകപ്പെടുത്തിയതുമായ ബാബരി മസ്ജിദ് രാമജന്മഭൂമി കേസിൽ സപ്തംബർ 30ന് അലഹബാദ് ഹൈക്കോടതി ലക്നോ ബെഞ്ച്, ജസ്റ്റിസ് മാരായ ധരംവീർ ശർമ്മ, സിബ്ഗത്തുല്ലഖാൻ, സുധീർ അഗർവാൾ എന്നിവർ വ്യത്യസ്തമായ മൂന്ന് വിധിന്യായത്തിലൂടെ വിധി പറഞ്ഞിരിക്കുന്നു. മൂന്നുവിധിന്യായങ്ങളിലും കൂടി രണ്ടുപേർ യോജിച്ച വസ്തുതകളുണ്ടെങ്കിൽ അത് ഭൂരിപക്ഷ തീരുമാനമായി കണക്കാക്കപ്പെടും. തർക്കസ്ഥലത്തിന് ഉടമസ്ഥാവകാശം ഉന്നയിച്ച ഹിന്ദുമഹാസഭക്കും നിർമോഹി അഖാഡ എന്ന ഹിന്ദു സന്യാസി സമൂഹത്തിനും സുന്നി സെൻട്രൽ വഖഫ് ബോർഡിനും തർക്കസ്ഥലം വീതിച്ചു നൽകും. പള്ളിക്കകത്തു 1949ൽ രാമവിഗ്രഹം കൊണ്ട് വന്ന് വെച്ച താഴികക്കുടത്തിനു താഴെയുള്ള സ്ഥലം ഹിന്ദുമഹാസഭക്കും രാമചബുത്ര, സീതയുടെ അടുക്കള (സീതാ രസോയി) എന്നിങ്ങനെ ഹിന്ദുസംഘടനകൾ വിശ്വസിക്കുന്ന സ്ഥലങ്ങൾ നിർമോ ഹി അഖാഡ എന്ന ഹിന്ദു സന്യാസി സഭക്കും, ബാക്കി ഭാഗം സുന്നി വഖഫ് ബോർഡിനും ലഭിക്കും. വിധിയിൽ തൃപ്തിയില്ലെങ്കിൽ കക്ഷികൾക്ക് പരമോന്നത നീതിപീഠമായ സുപ്രിംകോടതിയെ സമീപിക്കാം. വിധിയിൽ തൃപ്തരാകാത്ത മുസ്‌ലിം വിഭാഗം സുപ്രിം കോടതിയെ സമീപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പൂർണ്ണ ഉടമസ്ഥാവകാശത്തിന്നുവേണ്ടി ഹിന്ദു സംഘടനകളും കോടതിയിൽ പോകുമെന്നും പറയുന്നു. വികാരപ്രകടനമില്ലാതെ നിയമമാർഗ്ഗത്തിൽ തന്നെ നീതി അന്വേഷിക്കുന്ന മുസ്‌ലിം ഹിന്ദു കക്ഷികളുടെ നിലപാട് ശ്ലാഘനീയമാണ്.

രാഷ്ട്രീയവും സാമുദായികവുമായ പരിഹാരം സാധ്യമല്ലാതെ ബാബരി മസ്ജിദ് രാജമജന്മഭൂമി തർക്കം കോടതിയുടെ മുമ്പിലാണ് തീർപ്പിനായി വന്നത്. ഡമോക്ളസിന്റെ വാൾപോലെ ഈ പ്രശ്നം നീതിപീഠങ്ങൾക്ക് മുകളിൽ തൂങ്ങി നിൽക്കുകയായിരുന്നു. പഞ്ചായത്ത് പറയുന്ന രീതിയിൽ വീതം വെക്കുകയല്ലാതെ അത്യന്തം സ്ഫോടകശേഷിയുള്ള ഈ തർക്കം, കണ്ണുകെട്ടിയ നീതിദേവതയുടെ സത്യത്തിന്റെ നിവർത്തിപ്പിച്ച ഖഡ്ഗം കൊണ്ട് നീതിയുടെ തുലാസിലിട്ട് തൂക്കി നോക്കി വിധിപറയാൻ സാധ്യമാകാതെ വന്നു. വസ്തുതർക്കം പരിഹരിക്കുന്നതിനേക്കാൾ നീതിപീഠ ത്തെ അസ്വസ്ഥമാക്കിയത് ജനകോടികളുടെ സ്വൈരജീവിതം ഹനിക്കപ്പെടുമോ എന്ന ഭയമാണ് എന്ന് വ്യക്തം. ഉത്തരവാദിത്വമുള്ള കോടതികളുടെ ന്യായമായ ഭയമാണത്. ഒരു ജനാധിപത്യസമൂഹത്തിന്റെ സെക്കുലർ ആഭിമുഖ്യമുള്ള കോടതികൾക്ക് ഇത്തരം വികാരസാന്ദ്രമായ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലങ്ങൾ ഒട്ടും ഭൂഷണമല്ല എന്നത് മറ്റൊരു കാര്യം. അതുകൊണ്ടാണ് ഉന്നത നീതിപീഠമായ ഹൈക്കോടതി പോലും തെളിവ് നിയമങ്ങളുടേയും നീതിതത്വങ്ങളേയും പ്രമാണികനിലപാടുകളിൽ നിന്നും വ്യതിചലിച്ച് വിശ്വാസത്തിന്റെ പേരിലുള്ള അവകാശവാദങ്ങൾക്ക് വഴങ്ങി ഈ വിധം ന്യായവിധി പ്രസ്താവിച്ചത്.

നീതി നടപ്പാക്കൽ അല്ലെങ്കിൽ നീതിമത്ക്കരണം എന്നത് വസ്തുനിഷ്ഠവും യുക്തിപൂർണ്ണവുമായ ഒരു നിയമപ്രക്രിയയാണ്. ജനാധിപത്യമതേതര കോടതികൾ ഇത്തരം രീതി അവലംബിച്ചാണ് വിധിന്യായങ്ങൾ പ്രസ്താവിക്കുക. യുക്തിയും വസ്തുനിഷ്ഠായാഥാർത്ഥ്യങ്ങളും അകറ്റിനിർത്തിയുള്ള നീതികരണവും നീതിപ്രസ്താവങ്ങളും നടക്കാറുണ്ട്. പൗലൂസ് അപ്പോസ്തലൻ ബൈബിളിൽ അത്തരമൊരു മതാദ്ധ്യാപനവും നൽകിയിട്ടുണ്ട്. ***'വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു കൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനം തേടാം.'*** (റോമർ 5:1) തങ്ങളുടെ പൂർവ്വപിതാവ് അബ്രഹാമിന് യഹോവ ബൈബിളിൽ അവകാശം നൽകിയ ഭൂമിയാണ് ഫലസ്തീൻ എന്നാണ് ഇസ്രായേലികളുടെ വാദം. വിശ്വാസത്താൽ നീതികരിക്കപ്പെടുത്തുക ഈ ബൈബിൾ തത്വം മൂലം നാലാ

ന്നതോ ബൈബിളിലെ തന്നെ മറ്റ് അദ്ധ്യാപനങ്ങൾക്ക് നിരക്കുന്നതോ അല്ല. മേൽവചനത്തിൽ ചുട്ടെരിക്കപ്പെട്ട ഗ്രന്ഥചുരുളുകൾ അവരുടെ ഉടമസ്ഥതയിലുള്ളതാണ്. മാത്രമല്ല അതിലുള്ള കാര്യങ്ങൾ അസത്യമാണെന്ന് അവർക്ക് തന്നെ അറിയാവുന്നതുമാണ്. യേശുവിനെ വിശ്വസിച്ചിരുന്ന അവർ സ്വയം തന്നെയാണ് ആ പ്രവർത്തി ചെയ്തത്. അവർ ചെയ്തുവന്നിരുന്ന മന്ത്രവാദത്തെ പറ്റി അവർ കുറ്റസമ്മതം നടത്തുകയുണ്ടായി. അതിന് ശേഷമാണ് അവർ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് വിരമിക്കുന്നു എന്ന് സ്ഥാപിക്കാൻ ഗ്രന്ഥങ്ങൾ ചുട്ടെരിച്ചത്.

ഡോവ് സെന്റർ എന്ന ക്രിസ്തീയ സഭയിലെ പാതിരിമാർ ഖുർആൻ ചുട്ടെരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നത് ഇതിൽ നിന്നെല്ലാം വ്യത്യസ്ഥമായ ഒരു കാര്യമാണ്. അന്യമത വിശ്വാസികളുടെ മതഗ്രന്ഥം ചുട്ടെരിക്കുക എന്നത് യേശുവിന്റെ അദ്ധ്യാപനമായിരുന്നില്ല. അദ്ദേഹം പ്രബോധിച്ചത് സ്നേഹവും കാരുണ്യവും മാപ്പുമായിരുന്നു. *'സൗമ്യശീലർ സൗഭാഗ്യവാന്മാർ, ഭൂമിയെ അവർ അവകാശമാക്കും'* (മത്താ 5-5). *കരുണയുള്ളവർ സൗഭാഗ്യവാന്മാർ, അവർ ദൈ വപുത്രന്മാർ എന്ന് വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഢയനുഭവിക്കുന്നവർ സൗഭാഗ്യവാന്മാർ. സ്വർഗരാജ്യം അവരുടേതാണ്. (മത്താ 5:9-10). അയൽക്കാരനെ സ്നേഹിക്കണം എന്നു ശത്രുവിനെ ദ്വേഷിക്കണം' എന്നും പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക. നിങ്ങളെ ദ്രോഹിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക. അങ്ങനെ നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരുക. (മത്താ: 5:43-45). മനുഷ്യരുടെ തെറ്റുകൾ അവരോട് നിങ്ങൾ ക്ഷമിക്കുമെങ്കിൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും (മത്താ: 6:14-15). വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്. നിങ്ങൾ നൽകുന്ന വിധി കൊണ്ട് തന്നെ നിങ്ങളെയും വിധിക്കും (മത്താ: 7:1-12). 'നിങ്ങൾ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ആരോടെങ്കിലും വല്ല വിരോധവും നിങ്ങൾക്ക് ഉണ്ടെങ്കിൽ അത് ക്ഷമിക്കണം. സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങൾ നിങ്ങളോടും പൊറുക്കേണ്ടതിനാണിത്. (മാർക്കോസ് 11:25) യേശു ഭവനത്തിൽ ചെന്ന് ഭക്ഷണത്തിന്നിരുന്നപ്പോൾ അനേകം ചുങ്കക്കാരും പാപികളും വന്ന് അവന്റേയും ശിഷ്യന്മാരുടേയും ഒപ്പം ഇരുന്നു. ഫരിസേയർ ഇത് കണ്ടു അവന്റെ ശിഷ്യന്മാരോടു ചോദിച്ചു. 'എന്ത് കൊണ്ടാണ് നിങ്ങളുടെ ഗുരു ചുങ്കക്കാരുടേയും പാപികളുടേയും കൂടെ ഇരുന്ന് ഭക്ഷിക്കുന്നത്?' ഇത് കേട്ടു യേശു പറഞ്ഞു: 'ആരോഗ്യമുള്ളവർക്കല്ല വൈദ്യനെക്കൊണ്ട് ആവശ്യം. രോഗികൾക്കാണ്. ബലമല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്." എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്ക്.' (മത്താ: 9:10-130). യേശുവിന്റെ വ്യക്തമായ ഈ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്ററിനോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത് യേശുവിന്റെ സമാധാനസന്ദേശങ്ങളെപറ്റി ഗാഢമായി ചിന്തിച്ച് നിങ്ങൾ ഖുർആൻ കത്തിക്കുന്നു. ഈ പ്ര വർത്തിയിൽ നിന്നും പിന്മാറണമെന്നാണ്.*

## ചുട്ടെരിക്കൽ: വിദ്വേഷത്തിന്റെ സന്ദേശം:

ഖുർആൻ കത്തിക്കുന്ന ഈ ഹീനകൃത്യം അങ്ങേയറ്റം അപലപനീയമാണെന്ന് മാത്രമല്ല ലോകമെങ്ങുമുള്ള സമാധാനകാംക്ഷികളായ കോടിക്കണക്കിന് വിശ്വാസികളിൽ ആശങ്കയും വേദനയും സൃഷ്ടിക്കുന്നതുമാണ്. ഒരു മതഗ്രന്ഥം കത്തിക്കുക എന്നത് ലോകത്തിലെ എല്ലാ മതങ്ങളുടെ അദ്ധ്യാപനങ്ങൾക്കും തത്വങ്ങൾക്കും പ്രത്യക്ഷത്തിൽ തന്നെ എതിരാണ്.

*'തിന്മ പൊറുക്കുന്നവനെ കർത്താവ് സ്നേഹിക്കുന്നു. തന്റെ വിശുദ്ധരുടെ പ്രാണനെ അവൻ പരിപാലിക്കുന്നു. (സങ്കീർത്തനം: 97:10). ക്രിസ്തുവഴി നിങ്ങൾ ക്ഷമിച്ചത് പോലെ നിങ്ങളും പരസ്പരം ക്ഷമിക്കുക. അന്യോന്യം കാരുണ്യവും അനുകമ്പയും കാണിക്കുക* (എഫേസോസുകാർ: 4:32).

*'തിന്മക്ക് ഞാൻ പകരം വീട്ടും' എന്ന് പറയരുത്. കർത്താവിന് വേണ്ടി കാത്തിരിക്കൂ; അവൻ നിന്നെ സഹായിക്കും (സുഭാഷിതങ്ങൾ: 20:22) തിന്മക്ക് പകരം തിന്മ ചെയ്യരുത് എല്ലാവരുടേയും ദൃഷ്ടിയിൽ ഉത്കൃഷ്ടമായവയിൽ മനസ്സുവെക്കുക. കഴിയുന്നേടത്തോളം സർവ്വ മനുഷ്യരുമായി സമാധാനത്തിൽ വർത്തിക്കുക.* (റോമ:12:17).

അത്തരത്തിലുള്ള എല്ലാ മതതീവ്രവാദവും ഉപേക്ഷിക്കണമെന്ന് അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ തലവൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദു ഇപ്രകാരം പറയുകയുണ്ടായി.

*'മതതീവ്രവാദം അത് ക്രിസ്തീയമാവട്ടെ, ഇസ്ലാമികമാവട്ടെ അതൊരിക്കലും യഥാർത്ഥ മതത്തിന്റെ*

*(ശേഷം 37-ൽ)*

തഹിദാ സയ്യിദ്

ലേഖനം

# 'ഖുർആൻ കത്തിക്കൽ' ബൈബിൾ അദ്ധ്യാപനമോ?

**അന്യമതസ്ഥരുടെ വിശുദ്ധഗ്രന്ഥം കത്തിക്കൽ അങ്ങേയറ്റം ഹീനവും പൈശാചികവുമായ പ്രവൃത്തിയാണ്. അത് ബൈബിളിന്റേയോ ക്രിസ്തുവിന്റേയോ അദ്ധ്യാപനമല്ല.**

'2001 സെപ്തംബർ 11' ആക്രമണത്തിന്റെ 9-ാം വാർഷികത്തിൽ അമേരിക്കയിലെ ഒരു ക്രിസ്തീയ സഭയായ ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്റർ' ഖുർആൻ കത്തിക്കൽ ദിനം' ആയി ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. * ഇസ്‌ലാമിന്ന് തിന്മയുടെ മതം, പൈശാചികമതം എന്നീ വിശേഷണങ്ങൾ ചാർത്തിയാണ് അവർ ഈ ദിനം ആചരിക്കാൻ തീരുമാനിച്ചത്. ബൈബിൾ അദ്ധ്യാപനമനുസരിച്ചാണ് തങ്ങൾ ഈ പരിപാടി ആവിഷ്കരിച്ചതെന്ന് അമേരിക്കയിലെ ഈ ക്രിസ്തീയ സഭ പ്രഖ്യാപിച്ചിരിക്കുകയാണ്. ബൈബിളിൽ അപ്പോസ്തലപ്രവർത്തികൾ 19 അദ്ധ്യായം 19-ാം വചനമാണ് ഇതിന് ഉപോൽബലകമായി അവർ ചൂണ്ടികാട്ടുന്നത്. ബൈബിൾ വചനങ്ങൾ ഇപ്രകാരമാണ്.

*'ദൈവം പൗലൂസിന്റെ കരങ്ങളിലൂടെ അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു. അതിനാൽ അയാളുടെ ശരീരസ്പർശനമേറ്റ തൂവാലകളും മേൽവസ്ത്രങ്ങളും രോഗികളുടെ അടുക്കലേക്ക് കൊണ്ടുപോയി. അപ്പോൾ വ്യാധികൾ അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്ന് പുറത്തു വരുകയും ചെയ്തു. എന്നാൽ ബാധ ഒഴിപ്പിച്ചു ചുറ്റി സഞ്ചരിച്ചിരുന്ന ചില യഹൂദർ പിശാചു ബാധിച്ചിരുന്നവരുടെ മേൽ കർത്താവായ യേശുവിന്റെ നാമം പ്രയോഗിച്ച്, 'പൗലോസ് പ്രവേശിപ്പിക്കുന്ന യേശുവിന്റെ നാമത്തിൽ ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു.' എന്ന് പറഞ്ഞിരുന്നു. സ്കേവാ എന്ന് പേരുള്ള ഒരു യഹൂദ മഹാപുരോഹിതന്റെ ഏഴുപുത്രന്മാർ ഇങ്ങനെ ചെയ്തുപോന്നു. എന്നാൽ അശുദ്ധാത്മാവ് അവരോടു പറഞ്ഞു: 'യേശുവിനെ എനിക്കറിയാം. പൗലോസിനേയും എനിക്കറിയാം. പക്ഷേ നിങ്ങൾ ആരാണ്?' അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ അവരുടെ മേൽ ചാടിവീണ് അവരെയെല്ലാം ആക്രമിച്ചു കീഴടക്കി. അങ്ങനെ അവർ നഗ്നരും മുറിവേറ്റവരുമായി ആ വീട്ടിൽ നിന്നും ഓടിപ്പോയി. എഫേസോസ് നിവാസികളായ എല്ലാ യഹൂദരും ഗ്രീക്കുകാരും ഇത് അറിഞ്ഞു. അവർക്കെല്ലാം ഭയമുളവായി. കർത്താവായ യേശുവിന്റെ നാമം കൂടുതൽ പ്രകീർത്തിക്കപ്പെട്ടു. വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ചെയ്തികൾ എന്ന് പറഞ്ഞു കുറ്റം സമ്മതിച്ചു. മന്ത്രവാദം നടത്തിയിരുന്ന അനേകർ തങ്ങളുടെ ഗ്രന്ഥക്കെട്ടുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകരിച്ചു. അവർ അതിന്റെ വില കണക്കാക്കി അമ്പതിനായിരം വെള്ളിനാണയങ്ങൾ വരുമെന്ന് കണ്ടു. അങ്ങിനെ കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലമായി (അപ്പോസ് തല പ്രവർത്തികൾ 19:17-20)*

ബൈബിൾ പുതിയ നിയമത്തിൽ പുസ്തകം കത്തിക്കുന്ന സംഭവത്തെപറ്റി പ്രതിപാദിക്കുന്ന ഒരേയൊരു വചനം ഇതാണ്. എന്ത് തന്നെയായിരുന്നാലും 'അപ്പോസ്തല പ്രവർത്തികൾ 19:19'ലെ ഈ വചനം പ്രകാരം അന്യവിശ്വാസികളുടെ ഗ്രന്ഥങ്ങൾ പരസ്യമായി കത്തിക്കുക എന്ന ഈ പ്രവർത്തനം ഒരിക്കലും യുക്തിക്ക് നിരക്കു

* പിന്നീട് ഈ തീരുമാനത്തിൽ നിന്നും പ്രസ്തുത സഭ പിൻവാങ്ങി (എഡി:)

**പ്പെട്ടതിനുശേഷം തങ്ങളുടെ ശപഥങ്ങൾ ലംഘിക്കുകയും, നിങ്ങളുടെ മതത്തെ പരിഹസിക്കുകയും ചെ യ്യുകയാണെങ്കിൽ സത്യനിഷേധത്തിന്റെ നേതാക്കളോട് നിങ്ങൾ യുദ്ധം ചെയ്യുക. തീർച്ചയായും അവർക്ക് ശപഥങ്ങളേയില്ല. അവർ വിരമിച്ചേക്കാം."** (9:12)

മേൽ രണ്ട് ആയത്തുകളിൽ നിന്നും മുർത്തദിനെ വധിക്കണമെന്ന് അല്ലാഹുവിന്റെ കൽപന എവിടെയാണുള്ളതെന്ന് കേരള ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർ ഒന്ന് വ്യക്തമാക്കിത്തരാൻ അപേക്ഷ.

ഇനി മാന്യവായനക്കാർ ഈ ആയത്തുകളെ ഒന്ന് വിശദമായി പരിശോധിച്ച് നോക്കിയാലും.

11-ാമത്തെ ആയത്തിൽ ശിക്ഷയെക്കുറിച്ച പരാമർശം പോലുമില്ല. മറിച്ച് രക്ഷയെക്കുറിച്ചാണ്.

ഇനി 12-ാമത്തെ ആയത്തിൽ, കരാർ ചെയ്തതിനുശേഷം അത് ലംഘിക്കുന്നവരെയും അതോടൊപ്പം മതത്തെ പരിഹസിക്കുകയും ചെയ്യുന്ന സത്യനിഷേധത്തിന്റെ നേതാക്കളോട് യുദ്ധം ചെയ്യാനാണ് അല്ലാഹുവിന്റെ കൽപന.

ഈ ആയത്തിലും വിശ്വാസം കൈവെടിഞ്ഞു പോകുന്നവരെ വധിച്ച് കളയാനുള്ള കൽപന എവിടെയാണുള്ളത്?

തികച്ചും യുദ്ധസാഹചര്യവുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ ശത്രുക്കളായ നിഷേധി നേതാക്കളുമായി ബന്ധപ്പെട്ട - യുദ്ധകൽപനയെ മുർത്തദിനെ വധിച്ചുകളയാനുള്ള ഫത്‌വക്കുള്ള തെളിവായി സമർപ്പിച്ച മൗദൂദി ഇത് കൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുവാനപേക്ഷ.

അല്ലാഹു കൽപിക്കാത്ത നിയമത്തെ കൽപിച്ചതായി സമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കുകയും അതിലൂടെ ഇസ്‌ലാമിന് സംഭവിച്ച ദുഷ്പേരിന് മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും കണക്ക് പറയേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല.

മൗദൂദിയുടെ മുർത്തദ്ദിനെ വധിക്കാനുള്ള സിദ്ധാന്തത്തിന് അദ്ദേഹം തന്നെ സമർപ്പിച്ച മേൽ ആയത്തുകൾ പിൻബലമേകുന്നില്ല എന്ന് മാത്രമല്ല, അതുമായി യാതൊരു ബന്ധവും ഇല്ല. എന്നാൽ മേൽ രണ്ട് ആയത്തുകളല്ലാതെ 'മുർത്തദ്ദിനെ വധിക്കാൻ' പ്രമാണമായി മൗദൂദി മറ്റൊരായത്തും നൽകിയിട്ടില്ല. ഇതിൽ നിന്നും 'മുർത്തദ്ദിനെ വധി'ക്കാൻ അല്ലാഹു പറഞ്ഞിട്ടില്ല. കൽപിച്ചിട്ടില്ല എന്ന് വ്യക്തമായില്ലേ? ചുരുക്കത്തിൽ, മുർത്തദ്ദിനെ വധിക്കുക എന്നത് അല്ലാഹുവിന്റെ കൽപനയല്ല. അത് ഖുർആനിൽ ഇല്ല. മൗദൂദിയുടെയും അത് പ്രസിദ്ധീകരിച്ച ജമാഅത്തെ ഇസ്‌ലാമിയുടെയും ആശയമാണ്. ഖുർആനിക പിൻബലമില്ലാത്തതിനാൽ അത് ഇസ്‌ലാമിക ആശയമല്ല.

ഇനി ഇത് സംബന്ധമായി വിശുദ്ധ ഖുർആനിന്റെ മനോഹരമായ അദ്ധ്യാപനമെന്തെന്ന് നമുക്ക് പരിശോധിക്കാം.

* അല്ലാഹു പ്രഖ്യാപിക്കുന്നു:

**''മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർ മാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു."** (2:256). ഈ ആയത്തിൽ അല്ലാഹു പറയുന്നു. ദീനിന്റെ കാര്യത്തിൽ ബലപ്രയോഗം ഇല്ല എന്ന്. തുടർന്ന് പറയുന്നു. സന്മാർഗ്ഗവും - ദുർമാർഗ്ഗവും വേർതിരിക്കപ്പെട്ടിരിക്കുന്നു. അഥവാ - സന്മാർഗ്ഗം സ്വീകരിക്കാനും; ദുർമാർഗ്ഗം സ്വീകരിക്കാനും ഒരാൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അതിന്നായി ബലപ്രയോഗം പാടില്ല എന്നതാണ് അല്ലാഹുവിന്റെ കല്പന.

## മൗദൂദിയുടെ ഭാഷയിൽ ചിന്തിച്ചാൽ:

ഒരാൾ സന്മാർഗ്ഗമാകുന്ന ഇസ്‌ലാം സ്വീകരിച്ചു. കുറച്ചുനാൾ കഴിഞ്ഞ് അയാൾക്കു ദുർമാർഗ്ഗം സ്വീകരിക്കണമെന്ന് തോന്നി. എന്നാൽ മൗദുദി പറയുന്നു അങ്ങനെ പോയാൽ കൊന്ന് കളയുമെന്ന്. ഇത് ബലപ്രയോഗമല്ലാതെ മറ്റെന്താണെന്ന് ജമാഅത്തെ ഇസ്‌ലാമിക്കാർ പറഞ്ഞുതരിക. എന്നാൽ അല്ലാഹു പറയുന്നു. ബലപ്രയോഗം പാടില്ലെന്ന്, ഓരോരുത്തരും ഇഷ്ടമുള്ളത് സ്വീകരിക്കട്ടെ എന്ന്! അല്ലാഹു പറയുന്നതിന് നേരെ എതിര് മൗദൂദി പറയുന്നു.!

* ഇനി, 'മൗദൂദിയൻ സിദ്ധാന്തമായ മുർത്തദ്ദിനെ വധിക്കണമെന്ന കാര്യം തികച്ചും വിശുദ്ധ ഖുർആനിന് കടകവിരുദ്ധമാണെന്നതിലേക്ക് ഒരു പ്രബലമായ തെളിവ് താഴെ കുറിക്കുന്നു. അല്ലാഹു പറയുന്നു:

**''(ഒരിക്കൽ) വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും, വീണ്ടും വിശ്വസിക്കുകയും, പിന്നെയും അവിശ്വസിക്കുകയും അനന്തരം അവിശ്വാസം കൂടിക്കൂടി വരുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയേ ഇല്ല. അവരെ അവൻ നേർവഴിയിലേക്ക് നയിക്കുന്നതുമല്ല."** (4:137)

എത്ര വ്യക്തമായി അല്ലാഹു വ്യക്തമാക്കുന്നു. ഈ ആയത്തിൽ നിന്നും നമുക്ക് ഒരു വ്യാഖ്യാനം പോലുമില്ലാതെ വ്യക്തമാകുന്നതെന്താണ്. ഒരാൾ ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് അയാൾ ഇസ്‌ലാം ഉപേക്ഷിച്ചു. അല്ലാഹു പറയുന്നു. വീണ്ടും അയാൾ ഇസ്‌ലാം സ്വീകരിച്ചു. എന്നാൽ വീണ്ടും അയാൾ ഇസ്‌ലാം ഉപേക്ഷിച്ചു. പിന്നെ അയാൾ അവിശ്വാസിയായി തന്നെ ജീവിച്ചു.

*(ശേഷം 35- ൽ)*

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി – 15

# മതം വിട്ടുപോകുന്നവനെ വധിക്കുമെന്ന് മൗദൂദി

**വിശ്വാസ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ പ്രകടനപത്രികയാണ് വിശുദ്ധ ഖുർആൻ. ഖുർആന് വിരുദ്ധമായി മതം വിട്ടുപോകുന്നവനെ വധിച്ചുകളയണമെന്ന് പ്രബോധിക്കുന്ന മൗദൂദി ഇസ്‌ലാമിനെ ഒരു ഫാസിസ്റ്റ് പാർട്ടിയാക്കി മാറ്റാനാണ് ശ്രമിച്ചത്.**

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗദൂദി രചിച്ച 'മൂർത്തദ് കി സസാ ഇസ്‌ലാമീ ഖാനൂൻമെ' എന്ന ഗ്രന്ഥം, മൗദൂദിയുടേയും അദ്ദേഹത്തിനാൽ സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമിയുടേയും, അവർ വിഭാവന ചെയ്യുന്ന 'ഇസ്‌ലാമികരാജ്യത്തി'ന്റേയും ഫാസിസ്റ്റ് ഭീകര ചിത്രം വ്യക്തമാക്കുന്നതാണ്.

ഇസ്‌ലാം മതം ഉപേക്ഷിച്ച് പോകുന്നവർക്കാണ് 'മുർത്തദ്ദ്' എന്ന് പറയുന്നത്. ഇസ്‌ലാമിക നിയമത്തിൽ അവർക്കുള്ള ശിക്ഷ എന്നതാണ് ഗ്രന്ഥത്തിന്റെ തലവാചകത്തിന്റെ അർത്ഥം. ഈ ഗ്രന്ഥത്തിലൂടെ മൗ ദൂദി സമർത്ഥിക്കാൻ ശ്രമിക്കുന്നത്, എന്തെന്നാൽ, ആരെങ്കിലും ഇസ്‌ലാം മതം ഉപേക്ഷിച്ച് പോവുകയാണെങ്കിൽ അയാളെ വധിച്ച് കളയണമെന്നതാണ്. ഈ ഫാസിസ്റ്റ് സിദ്ധാന്തം 'ഇസ്‌ലാമി'ന്റെ പേരിൽ വെച്ച് കെട്ടാൻ മൗദൂദി ഒരു പാഴ്ശ്രമമാണ് നടത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല.

മൗദൂദിയുടെ ഇതേ ചിന്ത തന്നെയാണ് ഇൻഡ്യൻ 'ജമാഅത്തെ ഇസ്‌ലാമി'ക്കാരും പിന്തുടരുന്നത് എന്ന്, അവരുടെ ആധികാരിക പ്രസിദ്ധീകരണവിഭാഗമായ ന്യൂഡൽഹിയിലെ 'മർക്കസി മക്തബൽ ഇസ്‌ലാമി പബ്ലിഷേഴ്സ്' 1999 ഏപ്രിൽ മാസത്തിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ച് വിതരണം ചെയ്തതിലൂടെ വ്യക്തമാവുന്നുണ്ട്. ഉർദു ഭാഷയിലുള്ള ഈ ബുക്കിന് അന്ന് 10 രൂപയാണ് വില. മൗദൂദി ആ ബുക്കിലൂടെ എന്താണോ പറയുന്നത്, അത് നൂറ് ശതമാനവും ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുന്നുവെന്ന് വ്യക്തമാണല്ലോ? അല്ലെങ്കിൽ, മൗദൂദിയുടെ ഈ ഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കില്ലല്ലോ?

ഉർദുഭാഷ അറിയാത്ത മറ്റ് മത സഹോദരങ്ങൾ ഇത് വായിക്കാനിടയില്ല. മൗദൂദിയുടെ ഗ്രന്ഥങ്ങൾ മത്സരിച്ച് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ ഐ.പി.എച്ച്.-ൽ ഇത് വരെയായി ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തി കണ്ടില്ല. ഇസ്‌ലാമിന്റെ എല്ലാ സൗന്ദര്യവും നഷ്ടപ്പെടുത്തുന്ന വികൃതമായ ഈ മൗദൂദിയൻ ഫാസിസ്റ്റ് സിദ്ധാന്തത്തിന് അദ്ദേഹം നൽകിയ പ്രമാണപരമായ തെളിവെന്താണെന്ന് പരിശോധിച്ചുനോക്കാം.

* 64 പേജിൽ അവസാനിക്കുന്ന ഈ ഗ്രന്ഥത്തിൽ, 'ഇസ്‌ലാം മതം ഉപേക്ഷിക്കുന്നയാളെ വധിച്ചുകളയണ'മെന്ന് സ്ഥാപിക്കാൻ മൗദൂദി വിശുദ്ധ ഖുർആനിൽ നിന്നും രണ്ട് ആയത്ത് മാത്രമാണ് തെളിവായി ഉദ്ധരിച്ചിരിക്കുന്നത്.

പേജ് 6-ൽ മുർത്തദ്ദിനെ വധിക്കാനുള്ള കൽപനക്ക് ഖുർആനിൽ നിന്നുള്ള തെളിവ് എന്ന തലക്കെട്ടിന് താഴെ.

9-ാം അദ്ധ്യായം സൂറ:തൗബയിലെ 11, 12 ആയത്തുകൾ എഴുതിയിരിക്കുന്നു.

അതിന്റെ അർത്ഥം ഇപ്രകാരമാണ്.

(11) **"എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സക്കാത്ത് നൽകുകയും ചെയ്യുന്ന പക്ഷം മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു."** (9:11)

(12) **"ഇനി അവർ കരാറിലേർ**

എല്ലാം കൂടി പ്രപഞ്ചത്തിൽ നിന്നും തീരെ ചെറിയ ഒരു സ്ഥലം മാത്രമെ വേണ്ടിവരുന്നുള്ളൂ. ഭാവന ചെയ്യാൻ പോലും കഴിയാത്തത്ര വലുപ്പമാണ് പ്രപഞ്ചത്തിന് എന്ന് മനസ്സിലാകും. ഗാലക്സികൾക്ക് ഇടയിലുള്ള സ്പെയിസാണ് ഏറ്റവും അധികമായിട്ടുള്ളത്. ഇത്രമാത്രം വിസ്താരമേറിയ പ്രപഞ്ചം ഇപ്പോഴും വികസിച്ചുകൊണ്ടേ പോകുന്നു. (ഏതാണ്ടൊരു മദ്ധ്യപ്രായം കഴിയുന്നതോടെ ചുരുങ്ങാൻ തുടങ്ങുമെന്നു പ്രതീക്ഷിക്കാം) ഗാലക്സികൾ അതിവേഗം അകലുന്നു എന്നു പറഞ്ഞാൽ രണ്ടു ഗാലക്സികൾക്കിടയിലുള്ള സ്ഥലത്തിന്റെ വികാസവുമാണ്. അപ്പോൾ ഗാലക്സികൾ അതിവേഗം അകലുന്നതായി അനുഭവപ്പെടും. വികസിക്കുന്ന പ്രപഞ്ചത്തെയും വീണ്ടും ചുരുങ്ങുന്ന പ്രപഞ്ചത്തെയും ഖുർആൻ മനസ്സിലാക്കി തന്നിട്ടുള്ളതാണല്ലൊ.

## ആൻഡ്രോമീഡ ഗാലക്സി

ലോക്കൽ ഗ്രൂപ്പിൽ പെട്ട സർപ്പിള ഗാലക്സികളിൽ രണ്ടാമത്തേതാണ് നമ്മുടെ അയൽവാസി ആയ ആൻഡ്രോമീഡ ഗാലക്സി. ഇതു നമ്മളിൽ നിന്നും 25 ലക്ഷം പ്രകാശവർഷം അകലെയാണ് സ്ഥിതിചെയ്യുന്നത്.

പത്താം ശതകത്തിൽ പേർഷ്യൻ ജ്യോതിശാസ്ത്രജ്ഞനായ അൽ സൂഫി ആണ് ഇത് ആദ്യമായി കണ്ടെത്തിയത്. എന്നാൽ അക്കാലത്ത് ഗാലക്സികളെ കുറിച്ചുള്ള അറിവ് തുലോം പരിമിതമായിരുന്നതിനാൽ ചെറിയ മേഘപടലം എന്നായിരുന്നു അദ്ദേഹം ഇതിനെ വിളിച്ചിരുന്നത്. പിൽക്കാലത്ത് എഡ്വിൻ ഹബ്ലും, വാൾട്ടർ ബാദെയുമാണ് ആൻഡ്രോമീഡ ഗാലക്സിയ്ക്കു സ്ഥിരീകരണം നല്കിയത്.

പുരാതന ഗ്രീക്കുകാരുടെ വിശ്വാസം അനുസരിച്ചു, ഇത് പുരാണ ഗ്രീക്കുകഥാപാത്രമാണ്. എത്യോപ്യയിലെ സിഫിയാസു രാജാവിന്റെയും കസിയോപ്പിയ രാജ്ഞിയുടെയും, അതിസുന്ദരിയായ മകൾ. പോസിഡോൺ എന്ന സമുദ്ര ദേവന്റെ ആജ്ഞപ്രകാരം ആഡ്രോമീഡയെ നശിപ്പിക്കുവാൻ സീറ്റസ് ശ്രമിക്കുന്നത്, ആകാശത്തുനിന്ന്, ന്യൂസ് ദേവന് മനുഷ്യസ്ത്രീയിൽ ജനിച്ച പെഴ്സിയൂസ് എന്ന യുവയോദ്ധാവ് കാണുക ഉണ്ടായി. മെഡൂസ എന്ന ഭീകരെ സത്യത്തെ കൊന്നു തലയുമായി പോകുമ്പോഴാണ് ഈ കാഴ്ച കണ്ടത്. ഉടൻ പെഴ്സിയൂസ് ഭൂമിയിലെത്തി സീറ്റസിനെ വധിച്ച് ആൻഡ്രോ മീഡയെ രക്ഷപ്പെടുത്തി. മരണശേഷം കാസിയോപ്പിയയെയും, സിഫിയൂസിനെയും സീറ്റസിനെയും പോസിയോൺ നക്ഷത്രരാശികളായി ആകാശത്തു നിലനിർത്തി. പെഴ്സിയൂസിനും ആൻഡ്രോമീഡയ്ക്കും അഥീനദേവിയും ആകാശത്തു ഇടം നല്കി. എന്താ പോരെ? എങ്ങനെയുണ്ടു സംഗതികൾ? ഇത്തരം രസകരങ്ങളായ ഒട്ടേറെ കഥകൾ നമുക്കു അറിയുന്ന ഓരോ നക്ഷത്രത്തെ കുറിച്ചും നക്ഷത്രകൂട്ടങ്ങളെകുറിച്ചും വായിക്കുവാനുണ്ട്.

പ്രപഞ്ചത്തിലെ അജ്ഞാതവസ്തുക്കളുടെ ഒരു പട്ടിക ജ്യോതിശാസ്ത്രജ്ഞനായ മെസ്സിയെ തയ്യാറാക്കുക ഉണ്ടായി. അതിൽ 31-ാമത്തേതാണ് ഇത്. അതിനാൽ ആൻഡ്രോമിഡേയ്ക്ക് M-31 എന്ന പേരും ഉണ്ട്. 1993ൽ ഹബിൾ സ്പെയ്സ് ദൂരദർശിനിയിലൂടെ ആഡ്രോമീഡയ്ക്ക് രണ്ടു ന്യൂക്ലിയസുണ്ടെന്നും ഇവ തമ്മിൽ അഞ്ച് പ്രകാശ വർഷം അകലമുണ്ടെന്നും കണ്ടെത്തി. ഇതു മറ്റൊരു ചെറിയ ഗാലക്സിയിലേയ്ക്കു ആകർഷിക്കപ്പെട്ടതിന്റെ ഫലം ആയിരിക്കും എന്നും കരുതുന്നു. ഇതിനു പുറമെ ആൻഡ്രോമീഡയ്ക്ക് M-32 (NGC 221) MHO (MGC 205) തുടങ്ങി അനവധി ഉപഗ്രഹ ഗാലക്സികളുള്ളതായും കണ്ടെത്തി.

ആകാശഗംഗയിൽ കണ്ടെത്തിയിട്ടുള്ള താരഗോളങ്ങളെ (ഗ്ലോബുലാർ ക്ലസ്റ്റർ)ക്കാൾ മൂന്നുമടങ്ങ് വലിപ്പമുള്ള താരഗോളങ്ങളാണ് ഇതിലുള്ളത്. ഓരോ വർഷവും മുപ്പതിലേറെ നവതാര(NOVA)കളെയും കാണുന്നുണ്ട്. നാല്പതിനായിരം കോടി നക്ഷത്രങ്ങളാണ് ഇതിൽ ഉള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകാശഗംഗയ്ക്കു അപ്പുറം ആദ്യമായി ദർശിച്ച (1985) സൂപ്പർ നോവ സ്ഫോടനം ആൻഡ്രോമീഡയിൽ ആയിരുന്നു. 88 മില്യൺ പ്രകാശവർഷം അകലെ സ്ഥിതിചെയ്യുന്ന എന്ന ഗാലക്സിയിൽ 2007 ലും, 2008ലും രണ്ടു സൂപ്പർ നോവ സ്ഫോടനങ്ങൾ കാണുകയുണ്ടായി. ഈ ഗാലക്സിയെ സൂപ്പർ നോവ ഫാക്ടറി എന്നാണ് വിളിക്കുന്നത്.

വലുതും ചെറുതുമായ ഗാലക്സികളുടെ പ്രയാണവേഗത്തിൽ വ്യത്യാസമുള്ളതിനാൽ ആവാം ആൻഡ്രോമീഡ ഗാലക്സി മണിക്കൂറിൽ 35 കി.മീ. വേഗത്തിൽ നമ്മുടെ ക്ഷീരപഥത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. ഇതേ വേഗതയിൽ തന്നെ വന്നാൽ മുന്നൂറ് കോടി വർഷം കൊണ്ട് ഇവ രണ്ടും പരസ്പരം കൂടിച്ചേർന്ന് എലിപ്സ് രൂപത്തിലുള്ള ഗാലക്സിയൊ കൊലൈഡിങ്ങ് ഗാലക്സിയൊ ആയി മാറും. അടുക്കുംതോറും വേഗതകൂടിയാൽ ഏതാനും കോടി വർഷങ്ങൾക്കുള്ളിൽ ഇത് സംഭവിക്കുകയും ചെയ്യും. (തുടരും).

**ലേഖകന്റെ ഫോൺ : 9447904076**

രുന്നുവല്ലൊ. അതിന്റെ ഭാഗമായ നമ്മുടെ ഗാലക്സിയുടെ വലിയ ഒരു ഭാഗവും ഇരുണ്ട പിണ്ഡമാണ്. ഗാലക്സിയിലുള്ള മുഴുവൻ നക്ഷത്രങ്ങളും, വാതകങ്ങളും, നെബുലകളും, നക്ഷത്രാന്തരപൊടിപടല' ങ്ങളും മറ്റു പദാർത്ഥങ്ങളും ഉൾപ്പെടെ ദൃശ്യമാവുന്ന മുഴുവൻ വസ്തുക്കളും ചേർന്നാലും നക്ഷത്രങ്ങളുടെ ഗതികോർജ്ജത്തിന് സമമായ ബന്ധനോർജ്ജം നല്കാൻ കഴിയുന്നില്ല. അഥവാ ബന്ധിക്കാൻ ആവശ്യമായ ദ്രവ്യമാനവും ഗുരുത്വബലവും ഗാലക്സിയിലെ ദൃശ്യ പദാർത്ഥങ്ങൾക്കില്ല എന്നു ചുരുക്കം. മാത്രവുമല്ല ഈ പ്രപഞ്ചത്തിൽ ഒട്ടാകെയുള്ള ദൃശ്യപദാർത്ഥങ്ങൾ മുഴുവനും കൂടി പ്രപഞ്ചത്തിന്റെ ആകെ വലിപ്പത്തിൽ നിന്നും തീരെ ചെറിയ ഒരു സ്ഥലം മാത്രമെ എടുക്കുന്നുള്ളൂ. ഇതിൽ നിന്നെല്ലാമാണ് ഇരുണ്ടപിണ്ഡത്തിന്റെ വ്യാപ്തി കണക്കാക്കുന്നത്.

മനുഷ്യനിർമ്മിതമായ ഒരു സാങ്കേതികവിദ്യ കൊണ്ടും പ്രപഞ്ചത്തിന്റെ എത്രയും വിസ്തൃതമായ സ്ഥലത്ത് എന്തു നടക്കുന്നു എന്തുണ്ട് എന്നറിയാൻ കഴിയുന്നില്ല. 2001-ൽ വിക്ഷേപിച്ച വിൽകിൻസ്റ്റൺ മൈക്രോവേവ് അനൈസോട്രോ പ്പിക് പ്രോബും 2004ൽ ചന്ദ്രി എക്സ്റേ ഉപഗ്രഹത്തിലൂടെ നടത്തിയ നിരീക്ഷണങ്ങളും പ്രപഞ്ചത്തിന്റെ നാലിൽ മൂന്നുഭാഗവും അജ്ഞാതവും തമോദ്രവ്യത്താൽ ആവൃതവുമാണെന്ന് സ്ഥിരീകരിക്കുകയുണ്ടായി.

ഏതാണ്ട് ആയിരം കോടി ഡോളർ ചിലവഴിച്ച് 'ലാർജ് ഹാഡ്രോൺ കൊളൈഡർ' എന്ന ഭീമൻ പരീക്ഷണശാലയിൽ പ്രകാശത്തിനടുത്ത വേഗതയിൽ രണ്ടു പ്രോ ട്ടോൺ വിഭാഗങ്ങളെ ഉന്നത വോൾ ട്ടേജിൽ 30-3-2010ൽ കൂട്ടി ഇടിപ്പിക്കുകയുണ്ടായി. മഹാവിസ്ഫോടനസമയത്തുണ്ടായ സ്ഥിതിയും സംഭവങ്ങളും സൃഷ്ടിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ശാസ്ത്രം ഓരോ മേഖലയിലും നേട്ടങ്ങൾ കൈവരിക്കുകയും പുതിയ കണ്ടെത്തലുകൾ നടത്തുകയും, അന്നുവരെ വിശ്വസിച്ചുപോരുന്ന പല കാര്യങ്ങളും തിരുത്തി പറയുകയും ചെയ്തുവല്ലൊ. ഇതിനെല്ലാം കഴിയുന്ന ഒരു ജീവി ആയിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. എന്നിരുന്നാലും എന്തെല്ലാം പ്രയത്നങ്ങൾ നടത്തി എത്ര കോടി പണം ചെലവഴിച്ചാലും ദൈവം തുടങ്ങി വച്ച പ്രപഞ്ചോല്പത്തിയുടെ തനി പകർപ്പ് സൃഷ്ടിക്കുവാൻ മനുഷ്യകരങ്ങളാൽ ഒരിക്കലും സാധിക്കുക ഇല്ല തന്നെ. കൃത്രിമജീവനെ സൃഷ്ടിക്കുവാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടും സാധിച്ചിട്ടില്ലല്ലൊ. ഇതെല്ലാം ദൈവാസ്തിക്യത്തിന്റെ ദൃഷ്ടാന്തങ്ങളായി നിലനില്ക്കുന്ന വസ്തുതകളാണ്. (ഒരു കൃത്രിമജീവരസം മനുഷ്യൻ സൃഷ്ടിച്ചാൽ തന്നെ ദൈവം ഉണ്ടാക്കിവെച്ച പദാർത്ഥങ്ങളെ കൂട്ടികലർത്തിയിട്ടല്ലാതെ സാധ്യമല്ലല്ലൊ).

ആകാശഗംഗയുടെ കേന്ദ്രഭാഗത്തുനിന്നുവരുന്ന ശക്തിയേറിയ റേഡിയോ സ്രോതസായ സാജിറ്റേറിക്കസ് A സൂചിപ്പിക്കുന്നത്, അനേകകോടി സൗരപിണ്ഡത്തിനു തുല്യമായി അവിടെ സ്ഥിതിചെയ്യുന്ന ഒരു ഭീമൻ തമോഗർത്തത്തിന്റെ സാന്നിദ്ധ്യമാണ്. പലതരം തമോഗർത്തങ്ങൾ ഉള്ളതിൽ ഗാലക്സികളുടെ കേന്ദ്രത്തിൽ ഉള്ള തമോഗർത്തങ്ങൾ ഒരു പ്രത്യേക പ്രതിഭാസം പ്രകടിപ്പിക്കുന്നവയാണ്. സാധാരണയായി സ്വയം തിരിഞ്ഞുകൊണ്ടിരിക്കുന്ന തമോഗർത്തത്തിന്റെ സംഭവ ചക്രവാളത്തിനുള്ളിൽ എത്തുന്ന വസ്തുക്കൾ വൈചിത്ര്യബിന്ദുവിൽ (സിങ്കുലാരിറ്റിയിൽ) എത്തുകയാണല്ലോ പതിവ്. ഇവിടെ അതിനുപകരമായി ഒരു റിങ്ങിന്റെ ആകൃതി പ്രാപിക്കുകയും വസ്തുക്കൾ Whiteholes എന്ന പ്രതിഭാസത്തിലൂടെ മറുലോകത്തു പ്രത്യക്ഷപ്പെടുകയുമാണുണ്ടാവുക. അതായത് ഇത്തരം Black hole ഒരു ലോകത്തുനിന്നു ഗാലക്സികളെ വലിച്ചെടുത്തുവിഴുങ്ങി മറുവശത്ത് അവയെ വിസർജ്ജിച്ചു എറിയുന്നു. ഒരു വശം Black hole ആണെങ്കിൽ മറുവശം White hole ആയിരിക്കും. അങ്ങനെയാണെങ്കിൽ നമ്മുടെ ആകാശഗംഗയിൽ കാണുന്ന സർവ്വസ്വവും അതിന്റെ കേന്ദ്രത്തിലുള്ള തമോഗർത്തം അതിന്റെ അപ്പുറത്തെ ലോകത്തുനിന്ന് വലിച്ചുവാരി ഭക്ഷിച്ചിട്ട് ഇപ്പുറത്തേയ്ക്കു വിസർജ്ജിച്ചതുതന്നെയാണ്. Gdry Zukav എഴുതിയ The Dancing Wu Li Masters എന്ന ഗ്രന്ഥത്തിൽ ഈ ആകാശ ഡാൻസിങ്ങിനെപ്പറ്റി കൂടുതൽ രസകരമായി പറയുന്നുണ്ട്. ഇങ്ങനെ ഊഹിക്കാമെങ്കിലും ഗാലക്സികൾ ജന്മമെടുക്കുന്ന രീതി മറ്റൊരു വലിയ പ്രക്രിയയാണ്. ഈ കുറിപ്പ് നീണ്ടുപോകും എന്നതിനാൽ മാത്രമാണ് അതിവിടെ പ്രസ്താവിക്കാത്തത്.

ആകാശഗംഗയുടെ ദൃശ്യമേഖലകളിൽ, നക്ഷത്രങ്ങളും നക്ഷത്രകൂട്ടങ്ങളും, ഗാലക്സികൾക്കു തന്നെ ജന്മം നല്കാൻ കഴിയുന്നത്ര വലിപ്പമേറിയ നെബുലകളും (വ്യോമപടലം) തന്മാത്രാമേഘങ്ങളും വാതകകൂട്ടങ്ങളും, നക്ഷത്രാന്തര പൊടിപടലങ്ങളും കാണാവുന്നതാണ്. ഇത്രയും ഭീമമായ വസ്തുക്കളെ കൊണ്ടു നിറഞ്ഞുനിൽക്കുന്ന കോടികണക്കായ ഗാലക്സികൾക്ക്

ലേഖനം

എം. മുബാറക്ക് അഹ്‌മദ്, കരുനാഗപ്പള്ളി

# ആകാശത്തിന്റെ വലുപ്പം

*അതിബൃഹത്തായ നമ്മുടെ ആകാശം അത്ഭുതങ്ങളുടെ കേദാരമാണ്.*

***'സമീപസ്ഥമായ ആകാശത്തെ നക്ഷത്രങ്ങളെ കൊണ്ടു നാം അലംകൃതമാക്കിയിരിക്കുന്നു.' (37:7)***

***'നക്ഷത്രങ്ങളുള്ള ആകാശത്തെ കൊണ്ടു സത്യം.' (85:2)***

ദൈവത്തിൽ വിശ്വാസം വരാത്തവർക്കു ദൈവത്തെ അറിയുവാനുപകരിക്കുന്ന ഏറ്റവും വലിയ തെളിവാണ് പ്രപഞ്ചവും അതിലെ ദൃശ്യാദൃശ്യവസ്തുക്കളും. അതുകൊണ്ട് വളരെ ചുരുക്കി പ്രപഞ്ചത്തിലെ ഏതാനും ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുകയാണ്.

വിർഗോ സൂപ്പർ ക്ലസ്റ്ററിലെ ലോക്കൽ ഗ്രൂപ്പ് നക്ഷത്രസമൂഹങ്ങളിലെ SBC (Barred Spiral) സർപ്പിള ഗാലക്സിയിലെ എന്ന ഉപവിഭാഗത്തിൽപെട്ടതാണ് നാം വസിക്കുന്ന ആകാശഗംഗ. ഈ ഗ്രൂപ്പിൽ മൂന്നു ഭീമൻ ഗാലക്സികളും 32 ചെറു ഗാലക്സികളും ഉൾപ്പെടുന്നു. ഈ ഒരു പ്രപഞ്ചത്തിൽമാത്രം കോടാനുകോടി നക്ഷത്രങ്ങളുമായി നില്ക്കുന്ന കോടാനുകോടി നക്ഷത്രസമൂഹങ്ങളുണ്ട്. അങ്ങനെ എത്ര ആയിരം കോടി പ്രപഞ്ചങ്ങൾ ഉണ്ടെന്നോ?

ആകാശഗംഗ എന്ന സർപ്പിള ഗാലക്സി ഡിസ്കിന് ലക്ഷം പ്രകാശവർഷം വ്യാസമുണ്ട്. ഇതിന്റെ മദ്ധ്യഭാഗത്തിന് പതിനയ്യായിരം പ്രകാശവർഷം വ്യാസവും ആറായിരം പ്രകാശവർഷം കനവും ഉണ്ട്. (ഒരു പ്രകാശവർഷം ഒൻപതര ലക്ഷം കോടി കി.മീ.) പ്രകാശത്തിന് ഒരു മീറ്റർ സഞ്ചരിക്കുവാൻ 0.000000003335640952 സെക്കന്റു മതി. ക്ഷീരപഥത്തിന് പ്രധാനമായും നാലു സർപ്പിള കരങ്ങളാണുള്ളത്. കരീന - സാജിറ്റേറിയസ്, സ്കൂടം - ക്രിസ്ക്, സിഗ്നസ് നോർമ, പേഴ്സിയാസ് എന്നിങ്ങനെ. ഇതിനു പുറമെ നമ്മുടെ സൗരയൂഥം സ്ഥിതിചെയ്യുന്ന ഒറയോൺ എന്ന ശാഖയുമുണ്ട്. ഇത് കേന്ദ്രഭാഗത്തുനിന്നും ഇരുപത്തി ആറായിരം പ്രകാശവർഷം അകലെ നിന്നാരംഭിക്കുന്നു. ക്ഷീരപഥത്തിന്റെ കേന്ദ്രത്തിൽ നിന്നും ഇരുപത്തി ആറായിരത്തി അഞ്ഞൂറ് പ്രകാശവർഷം അകലെയാണ് നമ്മുടെ സൂര്യൻ സ്ഥിതിചെയ്യുന്നത്. സെക്കന്റിൽ 270 കി.മീ. വേഗത്തിൽ സൂര്യൻ അതിന്റെ എല്ലാ ഗ്രഹങ്ങളെയും മറ്റു വസ്തുക്കളെയും കൂട്ടി ആകാശഗംഗയെ ചുറ്റികൊണ്ടിരിക്കുന്നു. ഇങ്ങനെ ഒരു പ്രാവശ്യം ചുറ്റിവരുവാൻ 22 കോടി വർഷം എടുക്കും. 450 കോടി വർഷം പ്രായമുള്ള സൂര്യൻ ജനിച്ചതിനുശേഷം ഇരുപതു പ്രാവശ്യം ഇപ്രകാരമുള്ള യാത്ര പൂർത്തി ആക്കിയിട്ടുണ്ട്. സൂര്യന്റെ ഈ സഞ്ചാരത്തെപ്പറ്റി ഖുർആൻ പരാമർശിച്ചിട്ടുള്ളതാണ്. ആകാശഗംഗ സ്വയം ഒരു ഭ്രമണം പൂർത്തി ആക്കുവാൻ 23 കോടി വർഷം എടുക്കും.

സൂര്യന്റെ ഒരു ലക്ഷം കോടി മടങ്ങുവരും ക്ഷീരപഥത്തിന്റെ ആകെ പിണ്ഡം (5.8 x 10"). പ്രപഞ്ചത്തിന്റെ സിംഹഭാഗവും എന്തെന്ന് അറിയാൻ കഴിയാത്ത ഇരുണ്ട ദ്രവ്യമാണെന്ന് മുൻപ് സൂചിപ്പിച്ചി



ആൻഡ്രോമീഡ ഗാലക്സി

### ഭാഗം IV

## വെസ്റ്റ് പാകിസ്താൻ പ്രസ്സ് ആൻറ് പബ്ലിക്കേഷൻസ് ഓർഡിനൻസ് 1963.
## (W.P. ഓർഡിനൻസ് No. XXX of 1963).

**6.** വെസ്റ്റ് പാകിസ്താൻ പ്രസ്സ് ആന്റ് പബ്ലിക്കേഷൻ ഓർഡിനൻസ് 1963 (ഓർഡിനൻസ്) സെക്ഷൻ 24ലെ ഉപവകുപ്പ് (1)ന് ശേഷമുള്ള സെക്ഷൻ (1)ന് ശേഷം താഴെ കാണുന്ന പുതിയ ഉപവകുപ്പ് കൂടിചേർക്കുന്നതായിരിക്കും.

"പാകിസ്താൻ, ശിക്ഷാനിയമത്തിലെ സെക്ഷൻ 298 A സെക്ഷൻ 298 B സെക്ഷൻ 298 C (Act XLV of 1860) എന്നീ വകുപ്പുകളുടെ സ്വഭാവമായിരിക്കും അതിനുണ്ടാവുക"

ജനറൽ എം. സിയാഉൽഹഖ് (പ്രസിഡണ്ട്)

———●———

## മതനിന്ദാ നിയമം

### 1986ലെ ആക്റ്റ് III ശിക്ഷാനിയമഭേദഗതി ആക്റ്റ് 198.

പാകിസ്താനിലെ ശിക്ഷാനിയമത്തിലും ശിക്ഷാനടപടി നിയമത്തിലും കൂടുതൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള നിയമം (പാകിസ്താൻ ഗസറ്റ് - അസാധാരണം - പാർട്ട് I 12 ഒക്ടോബർ 1986)

1986 ഒക്ടോബർ 5ന് മജ്‌ലിസ് ശൂറ (പാർലമെന്റ്) യുടെ നിയമത്തിന് പ്രസിഡണ്ടിന്റെ അംഗീകാരം ലഭിക്കുകയും അത് പൊതുജനങ്ങളുടെ അറിവിന്നായി വിളംബരപ്പെടുത്തുകയും ചെയ്യുന്നു.

പ്രകടമായി കണ്ട താഴെ കാണുന്ന ഉദ്ദേശത്തിന് വേണ്ടി പാകിസ്താനിലെ പീനൽകോഡും (ആക്റ്റ് XLV of 1860) ക്രിമിനൽ പ്രൊസിജിയർ കോഡും വീണ്ടും ഭേദഗതി ചെയ്യുന്നു. താഴെ കാണുന്ന രീതിയിലാണ് നിയമം നിർമ്മിച്ചിരിക്കുന്നത്.

**1. നിയമത്തിന്റെ പേരും പ്രാബല്യവും**

(1) ഈ നിയമം 1986ലെ ക്രിമിനൽ ലോ (അമൻമെന്റ്) എന്നായിരിക്കും അറിയപ്പെടുക.

(2) ഇതിനാലുടൻ ഈ നിയമം പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**2. 1860 ആക്റ്റ് XLV നിയമത്തിൽ 295 സെക്ഷൻ കൂടിചേർക്കൽ.**

പാകിസ്താൻ പീനൽകോഡ് (ആക്റ്റ് XLV of 1860)ലെ 295 B സെക്ഷനുശേഷം താഴെ കാണുന്ന പുതിയ നിയമം കൂട്ടിചേർക്കുന്നതായിരിക്കും.

295 C 'വാക്കുകൊണ്ടോ എഴുത്തുകൊണ്ടോ പ്രവൃത്തികൊണ്ടോ ദൃശ്യപ്രതീകങ്ങൾ കൊണ്ടോ, വ്യംഗ്യമായോ പ്രകടമായോ പ്രത്യക്ഷമായോ പരോക്ഷമായോ മുഹമ്മദ് നബി(സ)യെ നിന്ദിക്കുന്നയാൾക്ക് വധശിക്ഷയോ ജീവപര്യന്തം ജയിൽശിക്ഷയോ പിഴശിക്ഷയോ ലഭിക്കുന്നതായിരിക്കും'

**3. 1898 ആക്റ്റ് Vലെ ചട്ടം IIന്റെ ഭേദഗതി**

1898 ആക്റ്റ് Vലെ ക്രിമിനൽ പ്രൊസിജീയർ കോഡിൽ രണ്ടാം ചട്ടത്തിൽ 295 A സെക്ഷനു ശേഷം താഴെ കാണുന്ന പുതിയ നിയമങ്ങൾ എഴുതിചേർക്കുന്നതാണ്.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 298B | ഖുർആൻ നിന്ദിക്കൽ | വാറന്റ് ഇല്ലാതെ അറസ്റ്റ് | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | ജീവപര്യന്തം | സെഷൻസ് കോടതി |
| 298C | റസൂൽ തിരുമേനി(സ) യെ നിന്ദിക്കൽ | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | വധശിക്ഷയോ ജീവപര്യന്തം ശിക്ഷയോ പിഴയോ | കോടതിയുടെ ന്യായാധിപൻ മുസ്‌ലിമായിരിക്കണം. |

*അവലംബം : Review of Relation July 2010*

(c) റസൂൽ തിരുമേനി(സ)യുടെ കുടുംബത്തിൽ പ്പെടാത്ത ആരെയെങ്കിലും 'വിശുദ്ധ കുടുംബാംഗ' (അഹ് ലുബൈത്ത്) എന്ന് വിശേഷിപ്പിക്കുകയോ വിളിക്കുകയോ ചെയ്യൽ.

(d) അവരുടെ ആരാധനാസ്ഥലങ്ങളെ മസ്ജിദ് എന്ന പേരിടുകയോ വിളിക്കുകയോ ചെയ്യൽ എന്നിവ. മൂന്ന് വർഷത്തോളം തടവും പിഴയും ലഭിക്കുന്ന ശിക്ഷയാണ്.

(2) ഖാദിയാനി വിഭാഗത്തിലോ ലാഹോരി വിഭാഗത്തി ലോ (അഹ്മദികളെന്ന് സ്വയമായോ മറ്റേതെങ്കിലും പേരിലോ വിളിക്കപ്പെടുന്നവർ) പെട്ട ആരെങ്കിലും എഴുത്തിലോ വാക്കിലോ ഏതെങ്കിലും പദങ്ങൾ കൊണ്ടോ ദൃശ്യരൂപത്തിലോ അല്ലെങ്കിൽ മുസ്‌ലിംകൾ അവരുടെ വിശ്വാസത്തിന്റെ ഭാഗമായി ചെയ്യുന്നത് പോലെ നമസ്കാരത്തിന് വിളിക്കുന്നതിനെ 'അസാൻ' (ബാങ്ക്) എന്ന് വിശേഷിപ്പിക്കുകയോ 'അസാൻ' ഉച്ചരിക്കുകയോ ചെയ്താൽ മൂന്ന് വർഷത്തോളമുള്ള 'തടവിനും പിഴശിക്ഷക്കും വിധിക്കുന്നതാണ്.

(3) 298 C ഖാദീയാനി വിഭാഗം ലാഹോറി വിഭാഗത്തിൽപ്പെട്ടവർ ആരെങ്കിലും സ്വയം മുസ്‌ലിമാണെന്ന് വിശേഷിപ്പിക്കുകയോ അയാളുടെ വിശ്വാസം പ്രചരിപ്പിക്കുകയോ പ്രബോധിക്കുകയോ ചെയ്യൽ.

ഖാദിയാനീ വിഭാഗം, ലാഹോരി വിഭാഗം (അഹ് മദി എന്നോ മറ്റേതെങ്കിലും പേരിലോ വിളിക്കപ്പെടുന്നവർ) വാക്കിലോ എഴുത്തിലോ ഉള്ള പദങ്ങളിലൂടെയോ ഏതെങ്കിലും ദൃശ്യരൂപങ്ങളിലൂടെയോ മറ്റേതെങ്കിലും രൂപത്തിലോ പ്രത്യക്ഷമായോ പരോക്ഷമായോ സ്വയം മുസ്‌ലിമാണെന്ന് വിശേഷിപ്പിക്കുകയോ, തന്റെ വിശ്വാസത്തെ ഇസ്‌ലാം ആണെന്ന് വിളിക്കുകയോ വിശേഷിപ്പിക്കുകയോ ചെയ്യുക. തന്റെ മതവിശ്വാസം സ്വീകരിക്കാൻ മുസ്‌ലിംകളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുമാറ് മറ്റുള്ളവരെ ക്ഷണിക്കുക. ചെയ്യുന്നപക്ഷം 3 വർഷം വരെ തടവിനും പിഴക്കും ശിക്ഷിക്കപ്പെടുന്നതായിരിക്കും.

——— ● ———

**ഭാഗം III 1898ലെ ക്രിമിനൽ പ്രൊസിജിയർ കോഡി ലെ (Act V of 1898) ഭേദഗതി.**

4. **സെക്ഷൻ 99A, 1898 ആക്റ്റ് ഭേദഗതി.** ഇനിമേൽ പ്രസ്തുത കോഡ് സെക്ഷൻ 99A സബ് സെക്ഷൻ (1) ആയി ഇതിനാൽ പ്രതിപാദിക്കപ്പെടുന്നതായിരിക്കും.

(a) 'പടിഞ്ഞാറൻ പാകിസ്താൻ പ്രസ് ആൻറ് പബ്ലിക്കേഷൻ ഓർഡിനൻസ് 1963'ന്റെ രണ്ടാം ഉപവകുപ്പിൽ ഒന്നാം സെക്ഷനിലെ 24-ാം സെക്ഷൻ ഒന്നാം ഉപവകുപ്പിലെ 'that class എന്ന പദത്തിനു ശേഷമുള്ള പദങ്ങൾ, രൂപങ്ങൾ, ബ്രാക്കറ്റ്, അക്ഷരങ്ങൾ, കോമ അടക്കം അതിൽ പ്രതിപാദിക്കപ്പെട്ട എല്ലാ കാര്യങ്ങൾക്കും ശേഷം പ്രസ്തുത നിയമം ഉൾപ്പെടുത്തുന്നതാണ്.

(b) "295 A" എന്ന അക്കത്തിനും അക്ഷരത്തിനുശേഷം വാക്കുകൾ, രൂപങ്ങൾ, അക്ഷരങ്ങൾ "അഥവാ സെക്ഷൻ 298 അല്ലെങ്കിൽ സെക്ഷൻ298 B അല്ലെങ്കിൽ 298 C എന്നിവ ഉൾപ്പെടുത്തുന്നതാണ്.

5. 1898ലെ പട്ടിക II ആക്റ്റ് V ഭേദഗതി പട്ടിക 298A യോടനുബന്ധിച്ച് ചേർക്കപ്പെട്ടതിനുശേഷം മേൽപറയപ്പെട്ട നിയമത്തിലെ പട്ടിക II ൽ താഴെപറയുന്ന കാര്യങ്ങളും ചേർക്കുന്നതായിരിക്കും.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 298B | ചില ദിവ്യപുരുഷന്മാരുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ വിവരണങ്ങൾ, പദവി നാമങ്ങൾ മുതലായവയുടെ ദുരുപയോഗം | ഡിറ്റോ (ആദ്യത്തെ നിയമത്തിലുള്ളത് തന്നെ) | ഡിറ്റോ | ജാമ്യമില്ല | ഡിറ്റോ | മൂന്ന് വർഷത്തോളം തടവും പിഴയും | ഡിറ്റോ |
| 298B | ഖാദിയാൻ വിഭാഗത്തിലും മറ്റും പെട്ടവർ സ്വയം മുസ്‌ലിമാണെന്നു വിളിക്കുകയോ അവരുടെ വിശ്വാസം പ്രചരിപ്പിക്കുകയോ പ്രബോധിക്കുകയോ ചെയ്യൽ. | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | ഡിറ്റോ | ഡിറ്റോ |

## ഗവൺമെന്റ് ഓഫ് പാകിസ്താൻ
## നിയമവകുപ്പും പാർലമന്ററി കാര്യവകുപ്പും
## (നിയമവിഭാഗം)
## ഇസ്ലാമാബാദ്, 1984 ഏപ്രിൽ 26.

No. F. 17 (1) 84-Pub. പൊതുജനങ്ങളുടെം അറിവിലേക്കായി പ്രസിഡണ്ടിന്റെ താഴെ പറയുന്ന ഓർഡിനൻസ് ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

## 20–ാം നമ്പർ ഓർഡിനൻസ് 1984

ഖാദിയാനി വിഭാഗം, ലാഹോറി വിഭാഗം, അഹ്മദികൾ എന്നിവരുടെ ഇസ്ലാം വിരുദ്ധ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിന് നടത്തുന്ന നിയമഭേദഗതിക്ക് വേണ്ടി. ഖാദിയാനീ വിഭാഗം, ലാഹോരി വിഭാഗം, അഹ്മദികൾ എന്നിവർ ഇസ്ലാമിക വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിന് വേണ്ടിയുള്ള നിയമഭേദഗതി.

ഉടനടി നടപടി എടുക്കുന്ന സാഹചര്യമുള്ളതിനാൽ പ്രസിഡണ്ട്*ഈ നിയമനിർമ്മാണത്തിൽ സംതൃപ്ത നാണ്. ആയതിനാൽ പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹത്തിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും ഉപ യോഗിച്ചുകൊണ്ട്, ഇന്ന് 1977 ജൂലൈ 5ന് താഴെ പറയുന്ന പ്രഖ്യാപനം നടത്തുന്നതിൽ അദ്ദേഹം സന്തുഷ്ട നാണ്.

## ഭാഗം 1 പ്രാഥമിക നിയമം

### 1. നിയമനത്തിന്റെ പേരും പ്രാബല്യവും

(1) ഈ ഓർഡിനൻസിനെ 'ഖാദിയാനീ വിഭാഗം, ലാഹോരി വിഭാഗം, അഹ്മദികൾ എന്നിവരുടെ ഇസ്ലാം വിരുദ്ധ പ്രവർത്തന ഓർഡിനൻസ് 1984 (നിരോധനവും ശിക്ഷയും)' എന്ന് വിളിക്കാവുന്നതാണ്.

(2) പ്രസ്തുത നിയമം ഇതിനാലുടൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

### 2. ഈ ഓർഡിനൻസ് കോടതിയുടെ അഭിപ്രായങ്ങളേയും വിധിയേയും അസാധുവാക്കുന്നതായിരിക്കും

എല്ലാ കോടതികളുടെയും അഭിപ്രായങ്ങളും വിധിയും ഈ ഓർഡിനൻസിനെ യാതൊരുവിധത്തിലും ബാധിക്കില്ല.

## ഭാഗം II പാകിസ്താൻ ശിക്ഷാനിയമത്തിന്റെ ഭേദഗതി

### 3. 29813ഉം 298 C എന്നീ പുതിയ വകുപ്പുകൾ കൂട്ടിചേർക്കൽ

പാകിസ്താൻ പീനൽകോഡ് (Act XLV of 1860) ചാപ്റ്റർ XVൽ സെക്ഷൻ 298Aക്ക് ശേഷം താഴെ പറയുന്ന പുതിയ ഉപവകുപ്പ് ചേർക്കേണ്ടതാണ്.

### 298 B ചില പ്രത്യേക വിശുദ്ധ വ്യക്തികൾക്കും സ്ഥലങ്ങൾക്കുമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന സംജ്ഞകൾ, വിവരണങ്ങൾ, പദവി നാമങ്ങൾ എന്നിവയുടെ ദുരുപയോഗം.

(1) ഖാദിയാനീ വിഭാഗം, ലാഹോരി വിഭാഗം (അഹ്മദി എന്നോ മറ്റേതൊരു പേരിലോ വിളിക്കപ്പെടുന്നവർ) എഴുത്തിലോ, വാക്കിലോ ഏതെങ്കിലും പദങ്ങളിലൂടെയോ ദൃശ്യരൂപത്തിലൂടെയോ.

(a) ഖലീഫ, റസൂൽ തിരുമേനി(സ)യുടെ അനുചരന്മാർ എന്നിവർ അല്ലാത്ത മറ്റാരെയെങ്കിലും അമീറുൽ മുഅ്മിനീൻ, ഖലീഫത്തുൽ മുഅ്മിനീൻ, ഖലീഫത്തുൽ മുസ്ലിമീൻ, സഹാബി, റളിയല്ലാഹു അൻഹു എന്നീ പേരുകളിൽ വിശേഷിപ്പിക്കുകയോ വിളിക്കുകയോ ചെയ്യൽ.

(b) റസൂൽ തിരുമേനി(സ)യുടെ ഭാര്യമാരല്ലാത്തവരെ 'ഉമ്മുൽ മുഅ്മിനീൻ' എന്ന് വിശേഷിപ്പിക്കുക യോ വിളിക്കുകയോ ചെയ്യൽ.

* ജനറൽ സിയാഉൽ ഹഖ്

കൾ, മതനിന്ദാനിയമം മുതലായ അഹ്മദികളെ ലക്ഷ്യം വെച്ചുകൊണ്ട് പാകിസ്താനിൽ ഇന്ന് വരെയുണ്ടായിട്ടുള്ള നിയമങ്ങളാണ് ചുവടെ കൊടുത്തത്.

## അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള 1974ലെ ഭരണഘടനാ നിയമം (രണ്ടാം ഭരണഘടനാ ഭേദഗതി)

## Vol. XXVI - 1974 Act of XLIX of 1974

### കേന്ദ്രനിയമം - 435 ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താന്റെ ഭരണഘടനാ ഭേദഗതി.

(1974 സെപ്തംബർ 21 പാകിസ്താൻ ഗസറ്റ്. അസാധാരണം - പാർട്ട് 1)

1974 സെപ്തംബർ 17ാം തിയ്യതി പാകിസ്താൻ പ്രസിഡണ്ടിന്റെ അംഗീകാരം ലഭിച്ച, പാർലമെന്റിന്റെ താഴെ പറയുന്ന നിയമം പൊതുജനങ്ങളുടെ അറിവിന്നായി വിളംബരപ്പെടുത്തുന്നു.

താഴെ കാണുന്ന ഉദ്ദേശങ്ങൾക്ക് വേണ്ടി ഇസ് ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താന്റെ ഭരണഘടന ആവശ്യാനുസൃതം ഭേദഗതി വരുത്തിയിരിക്കുന്നു.

അവ താഴെ കാണുന്ന പ്രകാരം നിയമമാക്കപ്പെട്ടിരിക്കുന്നു.

**1. നിയമത്തിന്റെ പേരും പ്രാബല്യവും**

(1) ഈ നിയമം 1974 ഭരണഘടനാനിയമം (രണ്ടാം ഭേദഗതി) എന്ന പേരിലായിരിക്കും അറിയപ്പെടുക.

(2) ഈ നിയമം ഇതിനാലുടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**2. ഭരണഘടനയുടെ 106 വകുപ്പ് ഭേദഗതി**

ഇവിടെ ഭരണഘടന എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇസ്‌ലാമിക റിപ്പബ്ലിക് ഓഫ് പാകിസ്താൻ ഭരണഘടനയുടെ ആർട്ടിക്കിൾ 106ലെ ഉപവകുപ്പ് (3)ലെ 'സമുദായങ്ങൾ' എന്ന പദത്തിന് ശേഷം വരുന്ന പദത്തിനും ബ്രാക്കറ്റിനും ശേഷം ഖാദിയാനി വിഭാഗം അല്ലെങ്കിൽ ലാഹോരി വിഭാഗത്തിൽ പെട്ട വ്യക്തികൾ (അഹ്മദികൾ എന്ന് സ്വയം വിളിക്കപ്പെടുന്നവരെല്ലാം) ഉൾപ്പെടുന്നതായിരിക്കും.

**3. ഭരണഘടനാ 260ാം വകുപ്പ് ഭേദഗതി**

ഭരണഘടനയുടെ ആർട്ടിക്കിൾ 260ന്റെ ഉപവകുപ്പ് (2)ന് ശേഷം താഴെ കാണുന്ന പുതിയ ഉപവകുപ്പ് (3) കൂട്ടിചേർക്കുന്നതായിരിക്കും.

(3) മുഹമ്മദ് നബി(സ)യുടെ നിരുപാധികവും ഖണ്ഡിതവുമായ പ്രവാചകത്വപരിസമാപ്തിയിൽ വിശ്വസിക്കാതിരിക്കുകയോ. വാക്കുകൊണ്ടോ, എന്തെങ്കിലും തരത്തിലുള്ള വിവരണങ്ങൾ കൊണ്ടോ മുഹമ്മദ് നബി (സ)ക്ക് ശേഷം ഒരു പ്രവാചകനാണെന്ന് വാദിക്കുക യോ അത്തരത്തിൽ വാദിക്കുന്ന ഒരാളെ പ്രവാചകനാണെന്നോ, മതപരിഷ്കർത്താവാണെന്നോ വിശ്വസിക്കുകയും ചെയ്യുന്ന ഒരാൾ ഭരണഘടനാനുസൃതമായി മുസ്‌ലിമല്ല.

———●———

## ഗവൺമെന്റ് ഓഫ് പാകിസ്താൻ

### പാകിസ്താൻ ഗസറ്റ് വിജ്ഞാപനം* - അസാധാരണം (Extra ordinary)

1984 ഏപ്രിൽ 26ന് ഇസ്‌ലാമാബാദിൽ നിന്നും ബന്ധപ്പെട്ട അധികൃതർ പ്രസിദ്ധീകരിക്കുന്നത്.

**പാർട്ട് - 1**

**നിയമങ്ങൾ, ഓർഡിനൻസുകൾ, പ്രസിഡണ്ടിന്റെ ഓർഡറുകളും ചട്ടങ്ങളും പട്ടാളനിയമവും ചട്ടങ്ങളും ഉൾപ്പെടെ.**

* പ്രസിഡണ്ട് ജനറൽ സിയാഉൽ ഹഖിന്റെ കാലത്ത് പുറപ്പെടുവിച്ചത്.

എം.എസ്.

ലേഖനം

# പാകിസ്താൻ ഭരണഘടനയുടെ നീതിനിഷേധങ്ങൾ?

**മതസ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളുമടക്കം മൗലികാവകാശങ്ങൾ ഭരണഘടനാപരമായി അനുഭവിക്കുന്ന നമ്മുടെ രാജ്യത്തെ മുസ്‌ലിംകൾ തൊട്ടടുത്ത അയൽരാജ്യമായ പാകിസ്താനിൽ ഇസ്‌ലാം മതത്തിന്റെ പേരിൽ അവരുടെ ഭരണഘടനയിൽ എഴുതിച്ചേർത്ത മനുഷ്യാവകാശധ്വംസനങ്ങളെ പറ്റിയും അവകാശനിഷേധങ്ങളെപ്പറ്റിയും അറിയണം. പാകിസ്താൻ ഭരണഘടനയിലെ അത്തരം നിയമങ്ങൾ ഈ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.**

ഇസ്‌ലാമിക ഭരണകൂടമെന്നാണ് പാകിസ്താൻ അറിയപ്പെടുന്നത്. സ്വന്തം പൗരന്മാരുടെ മൗലികാവകാശങ്ങളും മതസ്വാതന്ത്ര്യവും സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായ ഭരണക്കൂടം തന്നെ പൗരന്മാരുടെ മൗലികാവകാശങ്ങൾ നിയമം മൂലം നിഷേധിച്ചിരിക്കുന്ന അവസ്ഥ അങ്ങേയറ്റം ജുഗുപ്സാവഹമാണ്. ആൾക്കൂട്ടത്തിന്റെ ആക്രമണം പോലെയോ പെട്ടെന്ന് പൊട്ടിപുറപ്പെടുന്ന കലാപം പോലെയോ ഉള്ള ഒന്നല്ല ഒരു രാജ്യം നിയമം നിർമ്മിച്ച് വ്യവസ്ഥാപിതമായി നടത്തുന്ന നീതിനിഷേധങ്ങളും പീഢനങ്ങളും. ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിനു യോജിക്കാൻ കഴിയാത്തവിധം നീതിരഹിതവും യുക്തിവിരുദ്ധവും സ്വേച്ഛാധിപത്യപരവുമാണത്.

ഇന്ത്യയെപ്പോലെ എല്ലാ മനുഷ്യാവകാശങ്ങളും ന്യൂനപക്ഷാവകാശങ്ങളും ഭരണഘടനാനുസൃതം അനുഭവിച്ചുവരുന്ന ഇവിടുത്തെ മുസ്‌ലിം സമൂഹം തൊട്ടയൽപക്കമായ പാകിസ്താനിൽ ഇസ്‌ലാം മതത്തിന്റെ പേരിൽ അഹ്മദി മുസ്‌ലിംകൾക്കെതിരെ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന നഗ്നമായ നീതിനിഷേധങ്ങളും ജനാധിപത്യ ധ്വംസനങ്ങൾക്കുമെതിരെ ഇക്കാലമത്രയും പ്രതികരിച്ചിട്ടില്ല. തങ്ങൾക്ക് ഇസ്‌ലാമിന്റെ പേരിൽ ഇങ്ങനെ അവകാശനിഷേധം നടത്താമെന്നും തങ്ങളോട് അങ്ങനെ പാടില്ലെന്നുമാണോ മുസ്‌ലിം സംഘടനകളുടെ നിലപാട്. ശത്രുവിന് പോലും നീതിയും സ്വാതന്ത്ര്യവും അനുവദിക്കണമെന്ന് അനുശാസിക്കുന്ന ഇസ്‌ലാം മതത്തിന്റെ പേരിൽ ഒരു ഭരണക്കൂടം നടത്തുന്ന ഹീനമായ അവകാശധ്വംസനങ്ങളും മതസ്വാതന്ത്ര്യനിഷേധവും ഇസ്‌ലാമികമാണോ? മുസ്‌ലിം സംഘടനകൾ പാകിസ്താനിലെ അഹ്മദിയ്യാ വേട്ടക്ക് നേരെ അവലംബിക്കുന്ന ഗർഹണീയമായ മൗനം മതാദ്ധ്യാപനങ്ങൾക്കും ജനാധിപത്യത്തിന്റെ ധാർമ്മിക നീതിക്കും നിരക്കുന്നതല്ല.

അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ട് 1974ൽ പാകിസ്താൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ പാകിസ്താൻ ഭരണഘടനയുടെ രണ്ടാം ഭേദഗതി കൊണ്ടുവരുകയുണ്ടായി. 1984 ജനറൽ സിയാഉൽഹഖ് ഇരുപതാം നമ്പർ ഓർഡിനൻസിലൂടെ അഹ്മദികൾ ചെയ്യുന്ന ഇസ്‌ലാമിക ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ക്രിമിനൽ കുറ്റങ്ങളാക്കി വ്യവസ്ഥ ചെയ്തു. അതുപോലെ മറ്റു ഭരണഘടനാഭേദഗതി

വെച്ചോ ആവാം. അതിനാൽ ഖുർആനിക പരാമർശങ്ങളുടെയും നബി തിരുമേനി(സ)യുടെ അതിനോടുള്ള പ്രതികരണത്തിന്റേയും അടിസ്ഥാനത്തിൽ ദൈവദൂഷണം നിയന്ത്രണമാവശ്യമുള്ള ഒരു കാര്യമായി കരുതുന്നതിന് നിയമപരമായ നീതീകരണം ഇല്ല. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് അത് പാപമാണെങ്കിലും ഇസ്ലാമിക നിയമത്തിന്റെ ദൃഷ്ടിയിൽ അതൊരു കുറ്റമായി കണക്കാക്കാവതല്ല. അത് കൈകാര്യം ചെയ്യുന്നത് ദൈവത്തിന്റെ മാത്രം കാര്യമാണ്. വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

***അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ, നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്കാണ് അപമാനകരമായ ശിക്ഷ അവനൊരുക്കി വെയ്ക്കുകയും ചെയ്തിട്ടുണ്ട്. സത്യവിശ്വാസികളേയും സത്യവിശ്വാസിനികളേ യും അവർ ഒരു തെറ്റും ചെയ്യാതിരിക്കെ ശല്യം ചെയ്യുന്നു. തീർച്ചയായും അവർ നുണയും വ്യക്തമായ പാപ വും ചുമന്നിരിക്കുന്നു. (33:58, 59).***

ഭൗതികമായ നിലയിലുള്ള ഒരു ശിക്ഷയും ഈ ഖുർആൻ സൂക്തത്തിൽ പരാമർശിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധിക്കുക. വീണ്ടും ഖുർആൻ പറയുന്നു. ***'നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നല്കപ്പെട്ടവരിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും വളരെയേറെ ഉപദ്രവവാക്കുകൾ കേൾക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ സഹനം കൈക്കൊള്ളുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ അത് നിശ്ചയദാർഢ്യപരമായ കാര്യങ്ങളിൽ പെട്ടതാണ്*** *(3:187).*

സംയമനവും മാന്യതയും പ്രബോധിക്കുന്ന നബി തിരുമേനി(സ)യുടെ ആധികാരികമായ ഒരു ഹദീസ്, ഈ ഹദീസിൽ ഒരു സംഭവം വിവരിച്ചിരിക്കുന്നു. നബി തിരുമേനി(സ)യും ഭാര്യയും ചില സുഹൃത്തുക്കളും ഒരുമിച്ചിരിക്കുമ്പോൾ അരികിലൂടെ ജൂതന്മാരുടെ ഒരു സംഘം കടന്നുപോവാനിടയായി. അവരോട് *'അസ്സലാമു അലൈക്കും'* (നിങ്ങൾക്ക് സമാധാനമുണ്ടാവട്ടെ) എന്ന തിരുനബി(സ) പറഞ്ഞപ്പോൾ അതിനു മറുപടിയായി ജൂതന്മാർ അസ്സാമു അലൈക്കും (നിങ്ങൾക്ക് മരണമുണ്ടാവട്ടെ) എന്ന് തിരിച്ചു പറഞ്ഞു. ഇത് കേട്ടപ്പോൾ തിരുമേനി (സ), നിശ്ശബ്ദനായി ഇരുന്നു. എന്നിരുന്നാലും തിരുമേനി(സ)യുടെ പത്നി ഹദ്റത്ത് ആയിശ(റ) കോപത്തോടെ 'അസ്സലാമു അലൈക്കും വലഅ്ന), (നിങ്ങൾക്ക് മരണവും ശാപവുമുണ്ടാവട്ടെ) എന്ന് പ്രതിയഭിവാദനം ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ പ്രതികരിച്ചുവെന്നു മാത്രമല്ല, അവരുടെ പ്രതികരണത്തിൽ ഒരു വർദ്ധനവുണ്ടായി. ആയിശ(റ)യുടെ പ്രതികരണം കേട്ട് നബി(സ) പറഞ്ഞു:

*"ഓ ആയിശാ, സർവ്വോന്നതനായ അല്ലാഹു മാന്യത ഇഷ്ടപ്പെടുന്നു."* ജൂതന്മാർ പറഞ്ഞത് തിരുമേനി (സ) കേട്ടിരുന്നോ എന്ന് ആയിശ(റ) തിരുമേനിയോട് ആരാഞ്ഞു. തിരുമേനി പ്രതിവചിച്ചു: *'അതെ നിനക്ക് 'വ അലൈക്കും* (നിങ്ങൾക്കും) എന്ന് പറയാമായിരുന്നു.' (ബുഖാരി, വാല്യം 1, 311-12) തന്നെ അപമാനിച്ചതിന് നബി(സ) തിരുമേനി പ്രതികരിച്ചില്ല പകരം തന്റെ ഭാര്യയുടെ പ്രതികരണത്തെ തിരുമേനി (സ) വിമർശിക്കുകയും ചെയ്തുവെന്ന് പ്രത്യേകം ശ്രദ്ധിക്കുക. വിശുദ്ധ ഖുർആനിൽ പറയുന്നു.

***കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് (അവരുടെ തെറ്റുകുറ്റങ്ങൾ) മാപ്പുചെയ്തുകൊടുക്കുന്നവരുമത്രേ അവർ. അല്ലാഹു സുകൃതന്മാരെ ഇഷ്ടപ്പെടുന്നു. (3:135).***

താഴെ പറയുന്ന ഹദീസിലേക്കും മടങ്ങുക.

***ഏതൊരാളുടെ നാവിൽ നിന്നും കൈയ്യിൽ നിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരാണോ അയാളാണ് മുസ് ലിം (മുസ്ലിം നമ്പർ 6 പേ)***

മുസ്ലിം ജനസംഖ്യാ പ്രാബല്യമുള്ള ഒരു സാഹചര്യത്തിലാണ് തിരുമേനി(സ) ഈ പ്രസ്താവന നടത്തിയതെന്നതിനാൽ, ഏത് സമുദായാംഗങ്ങളുടെ ഇടയിലാണ് ഒരു മുസ്ലിം താമസിക്കുന്നതെങ്കിലും അവരിൽ നിന്നും മറ്റു സമുദായംഗങ്ങൾ സുരക്ഷിതരായിരിക്കണം എന്നാണ് തിരുമേനി (സ) ഈ പ്രസ്താവന കൊണ്ടുദ്ദേശിക്കുന്നതെന്നാണ് മുസ്ലിം വ്യാഖ്യാതാക്കളുടെ ഏകോപിച്ചുള്ള വീക്ഷണം.

ദൈവദൂഷണമാണെന്ന് കണക്കാക്കാവുന്ന പ്രസ്താവനകളോടുള്ള പ്രതികരണങ്ങൾ നബി(സ)യുടേയും സഹാബാക്കളുടേയും ജീവിതത്തിലെ നിരവധി സംഭവങ്ങളിൽ നമുക്ക് കണ്ടെത്താൻ കഴിയും. ദൈവദൂഷണമായി കണക്കാക്കാവുന്ന എന്തെങ്കിലും ഉച്ചരിക്കുന്ന ആരേയും കൊലപ്പെടുത്തുകയെന്നത് തങ്ങളുടെ ദൈവദത്തമായ കർത്തവ്യമാണെന്ന് വിശ്വസിക്കുന്ന ഇക്കാലത്തെ മുസ്ലിം തീവ്രവാദികളുടെ പ്രവർത്തനങ്ങൾക്ക് തികച്ചും വിരുദ്ധമാണ് മേൽ സംഭവങ്ങൾ. (തുടരും)

**വിവ. കെ വി. ഹസ്സൻകോയ**, കോഴിക്കോട്

നമ്മെ പഠിപ്പിക്കുന്നു. സ്വതന്ത്രമായ അഭിപ്രായപ്രകടനം നടത്തേണ്ടത് ***ഹിസ്ബയും നസ്വീഹയും*** മുഖേനയായിരിക്കണം. ഹിസ്ബ എന്നത് ഇസ്‌ലാമിലെ രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമർ (റ) നിർമ്മിച്ച ഒരു പദപ്രയോഗമാണ്. വിശുദ്ധ ഖുർആനിൽ പറഞ്ഞ നന്മ പ്രബോധിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന കൃത്യനിർവ്വഹണത്തിന്റെ സംക്ഷേപമാണത്. ഹിസ്ബ എങ്ങനെയാണ് നടത്തേണ്ടത് എന്നതിന്റെ രീതിയാണ്. നസ്വീഹ. അതായത് മുസ്‌ലിംകൾ ആത്മാർത്ഥമായും സൗഹാർദ്ദപരമായും ഉപദേശനിർദ്ദേശങ്ങൾ നല്കിക്കൊണ്ടാണ് ഹിസ്ബ നിർവ്വഹിക്കേണ്ടത്. ഹിസ്ബ അഥവാ നന്മയുടെ പക്ഷം പിടിക്കൽ ഭാഷണസ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പിക്കുന്നു. നന്മ അവകാശം അതിനർഹതയുള്ളവർക്കാണ്.

വി.ഖു. പറയുന്നു:

*"നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ" (3:105)*

'ഉണ്ടാവേണ്ടതാണ്' (അ വൻതക്കൻ) എന്നത് മുസ്‌ലിംകളോടുള്ള ആജ്ഞയും അവരുടെ ബാദ്ധ്യതയുമാണ്. വി.ഖു. പറയുന്നു: *'സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം മിത്രങ്ങളാണ്. അവർ നല്ലത് ഉപദേശിക്കുകയും ചീത്തയായത് വിലക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അല്ലാഹു തീർച്ചയായും നന്മ ചെയ്യുന്നതാണ്. (9:71)*

മുൻപ്രസ്താവിച്ചവിധം ആത്മാർത്ഥമായതും സൗഹൃദപൂർവ്വമായതുമായ ഉപദേശനിർദ്ദേശങ്ങൾ നല്കുക എന്നർത്ഥമുള്ള 'നസ്വീഹ്' എന്ന പദത്തെ 'തൗബീഖ്' (ഭർത്സിക്കുക) എന്ന ആശയത്തിൽ നിന്ന് വ്യതിരിക്തമായി മനസ്സിലാക്കണം. തൌബീഖ് പരസ്യമായതും, നയരാഹിത്യപരവും പരിഹസിക്കുന്നതും ആളെ കൊച്ചാക്കുന്നവയുമായി ബന്ധപ്പെട്ടതാണ്. മറിച്ച്, നസ്വീഹ് സ്വകാര്യവും മര്യാദയുള്ളതുമാണ്.

വി.ഖു. പറയുന്നു: *ജനങ്ങളോട് നല്ല വാക്കു പറയുക (2:80) 'നിങ്ങളിലാരെങ്കിലും മറ്റൊരാൾക്ക് ഉപദേശം നൽകുമ്പോൾ മറ്റുള്ളവരുടെ കൂട്ടത്തിൽ നിന്നും അയാളെ വേറെയാക്കിനിർത്തുക.'* (അൽ-മുഖദ്ദിസ്/പേജ്:138).

ഹിസ്ബയിലും നസ്വീഹയിലും എങ്ങനെയാണ് ഇടപെടേണ്ടതെന്ന് വിശുദ്ധ ഖുർആൻ മുസ്‌ലിംകളെ പഠിപ്പിക്കുന്നു.

വി.ഖു. പറയുന്നു: *'തത്വജ്ഞാനും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക' (16:126).*

*'ഗ്രന്ഥാനുസാരികളുമായി ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ നിങ്ങൾ വിവാദം നടത്തരുത്. അവരിൽ അന്യായം പ്രവർത്തിച്ചവരുമായൊഴികെ. (അത്തരക്കാരോട് തർക്കുത്തരം പറയാവുന്നതാണ്). ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെയും നിങ്ങളുടെയും ദൈവം ഒന്നുതന്നെയാണ്. ഞങ്ങൾ അവരോട് അനുസരണയുള്ളവരുമാണ്... (29:47)*

ഗ്രന്ഥാനുസാരികൾ എന്നതിന്റെ ഉദ്ദേശ്യം വിശുദ്ധ ഖുർആന് മുമ്പ് വെളിപാട് ലഭിച്ചവരാണ്. ജൂതന്മാർ, ക്രിസ്ത്യാനികൾ, സൊരാഷ്ട്രർ, ഹിന്ദുക്കൾ എന്നിവർ അതിൽപെടുന്നു.

ഇസ്‌ലാമിൽ പ്രകടനസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുന്നത്, സത്യമാർഗ്ഗത്തിന് ക്ഷതമേല്ക്കുന്ന ഘട്ടത്തിലാണ്. പ്രകടന സ്വാതന്ത്ര്യത്തിന് നിയന്ത്രണമേർപ്പെടുത്താവുന്ന പ്രധാനപ്പെട്ട കുറ്റം ദൈവദൂഷണമാണെന്നാണ് മിക്ക മുസ്‌ലിം പണ്ഡിതന്മാരുടേയും അഭിപ്രായം. പക്ഷേ, ഇത്തരത്തിലുള്ള ദൈവദൂഷണം പോലും ഇസ്‌ലാമിൽ നിയന്ത്രിക്കപ്പെടുന്നില്ല.

മുസ്‌ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ പുച്ഛമനോഭാവത്തോടെയും ശത്രുതയോടെ യും നടത്തപ്പെടുന്ന പ്രസ്താവനകൾ, അതായത്, അല്ലാഹുവിനെതിരിലും ഇസ് ലാമിലെ അടിസ്ഥാനകാര്യങ്ങൾക്കെതിരിലും നബിതിരുമേനി (സ)ക്കെതിരിലും ഇസ്‌ലാമിൽ പരിശുദ്ധരായി കണക്കാക്കപ്പെടുന്ന പ്രവാചകന്മാർക്കും എതിരെയുള്ള പ്രസ്താവനകളാണ് ഇക്കാലത്ത്, ഇസ്‌ലാമിൽ, ദൈവദൂഷണം എന്നതിന്റെ നിർവ്വചനമായി കണക്കാക്കപ്പെടുന്നത്. ദൈവദൂക്ഷണത്തിന് അറബി ഭാഷയിൽ പറയുന്നത്. സബ്ബ് (അപമാനിക്കുക) എന്നാണ്. ദൈവദൂഷണം ഇസ്‌ലാമിൽ ഒരു പാപമായിട്ടാണ് പരിഗണിക്കുന്നതെങ്കിലും അത് ഒരു മുസ്‌ലിം ചെയ്താലും അമുസ്‌ലിം ചെയ്താലും അത് വിശുദ്ധ ഖുർആൻ ശിക്ഷ വിധിച്ചിട്ടില്ല. അതിനുള്ള ശിക്ഷ ദൈവഹസ്തങ്ങളിൽ മാത്രമാണ്. അത് ഈ ലോകത്തു വെച്ചോ പരലോകത്തു

എം. നദീം അഹ്മദ് സിദ്ധീഖ്

ലേഖനം

# മതനിന്ദ: റസൂൽ തിരുമേനി(സ)യുടെ പ്രതികരണം

## മതനിന്ദയെപ്പറ്റി വിശുദ്ധഖുർആന്റെയും റസൂൽ തിരുമേനി (സ)യും പ്രതികരണം ലേഖകൻ വിവരിക്കുന്നു.

വ്യക്തിയുടേയോ, ഗ്രൂപ്പിന്റെയോ ആശയവിനിമയം നടത്താനുള്ള സ്വാതന്ത്ര്യം എന്നാണ് പ്രകടന സ്വാതന്ത്ര്യം അഥവാ ഭാഷണ സ്വാതന്ത്ര്യം എന്നതിന് പാശ്ചാത്യ നിയമമാനദണ്ഡമനുസരിച്ചുള്ള അർത്ഥം. പക്ഷേ അത്തരം ആശയപ്രചാരണം വ്യക്തികളുടെ അന്തസ്സിന് കളങ്കം വരുത്തുന്നതോ ബലാൽക്കാരേണയുള്ളതോ ആയിരിക്കരുത്. ഈ സ്വാതന്ത്ര്യത്തിൽ പത്രപ്രവർത്തനസ്വാതന്ത്ര്യവും പെടും. സംശയനിവാരണത്തിനും സത്യം വെളിപ്പെടുത്താൻ വേണ്ടിയും വാക്കുകൾ മുഖേനയും ചിത്രങ്ങൾ മുഖേനയും ആശയവിനിമയം നടത്താനുള്ള സ്വാതന്ത്ര്യവും ഇതിൽ പെടുന്നു. വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കപ്പെട്ട നിർവ്വചനത്തിന് സമാനമായതാണിത്.

*'നിനക്ക് പ്രകടനസ്വാതന്ത്ര്യമുണ്ട്* എന്ന് സ്പഷ്ടമായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നില്ലെങ്കിലും ഈ അവകാശം നടപ്പാക്കുന്നതിൽ വിശുദ്ധ ഖുർആൻ മുസ്‌ലിംകൾക്ക് ഉപാധികൾ മുന്നിൽ വെക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് എല്ലാ ഭാഷണങ്ങളുടേയും അന്തിമലക്ഷ്യം സത്യസംസ്ഥാപനവും മനുഷ്യന്റെ അന്തസ്സിനെ ഉയർത്തിപ്പിടിക്കലുമാണ്. ദൈവിക സിഫത്തുകളിൽ ഒന്ന് അൽ-ഹഖ് (സത്യവാൻ, ശ്‌രി മാർഗ്ഗത്തിലുള്ളവൻ) എന്നാണ്. ഈ ദൈവികഗുണം സത്യമാർഗ്ഗത്തിൽ മുന്നേറിക്കൊണ്ടും അഹിതമാണെങ്കിൽപോലും സത്യം പറഞ്ഞുകൊണ്ടും ഈ ദൈവികഗുണം അനുകരിക്കാൻ മുസ്‌ലിംകൾ യത്നിക്കണം. (അൽസൂയൂത്തി പേജ് 111). അതിനാൽ ഭാഷണസ്വാതന്ത്ര്യത്തിനും പ്രകടനസ്വാതന്ത്ര്യത്തിനും കടിഞ്ഞാണിട്ടാൽ അത് സത്യം കണ്ടെത്തുന്നതിന് തടസ്സമുണ്ടാക്കുകയും മനുഷ്യത്വത്തെ തരംതാഴ്ത്തുകയും ചെയ്യും. വി.ഖു. പറയുന്നു: *'അപ്പോൾ സത്യത്തിനപ്പുറം വഴികേടല്ലാതെ മറ്റെന്താണുള്ളത്?* (വിശുദ്ധ ഖുർആൻ 10:33)

മേൽ ഖുർആൻ സൂക്തം അനുചിതമായ ഭാഷണസ്വാതന്ത്ര്യത്തിന് ഒരു തടസ്സമാണ്. ഭാഷണം സഭ്യേതരവും അധാർമ്മികവും ദ്രോഹപരവും ആകുമ്പോൾ അനുചിതമായിത്തീരുന്നു. ദുർഭാഷണം സത്യം കണ്ടെത്തുന്നതിനെ ദൈവത്തിന്നെതിരായാൽപോലും തടസ്സപ്പെടുത്തുകയും അങ്ങനെ മനുഷ്യന്റെ അന്തസ്സിന്റെ ലംഘനമായിത്തീരുകയും ചെയ്യുന്നു. അതിനാൽ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിൽ ദുർഭാഷണം നിയന്ത്രിക്കുന്നത് നീതികരിക്കാവുന്ന താണ്. വി. ഖു. പറയുന്നു: *"പരസ്യമായ നിലയിൽ അനുചിതമായ സംസാരം അല്ലാഹു ഇഷ്ടപ്പെടുന്നില്ല, ദ്രോഹിതനായ ഒരാളിൽ നിന്നൊഴികെ."* (വു. ഖുർആൻ: 8 എന്നിരിക്കിലും ഏറ്റവും അപമാനകരമായ വിധത്തിലുള്ള ഭാഷണം പോലും, അതായത് ദൈവനിന്ദപോലും ഭൗതീകമായി ശിക്ഷിക്കപ്പെടേണ്ട കുറ്റമല്ല. അത് ഇസ് ലാമിക നിയമത്തിൽ നിയന്ത്രിക്കപ്പെട്ടിട്ടുമില്ല.

ഒരാളുടെ ഭാഷണസ്വാതന്ത്ര്യവും പ്രകടനസ്വാതന്ത്ര്യവും എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് ഇസ്‌ലാം

യും തിന്മ നന്മയായും മാറിയിരിക്കുന്നു.' (ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ IPH, കോഴിക്കോട്) കേരളത്തിലെ മുജാഹിദ് വിഭാഗത്തിലെ മടവൂർ ഗ്രൂപ്പിന്റെ ജിഹ്വയിലെ അഭിപ്രായം കാണുക.

"19-ാം നൂറ്റാണ്ടിൽ മുസ്‌ലിംകൾ ഏതർത്ഥത്തിലും പിന്നോക്കമായിത്തീർന്നു. മുസ്‌ലിം സമൂഹത്തിനകത്തെ ജാഹിലിയ്യാകാലം എന്ന് വിശേഷിപ്പിക്കാവുന്നവിധം അധഃസ്ഥിതിയിലായിരുന്നു അവർ. (ശബാബ് 2006 ഏപ്രിൽ 7).

മുജാഹിദ് മൗലവി ഗ്രൂപ്പിനും വ്യത്യസ്തമായ അഭിപ്രായമല്ല. നോക്കുക. "ജൂതക്രിസ്ത്യാനികൾ എഴുപത്തി ഒന്നും എഴുപത്തി രണ്ടും കക്ഷികളായി പിരിഞ്ഞപോലെ എന്റെ സമുദായം 73 കക്ഷികളായി പരിയുമെന്നും ആ കക്ഷികളിൽ ഒന്നൊഴികെ എല്ലാം നരകത്തിലാണെന്നും പഠിപ്പിച്ച പ്രവാചകന്റെ പ്രവചനത്തിന്റെ പുലർച്ചയിലേക്കാണ് മുസ്‌ലിം സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥ വിരൽചൂണ്ടുന്നത്. ആരെത്ര പരിശ്രമിച്ചാലും ഈ പ്രവചനത്തിന്റെ പുലർച്ചക്കൊരറുതി അസാധ്യമാണ്." (വിചിന്തനം 2006 ജൂൺ 16)

"എന്ത് കൊണ്ടാണ് മുസ്‌ലിംകൾ അധിവസിക്കുന്ന രാഷ്ട്രങ്ങളിൽ ഇത്രയധികം കുഴപ്പങ്ങളുണ്ടാകുന്നത്. ഫലസ്തീൻ, ബോസ്നിയ, കാശ്മീർ, സോമാലിയ, ഫിലിപ്പൈൻസ്, അഫ്ഗാനിസ്ഥാൻ, ചെച്നിയ, അങ്ങനെ നീളുകയാണ് ആ പട്ടികയിലെ പേരുകൾ. യുദ്ധവും പോരാട്ടവും രക്തച്ചൊരിച്ചിലും കുഴപ്പങ്ങളുമൊക്കെ സംഭവിക്കുന്നത് മുസ്‌ലിം പ്രദേശങ്ങളിൽ മാത്രമാണെന്ന് വേണമെങ്കിൽ പറയാവുന്ന മട്ടിലാണ് സംഭവങ്ങളുണ്ടാകുന്നത്."

(ശബാബ്, നവംബർ 17, 1995)

(കൂട്ടത്തിൽ ഗൾഫ്-അറബ് രാജ്യങ്ങളുടെ പേരെടുത്ത് കാണിക്കാത്തത് മനഃപൂർവ്വമായിരിക്കാം. കാരണം വൻസമ്മേളനങ്ങൾ കൊഴുപ്പിക്കാനും, സ്ഥാപനങ്ങളുടെ പേരിലും മറ്റും ഭിക്ഷാപാത്രവുമായി പോകേണ്ടതുള്ളതിനാൽ അവരെ വെറുപ്പിക്കണ്ട എന്ന് ശബാബുകാർ കരുതിയിട്ടുണ്ടാവും.)

ഭീകരവാദ - തീവ്രവാദമൊക്കെ ഇന്ന് ദീനിന്റെ പേരിലായിരിക്കുന്നു. ദീനിന് വേണ്ടി മറ്റുള്ളവരെ കൊല്ലുന്നത് പുണ്യമാണെന്നും ശഹീദിന്റെ പുണ്യം ലഭിക്കുമെന്നും അവർ കരുതുന്നു. നിരവധി കക്ഷികളും ഉപകക്ഷികളുമായി. മുസ്‌ലിം രാഷ്ട്രങ്ങളിൽ ഒന്നിലും സ്വസ്ഥതകളില്ല. ജനങ്ങൾക്ക് സ്വാതന്ത്ര്യമില്ല. സഊദി അറേബ്യയിൽപോലും ജനാധിപത്യത്തിനു വിരുദ്ധമായ രാജഭരണമാണല്ലോ. മിക്ക മുസ്‌ലിം രാഷ്ട്രങ്ങളും പട്ടാളത്തിന്റെ കരുത്തിലാണ് നിലനിൽക്കുന്നത്. അവർ തമ്മിൽ തീരാ പപ്പകയും ശത്രുതയും വെച്ചുപുലർത്തുന്നു. ഒരു കൂട്ടർ മറ്റുള്ളവരിൽ നിന്ന് രക്ഷക്കായി അമേരിക്കയെ കൂട്ടുപിടിക്കുന്നു. സഹോദരരാഷ്ട്രത്തെ ആക്രമിക്കാനും മുസ്‌ലിം സഹോദരന്റെ രക്തം ചിന്താനും അമേരിക്കക്ക് താവളമൊരുക്കിക്കൊടുക്കുന്നു. അമേരിക്കൻ അധിനിവേശം മുസ്‌ലിം സംസ്കാരത്തേയും അവിടുത്തെ വിഭവങ്ങളെയും ഊറ്റികുടിക്കുന്നത് നോക്കി നിൽക്കാനെ മുസ്‌ലിംകൾക്ക് കഴിയുന്നുള്ളൂ. ഇസ്‌ലാമിക തെരഞ്ഞെടുപ്പ് രീതി പോലും ഒരു മുസ്‌ലിം രാഷ്ട്രം പോലും സ്വീകരിക്കാൻ തയ്യാറല്ല. ഒരു പണ്ഡിതൻ മറ്റെ പണ്ഡിതനെ കാഫിറാക്കുന്നു. ഒരു പ്രസ്ഥാനം മറ്റെ പ്രസ്ഥാനത്തെ വഴിതെറ്റിയവരെന്ന് വിധിക്കുന്നു. ഷിയാ പള്ളികളിൽ സുന്നികൾ ബോംബ് വെച്ച് മുസ്‌ലിം സഹോദരന്റെ രക്തം ഒഴുക്കുന്നു. സുന്നി പള്ളികളിൽ ഷിയാക്കളും തഥൈവ. പിഞ്ചുകുഞ്ഞുങ്ങൾ പഠിക്കുന്ന മദ്രസകൾ ബോംബിട്ട് തകർക്കുന്നു. മനുഷ്യരക്തം അമൃത് പോലെ കാണുന്ന രാക്ഷസന്മാരായി ഖൈറുൽ ഉമ്മത്ത് മാറിയിരിക്കുന്നു. എല്ലാവരും മുറവിളി കൂട്ടുന്നതോ ഇസ് ലാമിന്റെ സംരക്ഷണത്തിന് വേണ്ടിയും!! അത്ഭുതം തന്നെ!!!. ലോകം മുഴുവൻ ശാന്തിയും സമാധാനവും പുലർത്തേണ്ടവർ, അനുസരണവും വിനയത്വവും പുലർ ത്തേണ്ടവർ തനി രാക്ഷസന്മാരായി മാറുമ്പോഴും അവരെ നന്നായി എടുക്കാൻ മുസ്‌ലിം നേതൃത്വത്തിനും രാഷ്ട്രത്തലവന്മാർക്കും പണ്ഡിതവർഗ്ഗത്തിനും കഴിയാതെ എല്ലാവരും ഒന്നടങ്കം ദുഷിച്ചിരിക്കുമ്പോൾ ഇസ്‌ലാമികചൈതന്യം അബ്ദുൽ ഉള്ളടത്തും ഇവരിൽ നിന്ന് എവിടെയോ നഷ്ടപ്പെട്ടുവെന്നല്ലേ മനസ്സിലാക്കേണ്ടത്. ഇവർ അൻകബൂത്തിന്റെ വീട് നിർമ്മിക്കുന്നു. പക്ഷെ അതെത്ര ദുർബലം!!!

ലോകപ്രശസ്തനായ ഇസ്‌ലാമിക പണ്ഡിതനായ ഡോ. യൂസുഫുൽ ഖറദാവിയുടെ വാക്കുകൾ ശ്രദ്ധിക്കുക: "പലയിടങ്ങളിലും മുസ്‌ലിംകൾ പട്ടിണിയും രോഗവും മൂലം മരിച്ചൊടുങ്ങുന്നു. അജ്ഞതയുടെയും നിരക്ഷരതയുടെയും മയക്കുമരുന്നുകളുടെയും നീരാളിപ്പിടിത്തത്തിൽ ജീവച്ഛവങ്ങളായി കഴിയുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെയും കുഫ്റിന്റെയും ഭീഷണികൾ അവരെ വേട്ടയാടുന്നു. ഇതൊന്നും നാം മുഖവിലക്കെടുക്കേണ്ടതല്ലെ.?...." (മുസ്‌ലിം ഐക്യം സാധുതയും സാധ്യതയും) (തുടരും) ■

രിക്കാൻ കഴിയില്ല. സമൂഹത്തിൽ ശാന്തിയും സമാധാനവും സ്നേഹവും ഐക്യവും ഇത്തരം മനുഷ്യർ വളർത്താൻ ശ്രമിക്കുന്നു.

## ഖൈറുൽ മുർസലീനും ഖൈറുൽ ഉമ്മത്തും

പ്രവാചകപ്രഭുവും ശരീഅത്തിന്റെ അവസാനത്തെ പ്രവാചകനുമായ മുഹമ്മദ് നബി (സ) സാർവലൗകിക പ്രവാചകനാണ്. അശ്റഫുൽ ഖൽഖും റഹ്മതുൽ ലിൽ ആലമീനുമായ തിരുമേനി(സ)യുടെ സമുദായം ഖൈറുൽ ഉമ്മത് അഥവാ സമുദായങ്ങളിൽ വെച്ച് ഏറ്റവും ഉത്തമസമുദായവുമാകുന്നു. **'കുൻതും ഖൈറ ഉമ്മതിൻ ഉഖ്‌രിജത്തുലിന്നാസ്** (ആലുഇംറാൻ : 110) എന്ന് ഖുർആൻ പറയുന്നു.

ഖൈറുൽ ഉമ്മതിന്റെ അവസ്ഥ – റസൂൽ(സ)യുടെ പ്രവചനം:

ഖൈറുൽ ഉമ്മത്ത് എന്ന് റസൂൽ(സ) വിശേഷിപ്പിച്ച ഈ സമുദായത്തിന്റെ അവസ്ഥ എത്രത്തോളം അധഃപതിക്കുമെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുള്ളത് പരിശോധിക്കാം.

*“ചെരിപ്പിന്റെ ഇണ തുണയോടൊത്തപോലെ സാദൃശ്യമായിരിക്കും ഇസ്റായീല്യർക്ക് വന്നുഭവിച്ച അവസ്ഥാവിശേഷം എന്റെ സമുദായത്തിനും വന്നെത്തുന്നതാണ്. പരസ്യമായി തന്റെ മാതാവിനെ പരിഗ്രഹിച്ചവൻ അവരിലുണ്ടായിരുന്നെങ്കിൽ അങ്ങനെ ചെയ്യുന്നവർ പോലും എന്റെ സമുദായത്തിലുണ്ടാകുക തന്നെ ചെയ്യും. ഇസ്റായീല്യർ 72 കക്ഷികളായി ഭിന്നിച്ചു. എന്നാൽ എന്റെ സമുദായം 73 കക്ഷികളായി പിളരും.”*

(ഉദ്ധരണി: അഹ്ലുസുന്നത്തി വൽജമാഅ: കെ. കുഞ്ഞീതുമദനി പ്രസാധകർ: കെ.എൻ.എം., കോഴിക്കോട്)

*“നിങ്ങൾക്ക് മുമ്പുള്ളവരുടെ (ദുഷിച്ച) നടപടികളെ ചാണിന് ചാണായും മുഴത്തിന് മുഴമായും നിങ്ങൾ പുന്തുടരുക തന്നെ ചെയ്യും. അവർ ഒരു ഉടുമ്പിന്റെ മാളത്തിൽ കടന്നിട്ടുണ്ടായിരുന്നെങ്കിൽ അതിൽവരെ നിങ്ങൾ അവരെ പിന്തുടരും. അല്ലാഹുവിന്റെ ദൂതരെ; മുമ്പുള്ളവർ എന്നത് കൊണ്ട് ജൂത ക്രിസ്ത്യാനികളെയാണോ അങ്ങ് ഉദ്ദേശിക്കുന്നത് എന്ന് അവർ ചോദിച്ചപ്പോൾ അവരല്ലാതെ മറ്റാരാണ് എന്ന് അവിടന്ന് തിരിച്ചു ചോദിച്ചു”.. അവർക്ക് വന്നുഭവിച്ച ഗുരുതരമായ ആ ദുർഗതിയിൽ നിന്ന് ഗുണപാഠമുൾക്കൊണ്ട് സത്യത്തിലുറച്ച് നിൽക്കേണ്ടവരായിരുന്നു മുസ്‌ലിംകൾ. നിർഭാഗ്യവശാൽ സംഭവിക്കാൻ പോകുന്നത് അതല്ല. മുസ്‌ലിംകൾ ആ ദുർമാർഗ്ഗങ്ങളിൽ വളരെ കൃത്യമായി അവരെ അനുകരിക്കുക തന്നെ ചെയ്യും. സ്വസമുദായത്തിന് നബി(സ) നൽകിയ മുന്നറിയിപ്പ് അതാണ്.''* (ഉദ്ധരണി: അതേ പുസ്തകം)

“....... തിരുദൂതരുടെ ഒരു പ്രവചനം കാണുക. അതിൽ പരാമർശിക്കുന്ന കാലഘട്ടത്തിലല്ലേ നിർഭാഗ്യവശാൽ നാം വന്നെത്തിയിരിക്കുന്നത് എന്ന് ഗൗരവപൂർവ്വം ചിന്തിച്ച് നോക്കുക. “ജനങ്ങൾക്ക് ഒരു കാലം വന്നണഞ്ഞേക്കും. അന്ന് ഇസ്‌ലാം എന്ന പേര് മാത്രമേ അവശേഷിക്കുകയുള്ളൂ. ഖുർആന്റെ ലിപി മാത്രമേ നിലനിൽക്കുകയുള്ളൂ. അവരുടെ പള്ളികൾ നന്നായി പരിപാലിക്കപ്പെടുന്നുണ്ടാവും. പക്ഷെ അവർക്ക് സന്മാർഗ്ഗമുണ്ടായിരിക്കയില്ല. അന്ന് അവരുടെ പണ്ഡിതന്മാർ ആകാശത്തിന് താഴെയുള്ള മനുഷ്യരിൽ ഏറ്റവും ദുഷിച്ചവരായിരിക്കും. അവരിൽ നിന്നാണ് കുഴപ്പം ഉൽഭവിക്കുക. അവരിൽ തന്നെ അത് ചെന്നെത്തുകയും ചെയ്യും. (അതേ പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണി)

മുകളിൽ ഉദ്ധരിച്ച ഹദീസുകൾക്ക് പുറമെ ഇത്തരം നിരവധി കാര്യങ്ങൾ ഈ ഉമ്മത്തിനെക്കുറിച്ച് റസൂൽ(സ) പറഞ്ഞിട്ടുണ്ട്.

## ഈ പ്രവചനങ്ങൾ പുലർന്നു

തിരുമേനി(സ)യുടെ കാലത്തെ ജനതയിൽ നടമാടിയിരുന്ന മദ്യപാനം, മദ്യവിൽപന, കഞ്ചാവ് ഉപയോഗവും കച്ചവടവും, വ്യഭിചാരം, സ്ത്രീപീഡനം, പലിശയിടപാട്, കള്ളക്കടത്ത്, കുഴൽപണമിടപാട്, പിടിച്ച് പറി, കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയതെല്ലാം തന്നെ ഇന്ന് സമൂഹത്തിൽ സാർവത്രികമായി കഴിഞ്ഞിരിക്കയാണെന്ന കാര്യത്തിൽ ആർക്കെങ്കിലും വ്യത്യസ്താഭിപ്രായമുണ്ടാവുമെന്ന് കരുതുന്നില്ല. ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവ് ടി. മുഹമ്മദ് എഴുതുന്നത് കാണുക: “മുസ്‌ലിംകളുടെ ധാർമ്മികാധഃപതനത്തിന്റെ കഥ പറയാതിരിക്കുകയാണ് ഭേദം. വ്യഭിചാരം, മദ്യപാനം, ചൂതാട്ടം, ചീട്ടുകളി എന്ന് വേണ്ട സകല വൃത്തികേടുകളും വഷളത്തരങ്ങളും ഈ സമുദായത്തിൽ നിർബാധം നടമാടുന്നു. സ്മഗ്ളിംഗ്, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, കൈക്കൂലി, അഴിമതി തുടങ്ങിയ സാമൂഹികവിരുദ്ധ ചെയ്തികളിൽ നിന്ന് സുരക്ഷിതനായ ഒരാളെപ്പോലുമിന്ന് കണികാണാൻ പ്രയാസമാണ്. സുന്നത്തുകളെ ബിദ്അത്തുകൾ കൈയേറിയിരിക്കുന്നു. ഭൗതികത്വം തൗഹീദിനെ കാർന്ന് തിന്നുന്നു. നന്മ, തിന്മയാ

ആലിംകൾ - പറഞ്ഞതിൽ സംതൃപ്തരാവുന്ന ആളുകൾക്കാണ് എല്ലാ നാശവും നഷ്ടവും.

തേനീച്ചക്കൂടുണ്ടാക്കുന്ന രീതി, ഭക്ഷണം കേടുകൂടാതെയും രോഗാണുക്കളിൽ നിന്ന് സംരക്ഷിച്ച് കൊണ്ടുള്ള സൂക്ഷിപ്പ്, കൂട്ടിലെ അറകളുടെ നിർമ്മാണരീതി എന്നിവയിൽ വിദഗ്ധരായ ഒരു ആർക്കിടെക്ടിന്റെയോ അതിബുദ്ധിമാനായ എൻജിനീയരുടെയോ സാങ്കേതികമികവ് കാണുവാൻ കഴിയും. റാണി, ജോലിക്കാർ, പരിചാരകർ, കൂടു വൃത്തിയാക്കുന്നവർ, തേൻ ശേഖരിക്കാൻ പോകുന്നവർ, കാവൽപടയാളികൾ തുടങ്ങി അതിന്റെ ജീവിതക്രമങ്ങളും ചിട്ടകളും ഒരു ജനകീയ സർക്കാറിന്റെ ഭരണസംവിധാനത്തെപ്പോലും അതിശയിപ്പിക്കുന്നതാണ്. തേനീച്ചയുടെ സാമൂഹ്യസംഘടിത ജീവിതക്രമം ഈ ജീവികളെ മനുഷ്യരേക്കാൾ അച്ചടക്കമുള്ളവരും മാതൃകാജീവിതം കാഴ്ചവെക്കുന്നവരുമാക്കിത്തീർത്തിരിക്കുന്നു. അവർക്ക് ഒരു നേതാവ്. ആ നേതാവിന്റെ ആജ്ഞയനുസരിച്ച് അച്ചടക്കത്തോടും അനുസരണയോടുംകൂടി സാമൂഹ്യ-സംഘടിത ജീവിതം നയിക്കാൻ ഓരോ ഈച്ചയും പ്രതിജ്ഞാബദ്ധമായിരിക്കുന്നു. അച്ചടക്കം ലംഘിക്കുന്നവരെ ആ സമൂഹത്തിൽ നിന്ന് പുറംതള്ളുന്നു. ചുരുക്കത്തിൽ തങ്ങളുടെ നേതാവിന്റെ ഇച്ഛക്കും കൽപനക്കുമനുസരിച്ച് അച്ചടക്കപൂർണ്ണമായ ഒരു സാമൂഹ്യജീവിതമാണ് അവ നിർവഹിക്കുന്നത്. ഇതിൽ നിന്നാണ് മനുഷ്യൻ പാഠം ഉൾക്കൊള്ളേണ്ടത്. മറ്റൊന്ന്, ഇതിന്റെ നേർവിപരീതമായ - അച്ചടക്കരഹിതമായ ജീവിതം നയിക്കുന്നവരെ അൻകബൂത്തിന്റെ (എട്ടുകാലി) - വീടുപോലെ അവരുടെ പ്രവർത്തനഫലം ദുർബലമായതാണെന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ദിവ്യബോധനം ലഭിച്ചവർ നേതൃത്വം കൊടുക്കുന്ന ഒരു സംഘടിത സൊസൈറ്റിയിൽ നിന്ന് അകന്ന് നിന്ന് ഛിദ്രതയും അനൈക്യവും സൃഷ്ടിച്ച് സമൂഹത്തിൽ അസാമാധാനവും അരക്ഷിതാവസ്ഥയും ശത്രുതയും വളർത്തുന്നവരാണവർ. ***"അല്ലാഹുവിനോട് മറ്റുള്ളവരെ രക്ഷാകർത്താക്കളായി വെച്ചിട്ടുള്ളവരുടെ സ്ഥിതി ചിലന്തിയുടെ സ്ഥിതി പോലെയാണ്"*** (വി.ഖു. 29:42)

വഹ്‌യു (ദിവ്യബോധനം) ലഭിച്ചിട്ടുള്ളത് മനുഷ്യർക്കും തേനീച്ചക്കുമാണ്. അത് അല്ലാഹുവിൽ നിന്നുള്ള മഹത്തായ അനുഗ്രഹമാണ്; അവൻ ഇച്ഛിക്കുന്നവർക്ക് അത് നൽകുന്നു എന്നും അല്ലാഹു പറയുമ്പോൾ അത് നമുക്കൊരു ശാപമാണെന്ന് കരുതാൻ വയ്യല്ലോ. ജീവികളിൽ ദിവ്യബോധനം ലഭിച്ച തേനീച്ചയുടെ ജീവിതം മറ്റുള്ള എല്ലാ ജീവികളിൽ നിന്നും വ്യത്യസ്തവും അനുഗൃഹീതവുമാണ്. അവയുടെ പ്രവർത്തനഫലം ഏറ്റവും മഹത്തരവുമാണ്. മനുഷ്യർക്ക് പോലും രോഗശമനമുണ്ടാക്കുന്നവിധം, അവന് ഉന്നതനിലവാരമുള്ള ഭക്ഷണം ഉൽപാദിപ്പിക്കാൻ കഴിവ് നേടുംവിധം ഈച്ചയുടെ പ്രവർത്തനങ്ങളുടെ ഫലം അത്യുന്നതമാകുന്നു. ഇത് തന്നെയാണ് ദിവ്യബോധം ലഭിച്ച, അല്ലാഹു അനുഗ്രഹിച്ചവർ കാണിച്ച് തരുന്ന മാർഗ്ഗം പിന്തുടരുന്നവരുടെയും സ്ഥിതി. ദിവ്യബോധനം ലഭിച്ച തേനീച്ച ഒരു ശക്തമായ നേതൃത്വത്തിൽ സുസംഘടിതരാണ്. അവർ ഭിന്നിക്കുകയില്ല. ഭിന്നിപ്പിന്റെ സ്വരം മുഴക്കുന്ന അച്ചടക്കരഹിതർ ആ സംഘടനയിൽ നിന്നും പുറത്തായിരിക്കും. ഇതേപോലെ ദിവ്യബോധനം ലഭിച്ച ഒരു നേതാവിന്റെ - ഇമാമിന്റെ - കീഴിൽ സുസംഘടിതജീവിതം - നയിക്കുന്നവരായിരിക്കണം മനുഷ്യരും. ഈച്ചയുടെ പ്രവർത്തനഫലം - ഉൽപാദനം - ഏറ്റവും ഗുണപ്രദവും മഹത്തരവുമാണ്. മനുഷ്യൻ പുരോഗതിയുടെ അത്യുന്നതിയിലെത്തിയിട്ടും തേനീച്ചയുടെ ഉൽപാദനത്തിന്റെ തേനിന്റെ രഹസ്യങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഇനിയും നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അതേപോലെ ഒരു നേതാവിന്റെ കീഴിൽ സംഘടിത - അച്ചടക്കപൂർണ്ണമായ ജീവിതം നയിക്കുന്നവരുടെ പ്രവർത്തനഫലവും അത്യുന്നതവും മഹത്തരുമായിരിക്കും. അത് മനുഷ്യരാശിക്ക് ശാശ്വതസമാധാനാവും സുരക്ഷിതബോധവുമുണ്ടാക്കും. ഇതിന്റെ നേർവിപരീതമായി അച്ചടക്കരഹിതവും ശൈഥില്യവും അനൈക്യവും നിറഞ്ഞ ഒരു ജീവിതക്രമം അനുഷ്ഠിക്കുന്നവരുടെ പ്രവർത്തനഫലമാവട്ടെ എട്ടുകാലിയുടെ വീട് പോലെ ദുർബലവും നശിച്ചൊടുങ്ങുന്നതും നിഷ്പ്രയോജനവുമാണ്. അതിനാൽ ഇതിലേതിനെയാണ് നാം തെരഞ്ഞെടുക്കേണ്ടതെന്ന് ചിന്തിച്ച് തീരുമാനിക്കുക.

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമെന്താണെന്ന് വിശുദ്ധ ഖുർആന്റെ കർത്താവ് സർവലോകപരിപാലകനും രക്ഷാകർത്താവുമായ ദൈവം നമ്മോട് പറയുന്നു. "എന്നെ അറിഞ്ഞാരാധിക്കാനല്ലാതെ ഞാൻ ജിന്നിനെയും മനുഷ്യനെയും സൃഷ്ടിച്ചിട്ടില്ല" ആരാധിക്കാൻ മാത്രമല്ല, അറിഞ്ഞാരാധിക്കാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവത്തിന്റെ പ്രതിച്ഛായയിലാണ് മനുഷ്യൻ. ദൈവിക ഗുണങ്ങൾ സ്വായത്തമാക്കുമ്പോഴാണ് ദൈവത്തെ അറിയാൻ കഴിയുക. അപ്പോൾ മനുഷ്യന് മനുഷ്യനെയും ഇതരജീവികളെയും സ്നേഹിക്കാതിരിക്കാൻ കഴിയില്ല. അവന്റെ ദുഃഖത്തിൽ പങ്കുചേരാതി

ജലാലുദ്ദീൻ കല്പേനി

ലേഖനം

# മനുഷ്യൻ - തേനീച്ചക്കും എട്ടുകാലിക്കുമിടയിൽ

**അച്ചടക്കപൂർണ്ണമായ ഒരു സാമൂഹികജീവിതത്തിന്റെ പ്രതിനിധിയാണ് തേനീച്ച. അനുസരണയോഗ്യവും സുശക്തവുമായ നേതൃത്വമാണ് അവക്കുള്ളത്. എട്ടുകാലിയാവട്ടെ ദുർബലതയുടെ പ്രതീകവും. മനുഷ്യസമൂഹത്തിന് ഒരുപാടു പാഠങ്ങൾ ഈ രണ്ട് കൊച്ചുപ്രാണികളും നൽകുന്നു.**

സൃഷ്ടികളിൽ ഏറ്റവും ഉത്തമനും വിശേഷബുദ്ധിയുള്ളവനുമാണ് മനുഷ്യൻ. പക്ഷെ ഏറ്റവും അധമനും പൈശാചികവൃത്തിയുമുള്ളവനുമായി അധഃപ്പതിക്കാനും അവന് കഴിയും. ആദം (അ)ന്റെ മകൻ കായേൻ അസൂയ പൂണ്ട് സ്വന്തം സഹോദരനായ ആബേലിനെ വധിച്ച സംഭവം മനുഷ്യചരിത്രത്തിലെ ആദ്യത്തെ കൊലപാതകമായിരിക്കാം. പുരോഗതിയുടെ അത്യുത്തംഗതയിലെത്തിയിട്ടും മനുഷ്യരിൽ ഇന്നും കായേനിന്റെയും ആബേലിന്റെയും സ്വഭാവമുദ്രയോടെയുള്ള വിഭജനം കാണാം. ഒരു ഭാഗത്ത് കായേനിന്റെ ക്രൂരതയുടെയും അശാന്തിയുടെയും മുഖം; മറുഭാഗത്ത് ആബേലിന്റെ ശാന്തിയുടേയും സ്നേഹത്തിന്റെയും മുഖം. മനുഷ്യകുലത്തിന് സന്മാർഗ്ഗദർശനമായിട്ടാണ് വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടത്. അതിലെ ചില അധ്യായങ്ങളാണ് അന്നഹ്ൽ (തേനീച്ച), അൻകബൂത്ത് (എട്ടുകാലി) എന്നിവ. ഈ അദ്ധ്യായങ്ങൾ മനുഷ്യന് നൽകുന്ന പാഠം അതീവ ഗൗരവമേറിയതാകുന്നു. നിസ്സാരമെന്ന് നാം കരുതുന്ന ഈ ജീവിവർഗ്ഗം മനുഷ്യന് പാഠവും മുന്നറിയിപ്പുമാകുന്നതെങ്ങിനെ? കായേനും ആബേയും മനുഷ്യനുള്ള കാലത്തോളം അവന്റെ പ്രതിനിധികളായി ഇരുചേരികളിലായി യുഗങ്ങൾ താണ്ടി നിലനിൽക്കുമ്പോൾ അവനെ അൻകബൂത്തിന്റെ ബലഹീനതകളിൽ നിന്നും തേനീച്ചയുടെ സുസംഘടിതവും അച്ചടക്കപൂർണ്ണവുമായ ജീവിതത്തിലേയ്ക്ക് ആനയിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു. **"ഉപമകൾ നാം വിവരിക്കുന്നത് മനുഷ്യർക്ക് വേണ്ടിയാണ്. പക്ഷെ, ജ്ഞാനികൾക്കല്ലാതെ അത് മനസ്സിലാക്കുവാൻ സാധിക്കുകയില്ല"** (29:44) അതിനാൽ തേനീച്ചയേയും എട്ടുകാലിയേയും ഉപമകളായെടുത്ത് അല്ലാഹു മനുഷ്യരുടെ നന്മക്കായി പ്രയോഗിക്കുമ്പോൾ അതി നെ നിസ്സാരവൽക്കരിച്ച് തള്ളിക്കളയാൻ ജ്ഞാനികളും ബുദ്ധിമാന്മാ രും തയ്യാറാവുകയില്ല. അല്ലാഹു പറയുന്നു. *"വ അൗഹാ റബുക ഇലന്നഹ്‌ലി" നിന്റെ നാഥൻ തേനീച്ചക്ക് വഹ്‌യ് അഥവാ ദിവ്യ സന്ദേശം നൽകി."* (സൂറ: അന്നഹ്ൽ) ദിവ്യബോധനത്തിലൂടെ മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യൻ കെട്ടിയുണ്ടാക്കുന്ന പന്തലിൽനിന്നും ചിലയിടങ്ങളിൽ കൂടുണ്ടാക്കുവാനും എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും ഭക്ഷിക്കുവാനും നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുവാനും അതുൽ ബോധിപ്പിക്കുന്നു. അതിന്റെ വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടുകൂടിയ ഒരു പാനീയം പുറത്ത് വരുന്നുണ്ടെന്നും അതിൽ മനുഷ്യർക്ക് രോഗശമനമുണ്ടെന്നും പറഞ്ഞുകൊണ്ട് അല്ലാഹു പറയുകയാണ്. "നിശ്ചയമായും ചിന്തിക്കുന്ന ജനതക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്." ചിന്തിക്കാൻ യത്നിക്കുന്നവർക്ക് മാത്രമെ വിശുദ്ധ ഖുർആന്റെ തത്വരഹസ്യങ്ങൾ മനസ്സിലാവുകയുള്ളൂ. അത്തരം ചിന്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. കാരണം അത്തരക്കാർ സത്യം തിരിച്ചറിയുന്നു. ചിന്താശക്തി എല്ലാവർക്കും നൽകിയിട്ടുള്ളതിനാൽ ചിന്തിക്കാതെ പണ്ഡിതന്മാരെ മാത്രം ആശ്രയിക്കുന്ന രീതിയെ അല്ലാഹു പ്രോത്സാഹിപ്പിക്കുന്നില്ല. ***"അവർ തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കി"*** (വി.ഖു. 9:31) ആയതിനാൽ അല്ലാഹു പറഞ്ഞതിനെ അവഗണിച്ച് പണ്ഡിതന്മാർ അഥവാ

*ളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും അതിൽ സ്ഥിരചിത്ത രായി നിലകൊള്ളുകയും ചെയ്ത വരാരോ അവരുടെയടുക്കൽ മല ക്കുകൾ ഇറങ്ങും. നിങ്ങൾ ഭയപ്പെ ടേണ്ട വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടി രുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ട രാവുക' എന്നവർക്ക് സുവിശേഷം നല്കുകയും ചെയ്യുന്നു.* (41:31) ഇപ്ര കാരം ദിവ്യാനുഭൂതി പ്രാപിച്ച ലക്ഷ കണക്കിനാളുകൾ ഇസ്‌ലാമിൽ കഴി ഞ്ഞുപോയിട്ടുണ്ട്.

**സമുന്നതലക്ഷ്യം**

വി. ഖുർആൻ ഉന്നതമായ ഒരു ലക്ഷ്യസ്ഥാനം മനുഷ്യന് നിർണ്ണയി ക്കുന്നു. ആ ലക്ഷ്യസ്ഥാനത്തേക്കു ള്ള പ്രയാണം മാത്രമാണ് വാസ്ത വത്തിൽ ഐഹികജീവിതം. ഇവിടെ വെച്ച് ചെയ്യുന്ന സൽകർമ്മങ്ങളുടെ ഫലങ്ങൾ പാരത്രികലോകത്ത് മൂർത്തരൂപത്തിൽ ലഭിക്കുമാറാകു ന്നു. പരലോകത്തിന്റെ കൃഷിയിടമാ കുന്ന ഐഹികജീവിതം. വി.ഖുർ ആൻ പറയുകയാണ്: *"നാളേക്ക് വേണ്ടി താനെന്താണ് ഒരുക്കിവെച്ചി ട്ടുള്ളതെന്ന് ഓരോ ആത്മാവും ആത്മപരിശോധന നടത്തട്ടെ"* (59;) എന്നാൽ ബൈബിൾ പറയുന്നു: *"നാളേക്കായി വിചാരപ്പെടരുത്. നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതാത് ദിവസ ത്തിന് അന്നന്നത്തെ ദോഷം മതി."* (മത്തായി 6:34) ഉയർന്ന ലക്ഷ്യസാ ഫല്യത്തിലേക്കുള്ള പ്രയാണത്തിന് തടയിടുകയാണ് ബൈബിൾ ചെ യ്തിരിക്കുന്നത്.

**പ്രാർത്ഥന**

ഖുർആനിലും ബൈബിളിലും വന്നിരിക്കുന്ന പ്രാർത്ഥനകളിൽ നിന്നും ഇരുഗ്രന്ഥങ്ങളും തമ്മി ലുള്ള അന്തരം മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. ബൈബിളിലെ പ്രാർത്ഥന - *നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ, സ്വർഗ്ഗസ്ഥനായ പിതാവെ, നിന്റെ നാമം വിശുദ്ധീക രിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ'. നിന്റെ ഇഷ്ടം സ്വർഗ ത്തിലെപ്പോലെ ഭൂമിയിലും ആകേണ മേ. ഞങ്ങൾക്ക് ആവശ്യമുള്ള ആ ഹാരം ഇന്ന് നല്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ട ങ്കൽ നിന്ന് ഞങ്ങളെ വിടുവിക്കേണ മേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാണല്ലോ."* (മത്തായി 6-9-13)

ഖുർആനിലെ പ്രാർത്ഥന - *പര മകാരുണികനും കരുണാമയനു മായ അല്ലാഹുവിന്റെ നാമത്തിൽ. എല്ലാ സ്തുതിയും സർവ്വലോകപ രിപാലകനായ അല്ലാഹുവി നാകു ന്നു. പരമകാരുണികൻ, കരുണാമ യൻ, പ്രതിഫലം നല്കപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ, നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നി ന്നോട് മാത്രം ഞങ്ങൾ സഹായ മർത്ഥിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയി ക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ നിന്റെ കോപത്തിന് പാത്രമായവരുടെയോ വഴിപിഴച്ചവ രുടെയോ മാർഗത്തിലല്ല നീ ഞങ്ങ ളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.*

ഖുർആനിലെ പ്രഥമാദ്ധ്യാപന ത്തിലടങ്ങിയ മേലുദ്ധരിച്ച പ്രാർത്ഥ നാവാചകങ്ങൾ ഓരോന്നും അഗാ ധജ്ഞാനങ്ങൾ നിറഞ്ഞവയും വിവരണാതീതവുമാണ്. എങ്കിലും നിത്യവും ആഹാരം തരേണമേ എന്ന ബൈബിളിലെ പ്രാർത്ഥനയും നിന്റെ അനുഗ്രഹത്തിന് പാത്രമായ വരുടെ മാർഗമേതോ ആ നേരായ മാർഗത്തിൽ ഞങ്ങളെ വഴി നടത്തേ ണമേ എന്ന ഖുർആനിലെ പ്രാർത്ഥ നയും ആകാശഭൂമികൾ തമ്മിലുള്ള വൈജാത്യമുണ്ട്. ചുരുക്കത്തിൽ വിശുദ്ധ ഖുർആന്റെ തത്വങ്ങളും അദ്ധ്യാപനങ്ങളും സസൂക്ഷ്മം പഠ നവിധേയമാക്കുന്നവർക്ക്, വിശുദ്ധ ഖുർആൻ അതുല്യമായ ദിവ്യഗ്രന്ഥ മാണെന്ന് ബോദ്ധ്യപ്പെടുന്നതാണ്.

■

*(5-ൽ നിന്ന് തുടർച്ച)*

വരെല്ലാം ഈ ഖുർആനിക കല്പന പൂർണ്ണമായും പാലിച്ചിട്ടുണ്ട്. കാരണം പരിശുദ്ധ വസ്തുക്കൾക്ക് മാത്രമേ വിശുദ്ധി ഉല്പാദിപ്പിക്കാൻ സാധ്യമാവൂ. ഖുർആൻ പറയുന്നു:

**ആദ്യനാൾ മുതൽ തന്നെ ദൈവികഭക്തിയിന്മേൽ സ്ഥാപിക്ക പ്പെട്ട ഒരു പള്ളിയാണ് നിനക്ക് നമ സ്കരിക്കുന്നതിന് ഏറ്റവും അർഹ മായിട്ടുള്ളത്. പരിശുദ്ധിയാർജി ക്കുവാൻ ആഗ്രഹിക്കുന്ന ചില ആളുകൾ ആ പള്ളിയിലുണ്ട്. പരി ശുദ്ധി നേടുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. അല്ലാഹുവിനെ ക്കുറിച്ചുള്ള ഭയഭക്തിയിന്മേലും തൃപ്തിയിന്മേലും തന്റെ കെട്ടിട ത്തിന്റെ അടിത്തറ സ്ഥാപിച്ച വനോ അതല്ല ഇളകി വീശാറായ മണൽതിട്ടകളുടെ വക്കത്ത് ഒരു വൻ തന്റെ കെട്ടിടത്തിന്റെ അസ്തി വാരം നിർമ്മിച്ചു എന്നിട്ട് അവ നേയും കൊണ്ട് അത് നരകാഗ്നി യിൽ ആപതിക്കുകയും ചെയ്തു. അങ്ങനെയുള്ളവനോ ഉത്തമൻ? അല്ലാഹു അധർമികളായ ആളു കളെ നേർവഴിയിലാക്കുകയില്ല. അവരുടെ ആ കെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു അസ്വാസ്ഥ്യ ത്തിന് (കാരണ)മായിക്കൊണ്ടേയി രിക്കും. അവരുടെ ഹൃദയങ്ങൾ തുണ്ടുതുണ്ടായി പോകുന്ന തായാലൊഴികെ അല്ലാഹു സർവ്വ ജ്ഞനും യുക്തിജ്ഞനുമാണ്.** (വി.ഖുർആൻ 9:105-110)

■

അദ്ധ്യാപനം ഇപ്രകാരമാണ്. “തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ വല്ലവനും മാപ്പു ചെയ്യുകയും അതുമുഖേന നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല.” (42:41) ബുദ്ധിയുടെ അടിസ്ഥാനത്തിൽ സന്ദർഭൗചിത്യമനുസരിച്ച് വർത്തിക്കാനാണ് ഈ വചനത്തിൽ ഖുർആൻ നിർദ്ദേശിക്കുന്നത്. നന്മ വരുത്തുവാൻ സാധിക്കുന്ന വഴിയേതാണോ അതനുസരിച്ച് പ്രതിക്രിയയോ മാപ്പുകൊടുക്കുകയോ ചെയ്യാവുന്നതാണ്. എന്നുവെച്ചാൽ ഒരാൾക്ക് പൊറുത്തുകൊടുക്കുന്നതുകൊണ്ട് അയാൾ തന്റെ ചീത്ത പ്രവൃത്തികളിൽ മുന്നേറാനാണ് സാധ്യതയെങ്കിൽ അന്നേരം പൊറുത്തുകൊടുക്കുന്നത് തിന്മയാണെന്നും, പൊറുത്തുകൊടുക്കുക മൂലം അയാളിൽ പരിവർത്തനമുണ്ടാകാനാണ് സാധ്യതയെങ്കിൽ അപ്പോൾ പൊറുത്തുകൊടുക്കാതിരിക്കുന്നതാണ് തിന്മയെന്നും ഖുർആൻ പഠിപ്പിക്കുന്നു. എന്നാൽ ബൈബിൾ നല്കുന്ന പാഠം ഇങ്ങനെയാണ്: “ഞാനോ നിങ്ങളോട് പറയുന്നത്, ദുഷ്ടനോട് എതിർക്കരുത്. നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്ക. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന്നിന്റെ പുതപ്പും വിട്ടുകൊടുക്കുക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകാൻ നിർബന്ധിച്ചാൽ രണ്ട് അവനോട് കൂടെ പോക.” (മത്തായി 5:39-41) ബൈബിളിന്റെ ഈ അദ്ധ്യാപനങ്ങൾ ഇക്കാലത്ത് അപ്രായോഗികവും യുക്തിരഹിതവുമാണ്. ക്രിസ്ത്യാനികൾ പോലും പ്രസ്തുത അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാവില്ലെന്നുള്ളതാണ് സത്യം.

## സമുദായ ഐക്യവും സാഹോദര്യവും ഉറപ്പിക്കുന്ന പാഠങ്ങൾ

മതത്തിന്റെ പേരിൽ സംഘർഷങ്ങളും കലഹങ്ങളും നടന്നുകൊണ്ടിരിക്കുന്ന വർത്തമാനയുഗത്തിൽ ഈ വിഷയം പലരും ചർച്ച ചെയ്തു വരുന്നു. എന്നാൽ മതസാഹോദര്യം നിലനിർത്തുന്നതിന് അവശ്യം അനുപേക്ഷണീയമായ അടിസ്ഥാന തത്വങ്ങൾ വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നുണ്ട്. എല്ലാ മതഗുരുക്കന്മാരെയും ആദരിക്കണമെന്നും മറ്റുള്ളവർ ആരാധിക്കുന്ന ബിംബങ്ങളെപ്പോലും ഭർത്സിക്കരുതെന്നും ഖുർആൻ കൽപിക്കുന്നു. എല്ലാ സമുദായങ്ങളും ദൈവാനുഗ്രഹത്തിന് പാത്രീഭവിച്ചിട്ടുണ്ടെന്നും വി. ഖുർആൻ പ്രഖ്യാപിക്കുന്നു. ദൈവകാരുണ്യത്തിന്റെ ഫലമായി എല്ലാ സമുദായങ്ങളിലും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. പരസ്പരം തുല്യധാരണയുള്ള ഒരു തത്വത്തെ അടിസ്ഥാനമാക്കി, അതായത് ഏക ദൈവത്തെയല്ലാതെ മറ്റാരേയും ആരാധിക്കുകയില്ലെന്ന ഒരേയൊരു വിശ്വാസപ്രമാണത്തെ മാത്രം ആധാരമാക്കി ഗ്രന്ഥാനുസാരികളുമായി സഹകരിച്ചു ജീവിക്കുവാൻ ഖുർആൻ മുസ്‌ലിംകളെ പ്രത്യേകം ഉണർത്തുന്നു. (3:65). വിശുദ്ധ ഖുർആൻ നല്കുന്ന മാർഗദർശനങ്ങളിലൂടെ മാത്രമെ സാമുദായികമൈത്രി നിലനിറുത്താനാവുകയുള്ളൂ. എന്നാൽ ബൈബിളിന്റെ അദ്ധ്യാപനം കാണുക: “അവർ ഇസ്റായേല്യർ, പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും വാഗ്ദത്തങ്ങളും അവർക്കുള്ളവ. പിതാക്കന്മാരും അവർക്കുള്ളവർ തന്നെ. ജഡീപ്രകാരം കൃസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്.” (റോമർ 9: 4, 5) എല്ലാ ദൈവീകാനുഗ്രഹങ്ങളും ഇസ്രായീല്യരിൽ മാത്രം ഒതുങ്ങുന്നു എന്ന ബൈബിളിന്റെ പാഠം മതസഹിഷ്ണുത നിലനിറുത്തുവാൻ പര്യാപ്തമല്ല.

## മോക്ഷത്തിന്റെ മാനദണ്ഡം

മനുഷ്യൻ നൈസർഗികമായി ശുദ്ധപ്രകൃതിയോടുകൂടിയാണ് ജനിക്കുന്നതെന്നും പാപം അവനിൽ ബാഹ്യമായ കാരണങ്ങളാലാണ് കടന്നുകൂടുന്നതെന്നും ഖുർആൻ പഠിപ്പിക്കുന്നു. ഒരാൾക്കും മറ്റൊരാളുടെ പാപം ഏറ്റെടുക്കുവാനോ പകരം നിൽക്കുവാനോ സാധിക്കുകയില്ല. ഓരോരുത്തനും ചെയ്യുന്ന ത്യാഗങ്ങളും പശ്ചാത്താപവുമായിരിക്കും അവനവന്റെ മുക്തിക്ക് നിദാനമാവുക. (വി.ഖു. 6:115) എന്നാൽ മനുഷ്യരാസകലം ജന്മനാ തന്നെ പാപികളായിത്തീർന്നതിനാൽ യേശു അവരുടെയെല്ലാം പാപം ചുമന്നുകൊണ്ട് കുരിശിൽ മരണം വരിച്ചെന്നും കേവലം യേശുവിന്റെ കുരിശുമരണത്തിൽ (പാപപരിഹാരസിദ്ധാന്തത്തിൽ) വിശ്വസിക്കുന്നവനാണ് മോചനമെന്നുമുള്ളതാണ് ക്രിസ്തുമതത്തിന്റെ അടിത്തറ. തീരെ അടിയുറപ്പില്ലാത്ത ഈ വിശ്വാസത്തിന്മേലാണ് ക്രിസ്തുമതസൗധം നിലയുറപ്പിച്ചിട്ടുള്ളത് തന്നെ.

## രണ്ട് ഉദ്യാനങ്ങൾ

വിശുദ്ധ ഖുർആന്റെ അനുശാസനപ്രകാരം ജീവിതം നയിക്കുന്നവർക്ക് ഐഹികജീവിതത്തിൽ തന്നെ സ്വർഗ്ഗീയാനുഗ്രഹങ്ങൾ സിദ്ധിക്കുന്നതാണെന്ന് അത് പ്രഖ്യാപിക്കുന്നു. ഇഹത്തിൽ വെച്ച് സംപ്രാപ്തമാകുന്ന സ്വർഗീയാനുഭൂതികളെ കുറിച്ച് കേവലം വിശുദ്ധ ഖുർആനാണ് സുവാർത്ത നല്കുന്നത്. *“തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെടുന്നവനാരോ അവന് രണ്ട് ഉദ്യാനങ്ങളുണ്ട്.” (വി.ഖു. 55:47). ഞങ്ങ*

ലത്തെ സാഹചര്യങ്ങൾക്കനുസൃത വുമായിരുന്നു. സർവ്വശക്തനായ ദൈവത്തെപ്പോലും ഇസ്റാഈ ലിന്റെ ദൈവമായി മാത്രം അത് പരി മിതപ്പെടുത്തുന്നു. എന്നാൽ വിശു ദ്ധ ഖുർആൻ സമസ്ത മനുഷ്യകു ലത്തേയും സംബോധന ചെയ്തു കൊണ്ട് സ്ഥലകാല പരിമിതികൾക്ക തീതവും എന്നെന്നും പ്രയോഗിക വുമായ മാർഗദർശനങ്ങൾ നല്കു ന്നു. ദൈവത്തെ കുറിച്ച് സർവ്വലോ കരക്ഷിതാവ് (റബ്ബുൽ ആലമീൻ) എന്നാണ് ഖുർആൻ പരിചയപ്പെടു ത്തുന്നത്. എന്നുവെച്ചാൽ, ജാതി വർഗ്ഗ, ദേശ, ഭാഷാ വ്യത്യാസമന്യേ മുഴുവൻ മനുഷ്യവംശത്തിന്റെയും ഭൗതീകവും ആത്മീയവുമായ നില നില്പിന് വേണ്ട ഏർപ്പാടുകൾ ചെ യ്തവനാണ് ദൈവം. അല്ലയോ മനു ഷ്യസമൂഹമേ (യാ അയ്യുഹന്നാൻ), ഓ ആദം സന്തതികളെ (യാ ബനീ ആദമ) എന്നീ വചനങ്ങളിലൂടെ സമസ്ത മനുഷ്യരെയും സംബോ ധന ചെയ്യുകയും മാർഗദർശനങ്ങൾ നല്കുകയും ചെയ്യുന്നു എന്നത് ഖുർആനെ മറ്റു വേദഗ്രന്ഥങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നു. ഇതു സംബന്ധിച്ച് വാഗ്ദത്ത മഹ്ദീമ സീഹ് (അ) ഇപ്രകാരം പറയുന്നു: *"വിശുദ്ധ ഖുർആനുമായി താരതമ്യ പ്പെടുത്തുമ്പോൾ, തൗറാത്തിനും ഇൻഞ്ചീലിനും നില്ക്കാൻ കാലുക ളില്ല. ഏഴു സൂക്തങ്ങൾ മാത്രമട ങ്ങിയ വിശുദ്ധ ഖുർആനിലെ ഒന്നാ മദ്ധ്യായവുമായി ഈ ഗ്രന്ഥങ്ങളെ യൊട്ടാകെ തുലനം ചെയ്തുനോ ക്കൂ; ഏറ്റവും ഔചിത്യത്തോടെ നിവേശിക്കപ്പെട്ട ഈ പ്രഥമാദ്ധ്യായ ത്തിൽ അതിലളിതമായും നൈ സർഗ്ഗികമായും വിശദീകരിക്കപ്പെട്ടി രിക്കുന്ന സത്യങ്ങളും മതവിജ്ഞാ നങ്ങളും മോശയുടെ തൗറാത്തി ലോ, യേശുവിന്റെ ഇഞ്ചീലിലോ അവയുടെ താളുകൾ ആജീവ നാന്തം മറിച്ചുനോക്കിയാൽപ്പോലും കാണുകയില്ല."* (സിറാജുദ്ദീൻ ഈസാ ഇകെചാർസവാലോംകാജ വാബ്) ബൈബിൾ പാഠങ്ങളുമായി തുലനം ചെയ്യുമ്പോൾ വിശുദ്ധ ഖുർആന്റെ മഹനീയത സുതാരാം വ്യക്തമാകുന്നതാണ്.

### ആത്മോന്നതിയുടെ അടിസ്ഥാനം

വിശുദ്ധ ഖുർആന്റെ അദ്ധ്യാപ നങ്ങൾ മനുഷ്യപ്രകൃതിക്കനുഗു ണവും ഗഹനമായ തത്വങ്ങളിലധി ഷ്ഠിതവുമാകുന്നു. ഭക്ഷണപദാർ ത്ഥങ്ങൾ മനുഷ്യന്റെ ആത്മീയവും സ്വഭാവപരവുമായ ഗുണാഗണ ങ്ങൾ നിർണ്ണയിക്കുന്നതിൽ സ്വാധീ നമുണ്ടാക്കുന്ന മുഖ്യഘടകമാണെ ന്ന് വർത്തമാനകാലത്ത് അംഗീകരി ക്കപ്പെട്ട യാഥാർത്ഥ്യമാണ്. 1400 വർഷങ്ങൾ മുമ്പേത്തന്നെ വി. ഖുർ ആൻ ഈ തത്വം ലോകസമക്ഷം പ്രഖ്യാപിച്ചു. *"പരിശുദ്ധ വസ്തുക്ക ളിൽ നി ന്ന് നിങ്ങൾ ഭക്ഷിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെ യ്യുക"* (വി.ഖു. 23:52) എന്നുവെ ച്ചാൽ വിഹിതവും ശുദ്ധവുമായ ഭക്ഷണപദാർത്ഥങ്ങളുടെ ഉപയോ ഗം ഉൽകൃഷ്ട സ്വഭാവഗുണങ്ങൾ രൂപീകരണത്തിനും ദൂഷ്യസ്വഭാവ ങ്ങളുടെ പരിവർജ്ജ്യത്തിനും അനി വാര്യമായ അടിസ്ഥാനഘടകമാ ണെന്ന ശാസ്ത്രീയ തത്വമാണ് വിശുദ്ധ ഖുർആൻ അനാവൃതമാകു ന്നത്. അതുപോലെ മനുഷ്യന് ശാരീ രികവും മാനസികവും ധാർമ്മികവു മായി തകരാറുണ്ടാക്കുന്ന എല്ലാ വസ്തുക്കളെയും വിശുദ്ധ ഖുർ ആൻ നിഷിദ്ധമാക്കുകയും ചെയ്തി ട്ടുണ്ട്. "ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത മറ്റു വല്ലതിന്റെ യും പേരിൽ അർപ്പിക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടുച്ചുകൊ ന്നത്, കൊമ്പുകൊണ്ട് കു ത്തിക്കൊ ല്ലപ്പെട്ടത്, ദുഷ്ടജന്തുക്കൾ തിന്നു ബാക്കിയായത്, ബിംബങ്ങൾക്ക് വേണ്ടി ബലിപീഠത്തിൽ അറുക്കപ്പെ ട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാ ക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ അമ്പുകൾ ഉപയോഗിച്ച് കുറി യിട്ട് ഓഹരിവെച്ചെടുക്കുന്നതും നിങ്ങൾക്ക് വിരോധിക്കപ്പെട്ടിരിക്കു ന്നു. ഇതെല്ലാം അധർമ്മമാകുന്നു." (വി.ഖു. 5:4) ധാർമ്മികത ക്ഷയിപ്പി ക്കുന്നതും തിന്മകൽ പ്രവേശിക്കാ നിടയാക്കുന്നതുമായ അതിസൂക്ഷ്മ മായ മൂലകാരണങ്ങൾ ക്കു ള്ള പ്രതിവിധി വി. ഖുർആനിൽ നിർദ്ദേ ശിച്ചിരിക്കുന്നു. മനുഷ്യന്റെ സർവ്വ തോന്മുഖമായ ഗുണത്തിന്, നിഷി ദ്ധവും, അനുവദനീയവുമായ വസ് തുക്കൾ വി.ഖുർആൻ വിവരിച്ചുത രുന്നു. ഇതിന്നെതിരിൽ ബൈബി ളിന്റെ പാഠം നോക്കുക: *"മനുഷ്യന് അശുദ്ധി വരുത്തുന്നത് വായ്ക്ക കത്ത് ചെല്ലുന്നത് അല്ല. വായിൽ നിന്ന് പുറപ്പെടുന്നത് അത്രെ. അതു മനുഷ്യനെ അശുദ്ധനാക്കുകയില്ല, മറിച്ച് അവനെ അശുദ്ധനാക്കുന്നത് വായിലൂടെ പുറത്തുവരുന്ന കാര്യ ങ്ങളാണത്രേ!!"* വാസ്തവത്തിൽ ആന്തരികമായ തകരാറുകളാണ് പുറമെ കാണുന്ന തിന്മകൾക്കെല്ലാം അടിസ്ഥാനം. തിന്മകളുടെ ഉത്ഭവം തന്നെ തടയുന്നതിന്നുതകുന്ന മാർഗ ങ്ങൾ നിർദ്ദേശിക്കുന്നു എന്നത് വി. ഖുർആന് മാത്രമുള്ള സവിശേഷത യാണ്.

### യുക്തിഭദ്രമായ അദ്ധ്യാപനങ്ങൾ

മനുഷ്യപ്രകൃതി വ്യത്യസ്തങ്ങ ളാണ്. കേവലം ശിക്ഷ നടപ്പാക്കു ന്നതിലൂടെയാണ് ചിലരിൽ പരി വർത്തനമുണ്ടാകുന്നതെങ്കിൽ മറ്റു ചിലരിൽ മാപ്പുകൊടുക്കുന്നതിലൂടെ പരിവർത്തനമുണ്ടാകുന്നു. അതു സംബന്ധിച്ചു വി. ഖുർആന്റെ

മഹ്മൂദ്, കൽക്കുളം

ലേഖനം

# വിശുദ്ധ ഖുർആൻ ഒരു താരതമ്യപഠനം

## സാർവജനീനവും സാർവകാലികവുമായ വിശുദ്ധ ഖുർആൻ മാനവരാശിക്ക് നൽകുന്നത് സമ്പൂർണ്ണമായ അധ്യാപനങ്ങളാണ്

രണ്ടു ദശാബ്ദങ്ങളിലായി വെളിപ്പെടുത്തപ്പെട്ട ദിവ്യഗീരുക്കളുടെ സമാഹാരമാകുന്നു വിശുദ്ധ ഖുർആൻ. എല്ലാ ജനതതികൾക്കും ശാശ്വത ഉപദർശനങ്ങളടങ്ങിയ നിസ്തുലവും അപരിമേയവുമായ ഒരു നിയമസംഹിതയാണത്. പ്രക്ഷിപ്തങ്ങളില്ലാതെ, സ്വച്ഛതയിലും പൂർണ്ണതയിലും അഭംഗുരം നിലകൊള്ളുന്നു എന്നത് വിശുദ്ധ ഖുർആന്റെ വിസ്മയാവഹമായ സവിശേഷതയാണ്. അഥവാ അമാനുഷിക പരിരക്ഷയിലുള്ള സുഭദ്രമായ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. മനുഷ്യന്റെ ഐഹികവും ആമുഷ്മികവുമായ ക്ഷേമനിദാനങ്ങൾ സമഗ്രമായ നിലയിൽ വി.ഖുർആൻ മുന്നോട്ടു വെക്കുന്നുണ്ട്. ദൈവസാക്ഷാൽക്കാരത്തിന്റെ അമൂല്യമായ രാജവീഥിയിലേക്കുള്ള ആഹ്വാനങ്ങളാണ് ഖുർആനിക മാർഗദർശനങ്ങളുടെ അന്തഃസത്ത.

### പ്രവചന സാക്ഷാൽക്കാരം

മാനവസമൂഹം നാഗരികവും ബൗദ്ധികവുമായ നിലയിൽ അഭിവൃദ്ധിപ്പെടുകയും ലോകജനത പരസ്പരം സമ്പർക്കം പുലർത്താൻ പര്യാപ്തമാവുകയും ചെയ്യുമ്പോൾ, സമസ്ത മനുഷ്യർക്കുമായി അവതീർണ്ണമാകുന്ന അന്തിമ വെളിപാടു ഗ്രന്ഥത്തെകുറിച്ചുള്ള ദീർഘദർശനം പൂർവ്വഗ്രന്ഥങ്ങളിലും കാണാവുന്നതാണ്. അഗ്നിമയമായ ഗ്രന്ഥം എന്നാണ് വിശുദ്ധ ഖുർആനെകുറിച്ച് തൗറാത്തിലെ പ്രവചനങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്നത്. മാറ്റിത്തിരുത്തലുകളില്ലാത്ത, ജാജ്വല്യമാനമായ ദൈവീകഗ്രന്ഥം വി.ഖുർആനായിരിക്കും എന്നാണ് അതിന്റെ വിവക്ഷിതം. ഇഞ്ചീലിൽ യേശു തന്റെ ശിഷ്യരോട് പറയുന്നതിങ്ങനെയാണ്: *'ഇനിയും വളരെ നിങ്ങളോട് പറവാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും"* (യോഹന്നാൻ 16:12,13). വി. ഖുർആന്റെ അന്യാദൃശമായ ശ്രേഷ്ഠതകളാണ് ഉപര്യുധൃത ബൈബിൾ പ്രവചനത്തിൽ അനാവരണം ചെയ്തിരിക്കുന്നത്. ബൈബിളിന്റെ അദ്ധ്യാപനങ്ങൾ കേവലം കാലനിർണ്ണിതവും അപൂർണ്ണവുമായിരുന്നുവെന്ന വസ്തുത യേശുവിന്റെ വാക്കുകളിൽ നിന്നു തന്നെ സുവിദിതമാകുന്നുണ്ട്. സകല സത്യങ്ങളുമുൾക്കൊണ്ട സമ്പൂർണ്ണ മാർഗദർശനം മുഹമ്മദ് നബിയുടെ (സത്യത്തിന്റെ ആത്മാവ്) ആഗമനത്തോടെയായിരിക്കും യാഥാർത്ഥ്യമാവുക എന്ന ദീർഘദർശനത്തിന്റെ നിറഞ്ഞ പൂർത്തീകരണം കൂടിയാണ് വി. ഖുർആൻ. ഇതുസംബന്ധമായി വി. ഖുർആൻ ഇപ്രകാരം വിളംബരം ചെയ്യുന്നു. *"ഇന്നേദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."* (5:4)

### സാർവ്വലൗകീക മാർഗ ദർശനം

ബൈബിൾ കൽപനകളധികവും കേവലം ഇസ്റായേൽ ജനതയെ ലക്ഷ്യമാക്കുന്നതും അക്കാ

നെ അംഗീകരിക്കാതെ ഇപ്പോഴും അന്ധകാരത്തിൽ വഴിതെറ്റി നടക്കുകയാണ്. വാഗ്ദത്ത മസീഹിനെ അംഗീകരിക്കുന്നവരിൽ കഷ്ടതകൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു. ഏതു രീതിയിൽ ഇവരെ കഷ്ടപ്പെടുത്താം എന്ന ചിന്തയിലാണ് രാപ്പകലുകൾ ഈ കൂട്ടർ കഴിച്ചു കൂട്ടുന്നത്.

ഇരുട്ടിൽ നിന്ന് മുസ്‌ലിം ലോകത്തെ രക്ഷിച്ച് അവർക്ക് വിനഷ്ടമായ മഹത്വം പുന:സ്ഥാപിക്കുന്നതിനുവേണ്ടി അല്ലാഹു ഏതൊരും മസീഹിനെയാണോ അയച്ചത് അദ്ദേഹത്തിന്റെ ജമാഅത്തിനോട് അക്രമം പ്രവർത്തിച്ചുകൊണ്ട് മുസ്‌ലിംങ്ങൾ സ്വയം എളുപ്പത്തിന്റെയും സമാധാനത്തിന്റെയും സുന്ദര കാലഘട്ടം വരുന്നതിനെ നീട്ടിക്കൊണ്ടിരിക്കുകയാണെന്നതിനേക്കാളും ദു:ഖകരമായ വസ്തുത മറ്റെന്താണുള്ളത്. അഹ്മദികളെ പ്രയാസത്തിൽ അകപ്പെടുത്തി വിജയിക്കും എന്നാണ്. എന്നാൽ അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഓരോ പ്രയാസത്തിനുശേഷവും വിജയത്തിന്റെ നൂനത കവാടങ്ങൾ അഹ്മദികൾക്ക് തുറന്നുകൊടുത്തുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യത്തിനെ നശിപ്പിക്കാനായി എതിരാളികൾ അഴിച്ചുവിടുന്ന ഓരോ അക്രമത്തിനും ക്രൂരതക്കും ശേഷം അഹ്മദിയ്യത്ത് വിജയത്തിന്റെ ഓരോ പടിയും ചവുട്ടി മുന്നേറുകയാണ് ചെയ്യുന്നത്. എതിരാളികളോടുള്ള തന്റെ അനിഷ്ടം ഏതെങ്കിലും രീതിയിൽ അല്ലാഹു അവരോട് പ്രകടമാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഈ കാര്യം ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലല്ലോ എന്നതാണ് ദു:ഖകരമായ വസ്തുത. മതത്തിന്റെ മൂടുപടമണിഞ്ഞ നാമമാത്ര മുല്ലാക്കളുടെ കയ്യിലെ കളിപ്പാവകളായി പൊതുജനം മാറിക്കൊണ്ടിരിക്കുകയാണ്. ആരും സ്വന്തം ബുദ്ധി ഉപയോഗിക്കാൻ തയ്യാറാകുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹുതആല നമ്മുടെ എതിരാളികളായ ഉലമാക്കളിൽ കരുണ ചൊരിയട്ടെ. അവർ ഇപ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ദീനിന് നന്നല്ല. അത് വളരെ അപകടകരമാണ്. മിമ്പറുകളിൽ കയറിക്കൊണ്ട് ഇക്കാലത്ത് ഇസ്‌ലാമിന് ഏറ്റവും കൂടുതൽ ക്ഷതം പറ്റിയിരിക്കുന്നുവെന്ന് പറഞ്ഞ് 13-ാം നൂറ്റാണ്ടിനെ അപലപിച്ചിരുന്ന കാലം ഇവർ മറന്നുപോയോ? മാത്രമല്ല കഷ്ടതകൾ നിറഞ്ഞ ഈ നൂറ്റാണ്ടിന് ശേഷം എളുപ്പത്തിന്റെ പതിനാലാം നൂറ്റാണ്ട് പ്രത്യക്ഷപ്പെടുമെന്നും അവർ പറയാറുണ്ടായിരുന്നു. കാത്തിരിപ്പിന്നൊടുവിൽ 14-ാം നൂറ്റാണ്ട് പ്രത്യക്ഷപ്പെടുകയും പതി നാലാം നൂറ്റാണ്ടിന്റെ തലക്കൽ ഒരു വ്യക്തി വാഗ്ദത്ത മസീഹാണെന്ന് വാദിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുകയും അടയാളങ്ങൾ പ്രകടമാക്കുകയും ആകാശഭൂമികൾ അദ്ദേഹത്തിന്റെ സത്യത്തിന് സാക്ഷ്യം നൽകുകയും ചെയ്തപ്പോൾ ഈ ഉലമാവർഗ്ഗം തന്നെ പ്രഥമ നിഷേധികളായി മാറി.

ഉലമാവർഗ്ഗത്തിന്റെ ശൈലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലം മുതൽ ഇപ്പോൾ വരെ ഒന്നു തന്നെയാണ്. ഇപ്പോൾ അവർ പറയാൻ തുടങ്ങിയത് ഒരു വാഗ്ദത്ത മസീഹിന്റെയും ആവശ്യം തന്നെയില്ല എന്നാണ്. മുസ്‌ലിം ലോകത്തിന് വഴികാട്ടാൻ ഞങ്ങൾ തന്നെ മതി എന്നുമാണ് അവർ വാദിക്കുന്നത്. ഭൗതികമായി ഇങ്ങനെ പലരും പലതും പറയും. എന്നാൽ ദൈവികമായ ഒരംശവും അവരിൽ ഇല്ലെന്ന് അവരുടെ പ്രവർത്തനം സാക്ഷ്യം വഹിക്കുന്നു. കഴിഞ്ഞ ദിവസം ഒരു വാർത്ത എന്റെ മുമ്പിൽ വന്നു. പ്രതിരോധമന്ത്രിയും ഡോക്ടറേറ്റുമുള്ള പാക്കിസ്ഥാനിലെ ഒരംഗം, അദ്ദേഹം ഇസ്‌ലാമിക കാര്യങ്ങളുടെ ഒരു കൗൺസിലിന്റെ അംഗം കൂടിയാണ് അദ്ദേഹത്തിന്റെ ഒരു പ്രസ്താവന ഇപ്രകാരമായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ഒബാമ, ഗ്രൗണ്ട് സീറോയിൽ രണ്ട് റക്അത്ത് ഈദ് നമസ്ക്കാരം മുസ്‌ലിംകളോടൊപ്പം അനുഷ്ഠിച്ചാൽ മുസ്‌ലിം സമൂഹം അദ്ദേഹത്തെ ഖലീഫത്തുൽ മുസ്‌ലിമീനായും അമീറുൽ മുഅ്മിനീനായും അംഗീകരിക്കുമത്രെ. അവരുടെ മതപരമായ കാഴ്ചപ്പാടാണിത്. ഇങ്ങനെയുള്ളവർക്ക് ഇതേ പോലുള്ള അമീർ തന്നെ വേണം.

ഇവർ വാഗ്ദത്ത് മസീഹിനെ അംഗീകരിക്കാത്തതു കാരണം ചിന്താഗതികളെല്ലാം ഭൗതികമായി മാറിയിരിക്കുന്നു. ഇപ്പോഴുള്ള അന്ധകാരത്തിന്റെ അവസ്ഥ എന്തുമാത്രം ഗഹനമാണെന്ന് ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം. എന്നിട്ടും പറയുന്നത് തങ്ങൾക്ക് ഒരു മസീഹിന്റേയും മഹ്ദിയുടേയും ആവശ്യമില്ലാ എന്നാണ്. അല്ലാഹു തന്നെ ഇവരോട് കരുണ ചെയ്യട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. ഇസ്‌ലാം വലിയ പ്രയാസകരമായ ദിനങ്ങൾ കഴിച്ചു കൂട്ടിയിട്ടുണ്ട്. ഇതിന്റെ ഹേമന്തകാലം കഴിഞ്ഞിരിക്കുന്നു. വസന്തകാലം ഇതാ സമാഗതമായിരിക്കുന്നു. വസന്തകാലം ഇതാ സമാഗതമായിരിക്കുന്നു. പ്രയാസത്തിനു ശേഷം സമാധാനാവസ്ഥ വരുന്നതാണ്.

■

രുന്നു. അത് വരികയും ചെയ്തു. മാത്രമല്ല തിരുനബി(സ)തന്റെ ഉമ്മത്തിൽ അന്ധകാര കാലഘട്ടം വരുമെന്ന് പ്രവചനം ചെയ്യുകയും ചെയ്തതാണ്. അക്കാലത്ത് മുമ്പേ മുസ്‌ലിംകൾക്ക് കരസ്ഥമായിരുന്ന സ്ഥാനമാനങ്ങളൊ ആദരവുകളൊ ഉണ്ടാകുകയില്ല. ഈ പ്രവചനവും വളരെ വ്യക്തമായി പുലർന്നതായി നാം കാണുന്നു. ഇന്നും ഇസ്‌ലാമിക ഭരണ കൂടങ്ങൾ നിലവിലുണ്ട്. എന്നാൽ അവരുടേതായ വ്യക്തിത്വം ഇല്ലാതായിരിക്കുന്നു. ഇന്ന് മറ്റു സമൂഹങ്ങളെ ആശ്രയിച്ചാണ് ഇവർ കഴിയുന്നത്. മുസ്‌ലിംകളുടേതെല്ലാം മറ്റുള്ളവരുടെ കൈകളിലമർന്നിരിക്കുന്നു. എണ്ണ ഖനനമാണെങ്കിലും സമ്പത്ത് ചെലവഴിക്കണമെങ്കിലും മറ്റുള്ളവരുടെ അനുവാദം ആവശ്യമാണ് . ഭൗതികമായ ഇപ്പോഴത്തെ ചിത്രമാണിത്. ഇനി മതരംഗത്തിന്റെ അവസ്ഥയോ നാമധാരികളായ ഉലമാവർഗ്ഗം ദീനിൽ ബിദ്അത്തുകൾ കടത്തിക്കൂട്ടി മതത്തെ ആകെ കുട്ടിച്ചോറാക്കിയിരിക്കുന്നു. മുഹമ്മദ് നബി(സ) സമർപ്പിച്ച ഇസ്‌ലാം ഇന്നില്ലാതായിരിക്കുന്നു. ഉലമാവർഗ്ഗം സമർപ്പിക്കുന്ന ഇസ്‌ലാമും നബി കൊണ്ടുവന്ന ഇസ്‌ലാമും തമ്മിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അന്തരമുണ്ട്. ഈമാനിക ആവേശം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പ്രവർത്തനം എത്രയോ അകലെയാണ്. ജിഹാദിനെക്കുറിച്ച് തെറ്റായ വ്യാഖ്യാനം നൽകിക്കൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ടൊ! അവരുടെ വ്യാഖ്യാനത്തിന് ജിഹാദ് നടത്താൻവേണ്ട ആയുധത്തിന് അന്യരെ ആശ്രയിക്കുകയും ചെയ്യുന്നു. ഇക്കാര്യം വിശദീകരിച്ചു കൊണ്ട് ഒരിക്കൽ മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുകയുണ്ടായി.

ഇക്കാലത്ത് അല്ലാഹു മുസ്‌ലിംകൾക്ക് ആയുധമെടുത്ത് യുദ്ധം ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ടായിരുന്നുവെങ്കിൽ യുദ്ധസാമഗ്രികൾക്കായി അന്യസമുദായങ്ങളെ ആശ്രയിക്കേണ്ട ഗതികേട് മുസ്‌ലിംകൾക്ക് ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് ദീനിന്റെ പേരും പറഞ്ഞ് ഇന്ന് വല്ലവരും ആയുധമെടുക്കുകയാണെങ്കിൽ തീർച്ചയായും നിന്ദ്യരായിത്തീരുന്നതായിരിക്കും.

ഇക്കാലത്ത് അന്യരും മതത്തിന്റെ പേരിൽ ആയുധമെടുക്കുന്നില്ല. എന്നാൽ ഇന്ന് ഇസ്‌ലാമിന്റെ പേരും പറഞ്ഞ് ജിഹാദിന്റെ പേരിൽ അക്രമങ്ങളുടെ ഒരു ശൃംഖലതന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുക്കയാണ്. ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. പ്രതിരോധയുദ്ധത്തിനു പോലും അത് അനുവാദം നൽകാനുള്ള കാരണം, നിഷേധികളുടെ കൈകൾ അക്രമത്തിൽ നിന്ന് തടയുന്നില്ലെങ്കിൽ ക്രൈസ്തവ ദേവാലയമോ, യഹൂദ ദേവാലയമോ മറ്റാരാധനാലയങ്ങളോ മുസ്‌ലിം മസ്ജിദുകളോ സുരക്ഷിതമായിരിക്കില്ല എന്നതുകൊണ്ടാണ്. എന്നാൽ ഇന്നുള്ള ജിഹാദീഗ്രൂപ്പുകൾ ദൈവനാമത്തിൽ ആരാധനാലയങ്ങളിൽ അക്രമത്തിന്റെ ശൃംഖല അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ് ഇതതെന്തുമാത്രം വിരോധാഭാസമാണ്. കലിമ ചൊല്ലുന്നവരെ യാതൊരു വിവേചനവും കൂടാതെ കൊന്നൊടുക്കുന്നു. യുദ്ധം നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ പോലും ഒരു വൃദ്ധനേയൊ സ്ത്രീയേയൊ കുട്ടിയേയോ തങ്ങളുടെ ആരാധനലയങ്ങളിൽ കഴിച്ചുകൂട്ടുന്ന പുരോഹിതനേയോ യഹൂദ പണ്ഡിതനേയോ കൊല്ലരുതെന്ന് തിരുനബി നിഷ്കർഷിച്ചിട്ടുള്ളതാണ്. സമൂഹത്തിന്റെ പൊതുസ്വത്തായ മരങ്ങൾ മറ്റു വസ്തുക്കൾ എന്നിവ നശിപ്പിക്കരുതെന്നും പറഞ്ഞിരുന്നു. എന്നാൽ ഇന്നത്തെ ജിഹാദീ പാർട്ടികൾ സ്വന്തം സമുദായത്തിലെതന്നെ ആളുകളേയും കലിമ ചെല്ലുന്നവരെയും മൃഗീയമായി നിഷ്ക്കരുണം കൊന്നൊടുക്കുന്നു. അവരോട് അതിനീചമായ രീതിയിൽ പ്രവർത്തിക്കുന്നു. ആ വാർത്തകേൾക്കുമ്പോൾ മനുഷ്യൻ തരിച്ചുനിന്നു പോകുന്നു. ഇതെല്ലാം ചെയ്യുന്നതോ, അല്ലാഹുവിന്റെയും അവന്റെ പ്രവാചകൻ(സ)യുടെയും പേരിലും! ഇക്കൂട്ടർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കോപത്തിനിരയായി അവന്റെ പിടിത്തത്തിൽ തീർച്ചയായും വരുന്നതാണ്. അവർ വന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. തീവ്രവാദിസംഘടനകൾ മാത്രമല്ല. കാരണം അവരെക്കുറിച്ച് എല്ലാ സ്ഥലങ്ങളിലും അപലപ്പിക്കപ്പെടുന്നുണ്ട് - അഹ്മദികൾക്കെതിരായി നടക്കുന്ന അക്രമപ്രവർത്തനങ്ങൾക്ക് എതിരാളികളായ പണ്ഡിതരും അനുവാദം നൽകുന്നു. ഉലമാക്കൾ മാത്രമല്ല ചില ഭരണകൂടങ്ങൾ പോലും ഈ അക്രമത്തിന് കൂട്ടുനിൽക്കുന്നുണ്ട്. അക്രമികളെ പിന്നിൽനിന്നും സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഞാൻ നേരത്തെ പറഞ്ഞതുപോലെ മക്കാകാലഘട്ടം പ്രയാസങ്ങളുടെ കാലമായിരുന്നു. അതിനുശേഷം യുസ്റിന്റെ (ആശ്വാസത്തിന്റെ) കാലം വന്നു. പിന്നീട് ഈ യുസ്ർ മാറി ഉസ്റിന്റെ, (കഷ്ടതയുടെ)കാലം വന്നു. അതിനുശേഷം വീണ്ടും യുസ്റിന്റെ കാലം വരുന്നതാണെന്ന് അല്ലാഹു പ്രവചനം നടത്തിയിട്ടുണ്ട്. ഈ എളുപ്പത്തിന്റെ കാലം വാഗ്ദത്ത മസീഹിന്റെ കാലത്തിനുശേഷമാണ് തുടങ്ങേണ്ടത്. ആ കാലം തുടങ്ങിക്കഴിഞ്ഞു. എന്നാൽ വാഗ്ദത്ത മസീഹി(അ)

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
ഖലീഫത്തുൽ മസീഹ് V

# അഹ്മദിയ്യത്തിന്റെ വസന്തകാലം വന്നണയുക തന്നെ ചെയ്യും

## 11-9-2010ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവ്വഹിച്ച ഖുത്ബയിൽ നിന്ന്

**നിശ്ചയമായും ഓരോ പ്രയാസത്തിനുശേഷവും ആശ്വാസം ലഭിക്കുന്നതാണ്. തീർച്ചയായും ഓരോ പ്രയാസത്തിനുശേഷവും വലിയ ആശ്വാസം ലഭിക്കുന്നാതാണ്. (94:6,7)**

ഞാൻ ഓതിക്കേൾപ്പിച്ച ഈ ആയത്തുകൾ സൂറ ഇൻശിറാഹിൽ ഉള്ളതാണ്. പലർക്കും ഇത് മന:പാഠമായിരിക്കും. മക്കയിലാണ് ഈ സൂറത്ത് അവതരിച്ചത്. നബി(സ) 13 വർഷക്കാലം മക്കയിൽ അനുഭവിച്ച കഷ്ടതകളും എതിർപ്പുകളും പ്രകോപനങ്ങളും ഏൽക്കേണ്ടിവന്ന അതിക്രൂരമായ മർദ്ദനങ്ങളും കണ്ടുകൊണ്ട് എപ്പോഴും തിരുദൂതർ സഹനം കൈക്കൊള്ളാനാണ് ഉപദേശിച്ചത്. അവർക്കായി ആ മഹാത്മാവ് പ്രാർത്ഥനാനിരതനായിരുന്നു. ഇങ്ങനെയുള്ള അതിക്രൂരമായ മർദ്ദനങ്ങൾക്കിരയായ ഹദ്റത്ത് യാസിറിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും അടുത്തുകൂടെ ഒരിക്കൽ തിരുനബി(സ) കടന്നുപോയി. അവരെ ആ സമയത്ത് ശത്രുക്കൾ മർദ്ദിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ക്രൂരകൃത്യം കണ്ട തിരുനബി (സ) പറഞ്ഞു. '**സബ്റൻ ആല യാസിർ, ഫഇന്ന മൗഇദുക്കുമുൽ ജന്നത്ത.** 'യാസറിന്റെ കുടുംബമേ, ക്ഷമ ഒരിക്കലും കൈവിടരുത്. ഇങ്ങനെയുള്ള പ്രയാസങ്ങൾ സഹിക്കുന്നതിന് പകരമായി അല്ലാഹു നിങ്ങൾക്ക് സ്വർഗം ഒരുക്കിവെച്ചിരിക്കുന്നു'. ഈ ക്രൂരമർദ്ദനം കാരണം ആ ഭാര്യയും ഭർത്താവും ശഹീദാവുകയും ചെയ്തു. നോക്കു! ഇവിടെ ഈ മർദ്ദനങ്ങളുടെ പര്യവസാനം മരണമല്ലാതെ മറ്റൊന്നും തന്നെയായിരുന്നില്ല. നബി(സ) എന്നിട്ടും സഹനം കൈക്കൊള്ളാൻ ഉപദേശിച്ചുകൊണ്ടിരുന്നു. അതൊടൊപ്പം പ്രയാസങ്ങൾക്ക് ശേഷം മഹത്തായ വിജയം ലഭിക്കുമെന്ന സുവാർത്ത യും നൽകിക്കൊണ്ടിരുന്നു.

ഈ പീഢനങ്ങൾ പ്രയാസങ്ങൾ നിറഞ്ഞതു തന്നെയാണ്. ജീവൻ ബലിയർപ്പിക്കുക എന്നത് തികച്ചും വേദനാജനകം തന്നെ. ഭയാനകമായ ഒരന്തരീക്ഷം തന്നെയാണിത്. എന്നാൽ ഇതിനുശേഷം വിജയങ്ങളുടെ ഒരു ശൃംഖല സംജാതമാവുന്നു. ഈ പീഢനകാലത്തിനുശേഷം ബലഹീനരും പാവങ്ങളുമായ ഈ മർദ്ദിതസമൂഹം അറബ് ലോകത്തെ അടക്കിഭരിച്ച കാഴ്ച്ച ലോകം പിന്നീട് കണ്ടതാണ്. മാത്രമല്ല, അവർ അറേബ്യയിൽ നിന്ന് പുറത്ത് കടന്ന് വലിയവലിയ ഭരണകൂടങ്ങളെ തിരുദൂതരുടെ തൃപ്പാദങ്ങളിൽ കൊണ്ടുവരികയും ചെയ്തു. നൂറ്റാണ്ടുകളോളം മുസ് ലിംകൾ ഒരു ശക്തിയായി ലോകത്ത് നിലകൊള്ളുകയും ചെയ്തു. ഇന്ന് മുസ്ലിംകൾ തിരുദൂതരുടെ ഉമ്മത്താണെന്നതിൽ അഭിമാനം കൊള്ളുന്നവരാണ്. തീർച്ചയായും അവർക്കതിൽ അഭിമാനിക്കാം. അവസാനകാലത്തെ പ്രവാചകനും ഖാത്തമുൽ അമ്പിയായുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫയുടെ ദാസരിൽ ഉൾപ്പെട്ടവരാണെന്നതിനേക്കാളും അഭിമാനകരമായ മറ്റൊരു ബഹുമതിയും ഇന്ന് ലോകത്ത് നമുക്ക് ലഭിക്കാനില്ല.

എന്നാൽ വിശുദ്ധ ഖുർആനിലെ മുകളിൽ പാരായണം ചെയ്ത വചനം പറയുന്നതുപോലെ പ്രയാസങ്ങളുടെയും കഷ്ടതകളുടെയും കാലം ഇസ്ലാമിൽ വരേണ്ടതായി

ഹദ്റത്ത് അഹ്മദ് (അ)

# തിരുനബി(സ): ഘോരാന്ധ കാരത്തിലെ ദിവ്യവെളിച്ചം

വിശുദ്ധനബി തിരുമേനി (സ) അവതരിച്ചത് ബഹുദൈവവിശ്വാസവും അജ്ഞാനാന്ധതയും സൃഷ്ടിപൂജയും ലോകമെങ്ങും പ്രബലപ്പെടുകയും ജനങ്ങളെല്ലാം സത്യധർമ്മത്തെ കൈവെടിയുകയും സകലജാതികളും നേർവഴിയെ വിസ്മരിച്ചു അവരവരുടെ ദുഷിച്ച പദ്ധതികളെ തുടരുകയും ചെയ്തുപോന്ന ഒരു കാലഘട്ടത്തിലായിരുന്നു എന്നു വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലായി പ്രസ്താവിക്കുന്നതിനുപുറമെ, ഈ വസ്തുതയെ ചരിത്രം വ്യക്തമായി സാക്ഷിക്കുകയും ചെയ്യുന്നു. അന്നു അറേബ്യയിൽ വിഗ്രഹാരാധന പ്രബലതരമായിരുന്നു. പേർഷ്യയിൽ അഗ്നിപൂജ ഊർജ്ജിതമായി നടത്തപ്പെട്ടിരുന്നു. ഇന്ത്യയിലാകട്ടെ ബിംബാരാധനയ്ക്കുപുറമെ നാനാതരത്തിലുള്ള സൃഷ്ടിപൂജയും സ്ഥലം പിടിച്ചിരുന്നു. ഈ കാലത്തുതന്നെയായിരുന്നു അനവധി മനുഷ്യാത്മാക്കളെ ദൈവങ്ങളായി സങ്കൽപിക്കുകയും 'അവതാരാരാധന'യുടെ അടിസ്ഥാനമിടുകയും ചെയ്ത ഹൈന്ദവപുരാണ'ങ്ങളും ഗ്രന്ഥങ്ങളും രചിക്കപ്പെടുകയുണ്ടായത്. പാദ്രി റോബർട്ടും മറ്റു പല ആംഗ്ലേയ പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളപ്രകാരം അന്ന് ക്രിസ്തുമതം സർവ്വമതങ്ങളിലും വെച്ച് അത്യന്തം ദുഷിച്ചുപോവുകയും ക്രിസ്തീയ പുരോഹിതന്മാരുടെ സദാചാരഭ്രംശവും ഭക്തിശൂന്യതയും ക്രിസ്തുമതത്തിന് എത്രയും കളങ്കകരമായിത്തീരുകയും ചെയ്തിരുന്നു. ക്രിസ്തീയവിശ്വാസപ്രകാരം ഒന്നോ രണ്ടോ അല്ല, ഒട്ടധികം പേർ ദൈവപദത്തെ കരസ്ഥമാക്കീട്ടുണ്ടായിരുന്നു. ഇങ്ങനെ, കാലത്തിന്റെ സ്ഥിതിതന്നെ മതപരിഷ്കർത്താവും ആത്മീയോദ്ധാരകനുമായ ഒരു മഹാത്മാവിന്റെ ആവശ്യകതയെ തെളിയിക്കുമാറ് സാർവ്വജനീനമായ ഒരു ആത്മീയാന്ധതയും സദാചാരവിരക്തിയും നടമാടിയിരുന്ന ഒരു കാലത്തു തിരുനബി (സ) ആവിർഭവിക്കുകയും, വലിയൊരു ജനസമൂഹത്തെ ആകമാനം ഏകദൈവവിശ്വാസികളും സദാചാരനിരതരുമാക്കിത്തീർക്കുകയും, സർവ്വ ദോഷങ്ങളുടെയും മൂലമായ വിഗ്രഹാരാധനയേയും സൃഷ്ടിപൂജയേയും വേരോടെ പറിച്ചെറിയുകയും ചെയ്തത് ആ പുണ്യാത്മാവ് ദൈവത്തിന്റെ ഒരു സത്യപ്രവാചകനും പ്രവാചകന്മാരിലെല്ലാം ശ്രേഷ്ഠനുമാണെന്നതിലേക്ക് വ്യക്തമായ സാക്ഷ്യമാകുന്നു. സർവ്വത്ര ആത്മീയാധഃപതനം സംഭവിച്ചിരുന്ന ആ കാലത്തു ഒരു യഥാർത്ഥ മാർഗ്ഗദർശകന്റെ ആവിർഭാവം അത്യാന്താപേക്ഷിതമായിത്തീരുകയും ദൈവത്തിന്റെ അലംഘനീയമായ നിയമം ഒരു സത്യമതോദ്ധാരകന്റെ ആവശ്യകതയെ വെളിപ്പെടുത്തുകയും ചെയ്തിരുന്നുവെന്നതുകൊണ്ടുതന്നെ ആ പ്രവാചകവര്യന്റെ ദൗത്യം സത്യമാണെന്ന് നല്ലപോലെ തെളിയുന്നുണ്ട്. എന്നാൽ, ലോകത്ത് ഏതെങ്കിലും തരത്തിലുള്ള ആപത്തോ നാശമോ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ അതിന്റെ നിവാരണത്തിനായിട്ട് ദൈവത്തിന്റെ കാരുണ്യാതിരേകം പ്രവൃത്തിയിൽ വരുന്നുവെന്നുള്ളത് പണ്ടേക്കുപണ്ടേയുള്ള ഒരു ദിവ്യചട്ടമാകുന്നു. ഉദാഹരണമായി, നീർപഞ്ചം നിമിത്തം ഭയങ്കരമായ വറതിയുണ്ടാകുകയും സൃഷ്ടിജാലം നശിക്കാറാകുകയും ചെയ്യുമ്പോൾ ദൈവം മഴപെയ്യാറാക്കുന്നു. പകർച്ചവ്യാധി നിമിത്തം ലക്ഷക്കണക്കിൽ ജനങ്ങൾ ഒടുങ്ങിത്തുടങ്ങുമ്പോൾ അതിന്റെ ഉപശാന്തിക്കായി വായുമണ്ഡലത്തിൽതന്നെ ഒരു മാറ്റം ഉണ്ടായിവരുകയോ ഏതെങ്കിലും ദിവ്യൗഷധം വെളിപ്പെടുകയോ ചെയ്യുന്നു.

*'ബറാഹീനെ അഹ്മദിയ്യ'യിൽ നിന്ന്*

■

**മുഖക്കുറിപ്പ്**

# ആരാധനാലയങ്ങളും സമൂഹവും

**മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള ആക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പ ള്ളികളും മസ്ജിദുകളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാ ളമായി അനുസ്മരിക്കപ്പെടുന്നു. (വിശുദ്ധ ഖുർആൻ 22:41)**

അദൃശ്യവും അലൗകികവുമായ ലോകത്തുനിന്നുമുള്ള സനാതനമായ ആത്മീയസന്ദേശങ്ങൾ ഭൂമിയിൽ പ്രേഷണം ചെയ്യുന്ന പാവനസ്ഥാപനങ്ങളാണ് ആരാധനാലയങ്ങൾ. ഇഹപരലോകങ്ങളുടെ മധ്യേ വാസ്തുരൂപം പൂണ്ടുനില്ക്കുന്ന വിശുദ്ധ പ്രാകാരങ്ങളാണവ. ജീവിതത്തിന്റെ പരം പൊരുളിനെ സ്പർശിക്കുന്ന നിലയങ്ങളിൽ നിന്നുള്ള ആത്മീയ നൈതികവും ധാർമ്മികവുമായ തരംഗങ്ങളാണ് മനുഷ്യജീവിതത്തിന് വർണ്ണവും വദനവും നൽകി സമൂഹങ്ങളെ കരുപ്പിടിപ്പിക്കുന്നത്. അവരെ ദൈവോന്മുഖരാക്കി മാറ്റുന്നതും. ക്ഷേത്രങ്ങൾ ചർച്ചുകൾ സിനഗോഗുകൾ മസ്ജിദുകൾ ഭൂമിയിൽ ദൈവത്തിന്റെ സ്തോത്രങ്ങൾ ഉയരുന്നഈ വിശുദ്ധ മന്ദിരങ്ങൾ മനുഷ്യരിൽ ദൈവസ്മരണയുളവാക്കുകയും വിശ്വാസികളെ വികാരതരളിതരും ഭക്താവേശിതരുമാക്കുന്നു. അതുകൊണ്ട് ആരാധനാലയങ്ങൾ ഒരിക്കലും അവമതിക്കപ്പെടാനോ തകർക്കപ്പെടാനോ പാടില്ല. ആരാധനാലയങ്ങളുടെ സംരക്ഷണത്തിൽ മേൽവിവരിച്ച വചനങ്ങളിലൂടെ വിശുദ്ധ ഖുർആൻ വമ്പിച്ച പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. ഏത് മതസ്ഥരുടെ ആരാധനാലയമായിരുന്നാലും ശരി അതിന്റെ സംരക്ഷണവും പ്രതിരോധവും ഓരോ പൗരന്റേയും സ്വയം സംരക്ഷണവും പ്രതിരോധവും പോലെ സമൂഹത്തിന് ഉത്തരവാദപ്പെട്ട ചുമതലയാണ്. ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് മുമ്പ് അന്യമതസ്ഥരുടെ ആരാധനാലയങ്ങളുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് അതിന്റെ സംരക്ഷണത്തെ പറ്റി വിശ്വാസികളിൽ ബോധവത്ക്കരണം നടത്തിയ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ എത്ര സഹിഷ്ണുതാപരവും ഉദാത്തവുമാണ്. ആധുനികലോകത്തെ എല്ലാ പരിഷ്കൃത ജനാധിപത്യ സമൂഹങ്ങളും അവരുടെ രാജ്യത്തെ ഭൂരിപക്ഷത്തിന്റേയും ന്യൂനപക്ഷത്തിന്റേയും ആരാധനാലയങ്ങളോടുള്ള സംരക്ഷണ നിയമങ്ങളിൽ ഈയൊരു പുരാതന തത്വത്തിന്റെ പ്രതിഫലനം കാണാം.

ആത്മീയാസ്തിത്വമുള്ള മനുഷ്യജീവിതത്തിന് സന്മാർഗ്ഗദർശനത്തിനും ആത്മശാന്തിക്കുമായിട്ടാണ് ദൈവം മതപ്രവാചകന്മാരിലൂടെ മതങ്ങൾ സമ്മാനിച്ചത്. മുഹമ്മദ് നബി(സ)പോലെ ശ്രീകൃഷ്ണനും, ശ്രീരാമനും, ശ്രീബുദ്ധനും, ശ്രീയേശുവുമെല്ലാം ആ ദിവ്യദൗത്യത്തിന്റെ ദൂതുമായെത്തിയ പുണ്യാത്മാക്കളാണ്. മനുഷ്യസംസ്കൃതി അവരെ ഇരുകൈകളും നീട്ടി സ്വീകരിച്ചു. അത്യാദരത്താൽ അവരിൽ പലരും ദൈവളായും ദൈവാവതരങ്ങളുമായി മാറി. ആ മതപുരുഷന്മാരുടെ ആത്മീയസന്ദേശത്തിന്റെ പ്രതീകങ്ങളും പാവനചിഹ്നങ്ങളുമാണ് ആരാധനാലയങ്ങൾ. നിർഭാഗ്യകരമെന്ന് പറയട്ടെ ആധുനിക കാലത്ത് അസ്വസ്ഥതകളും സംഘർഷങ്ങളും ഉറവെടുക്കുന്നത് ആരാധനാലയങ്ങളിൽ നിന്നാണ്. രാഷ്ട്രീയ അധികാരത്തിന്റെ അടങ്ങാത്ത അഭിനിവേശവുമായി ആരാധനാലയങ്ങളിൽ ചേക്കേറിയ ദുർഭൂതങ്ങളാണ് അവിടെ പോവുന്ന വിശ്വാസികളെ പലപ്പോഴും ആവേശിക്കുന്നത്. അവിടെ നിന്നും അന്യരുടെ ആരാധനാലയങ്ങൾ തകർക്കാനും മതഗ്രന്ഥങ്ങൾ ചുട്ടെരിക്കാനും, ജിഹാദിന്നായി ആയുധമെടുക്കാനും ആഹ്വാനമുയരുന്നു. മാലാഖമാരുടെ സന്നിധാനങ്ങളാവേണ്ട ആരാധനാലയങ്ങൾ അശാന്തി വിതക്കുന്ന പൈശാചിക ശക്തികളുടെ കേന്ദ്രമായി മാറുന്നു. എല്ലാ മതങ്ങളിലും ആരാധനാലയങ്ങളെ ചുറ്റിപറ്റി ഈ പ്രവണത കാണാം. ഓരോ മതങ്ങളുടേയും ആരാധനാലയങ്ങൾ അതാത് മതസ്ഥർ വിശുദ്ധങ്ങളാണെന്ന് കരുതുന്നതുപോലെ അന്യമതസ്ഥരുടേയും ആരാധനലയങ്ങളും വിശുദ്ധങ്ങളാണെന്ന് ഓരോ മതസ്ഥരും മനസ്സിലാക്കണം.

സമൂഹത്തിൽ ശാന്തിയുടെ ഒരിക്കലും നിലക്കാത്ത സ്രോതസ്സായി തീരേണ്ട ആരാധനാലയങ്ങൾ അസ്തിവാരം മുതൽ പരിശുദ്ധമായിരിക്കണമെന്നത് ഖുർആന്റെ കർശനമായ നിർദ്ദേശമാണ്. ഇസ്ലാമിനെ സ്നേഹിച്ച

*(ശേഷം 13-ൽ)*

## ഖുർആനിൽ നിന്ന്

വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. (വിശുദ്ധ ഖുർആൻ 5:9)

## നബിവചനം

ആരാണോ നീതിനിർവ്വഹിക്കുന്നത് അവനെ ദൈവത്തിനരികെ വെളിച്ചത്തിൽ ഇരുത്തുന്നതായിരിക്കും.

**(മുസ്‌ലിം)**

**യുഗശബ്ദം**



# ഹിന്ദു മുസ്‌ലിം ഹൃദയങ്ങളെ കൂട്ടിയിണക്കുക

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

*'അല്ലയോ മുസ്‌ലിംകളേ... നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യസമൂഹമായി കരുതിപ്പോരുന്നു. ഇതേകാരണത്താൽതന്നെ നിങ്ങൾ അവരെയും ഒരു വ്യത്യസ്ത സമൂഹമായി വിചാരിച്ചുവരുന്നു. ഈ വിപരീത ഭാവത്തിനു ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലികമൈത്രി ഉണ്ടാക്കിയെന്നുവരാം. എന്നാൽ യഥാർത്ഥമൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിത്തീരുന്നതു നിങ്ങൾ വേദത്തെയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊൾകയും അപ്രകാരം തന്നെ ഹിന്ദുക്കൾ തങ്ങളുടെ ഹൃസ്വമനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബിനായകർ മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കും ഇടയിൽ യഥാർത്ഥമായ ഐക്യവും സൗഹാർദ്ദവും ഉണ്ടായിത്തീരുന്നതിനുള്ള ഏകപദ്ധതിയെന്നും ഇതുതന്നെയാണ് ഹൃദയരോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേ ഒരു ദ്രാവകമെന്നും ധരിക്കുവിൻ! വേർപിരിഞ്ഞുകിടക്കുന്ന ഈ രണ്ടു സമുദായങ്ങളും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ, ഏതൊന്നിനായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിനായിട്ടു അവൻ ഇവരുടെ ഹൃദയങ്ങളെയും തുറന്നുകൊടുക്കുന്നതാണ്. (മൈത്രീ സന്ദേശം പേ: 32:33)*

2010 ഒക്ടോബർ
ഹി.ശ 1389 - ഇഖാ
1431 ശവ്വാൽ - ദുൽഖഅദ്
പുസ്തകം 82 ലക്കം 10
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 യുഗശബ്ദം

5 മുഖക്കുറിപ്പ് - ആരാധനാലയങ്ങളും സമൂഹവും

6 തിരുനബി(സ): ഘോരാന്ധകാരത്തിലെ ദിവ്യവെളിച്ചം
ഹദ്‌റത്ത് അഹ്മദ് (അ)

ഖുത്വ്ബ

7 അഹ് മദിയ്യത്തിന്റെ വസന്തകാലം വന്നണയുക തന്നെ ചെയ്യും
ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ്

ലേഖനം

10 വിശുദ്ധ ഖുർആൻ ഒരു താരതമ്യപഠനം
മഹ്മൂദ്, കൽക്കുളം

14 മനുഷ്യൻ - തേനീച്ചക്കും എട്ടുകാലിക്കുമിടയിൽ
ജലാലുദ്ദീൻ കല്‌പേനി

18 മതനിന്ദ: റസൂൽ തിരുമേനി(സ) യുടെ പ്രതികരണം
എം. നദീം അഹ്മദ് സിദ്ധീഖ്

21 പാകിസ്താൻ ഭരണഘടനയുടെ നീതിനിഷേധങ്ങൾ?
എം.എസ്.

26 ആകാശത്തിന്റെ വലുപ്പം
എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി

29 മതം വിട്ടുപോകുന്നവനെ വധിക്കുമെന്ന് മൗദൂദി
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

31 'ഖുർആൻ കത്തിക്കൽ' ബൈബിൾ അദ്ധ്യാപനമോ?
തഹിദാ സയ്യിദ്

കുറിപ്പുകൾ

33 ബാബരി മസ്ജിദും കോടതിവിധിയും

36 രോഗശമിനി രോഗകാരിയാവുന്നു

38 വാർത്തകൾ

42 അനുസ്മരണം

ചീഫ് എഡിറ്റർ : മുഹമ്മദ് ഇസ്മായിൽ Mob: 9446656123
എഡിറ്റർ : ഏ. എം. മുഹമ്മദ് സലിം Mob: 8907182933, 9895263384, E-mail: salimqld@yahoo.in
മാനേജർ : അഹ്മദ് ഹസ്സൻ Mob: 9446482108

അസി. മാനേജർ
കെ.എം. അഹ്മദ് കോയ

സർക്കുലേഷൻ മാനേജർ
എസ്. മുഹമ്മദ് സലിം

എഡിറ്റോറിയൽ ബോർഡ്
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut